VYAVASAYA KERALAM
June 2017

# വ്യവസായ കേരളം

Volume 50 Issue 1



## ആവേശത്തിളക്കത്തിൽ

# കൈത്തറി



betah
QUALITY PLASTICS

**Betah Plastics Pvt. Ltd.** Mulanthuruthy, Karicode, Kochi - 682 314, Kerala, India. Ph: 0484 2743 708


**Best Quality**
**Best Manufacturer**
**Quality Products from Virgin Granules**


MOLDED PLASTIC PRODUCTS :
Plastic buckets, Storage buckets,
Premium buckets with lid (3 to 25 ltrs.),
3 Piece to 6 Piece Container non printed/printed
and other utility products.


22 Ltr.


25 Ltr.


3 Piece Container non printed


5 Piece Container non printed


6 Piece Container non printed


3 Piece Container printed


5 Piece Container printed


6 Piece Container printed

**Lotus Tray**
Available Colours


100 200 300

**Waste Tray**


01 02


**Mugs - Colour**
Available Colours


1500 ml 1000 ml 750 ml

**Dust Pan**
Available Colours


Small / Big sizes

**Mugs**


1500 ml 1000 ml 750 ml

**Nova Basins**
Available Colours





12 Inch 13 Inch 16 Inch 18 Inch

**Kitchen Baskets**
Available Colours




Kitchen Baskets


Kitchen Muram

**Optima Buckets**
Available Colours


5 Ltr 7 Ltr 9 Ltr 11 Ltr
13 Ltr 15 Ltr 17 Ltr 20 Ltr

**Optima Buckets (transparent)**
Available Colours


7 Ltr 9 Ltr 11 Ltr
13 Ltr 15 Ltr 17 Ltr 20 Ltr

**Biofresh Containers Printed**
Available Colours


300 ml 750 ml 1000 ml 2500 ml 3500 ml 5000 ml 7500 ml 10000 ml

Also available
3 Piece Container Printed & Non printed
5 Piece Container Printed & Non printed
6 Piece Container Printed & Non printed

**Biofresh Containers Plain**
Available Colours


300 ml 750 ml 1000 ml 2500 ml 3500 ml 5000 ml 7500 ml 10000 ml

Vyavasaya Keralam
വ്യവസായകേരളം
www.keralaindustry.org

ജൂൺ 2017 പുസ്തകം 50 ലക്കം 1
June 2017 Volume 50 Issue 1

## കവർസ്റ്റോറി




6 കണ്ണൂരിന്റെ സ്വന്തം കൈത്തറി
അനൂപ് അനന്തൻ

9 44 ലക്ഷം തൊഴിലാളികളെ ഉൾക്കൊണ്ട് പവർ ടെക്സ്

14 കൈത്തറിക്കിനി സുവർണ നാളുകൾ
കെ. ചന്ദ്രൻ

20 കുരുന്നുകളുടെ ഉടുപ്പുകൾക്ക് ഇനി കൈത്തറി മണം

24 കൈത്തറിക്കിനി സ്ഥിരവിപണി

26 കൈത്തറിക്ക് പുതുജീവൻ
അജിത് കട്ടയ്ക്കാൽ

35 ഏപ്രിലോടെ ലക്ഷ്യം നേടി തിരുവനന്തപുരം
വിനോദ്

36 ആദ്യ തുറമുഖ മണൽ ശുദ്ധീകരണ പ്ലാന്റ് കുറ്റിപ്പുറത്ത്

സക്സസ് സ്റ്റോറി

38 ജൈവ ഉത്പന്നങ്ങളുമായി ഇല്ലത്ത് വില്ല
രമേഷ് കുമാർ വെള്ളമുണ്ട





41 ചരക്ക് സേവന നികുതിയും ചെറുകിട വ്യവസായവും
കെ.സി. ജോൺസൺ

42 വ്യവസായകേരളം ഒറ്റനോട്ടത്തിൽ

47 വികസനവീഥി

50 വാർത്താജാലകം

# ശുഭപ്രതീക്ഷയിൽ തറികളൊരുക്കി നെയ്ത്തുകാർ

ഒരു കാലത്ത് കേരളത്തനിമയുടെയും മലയാളിയുടെ പ്രൗഢിയുടെയും പ്രതീകമായിരുന്നു കൈത്തറി വസ്ത്രങ്ങൾ. അന്ന് നിരവധി കുടുംബങ്ങൾ ഈ മേഖലയിൽ പണിയെടുത്ത് മാന്യമായി ജീവിതം പുലർത്തിയിരുന്നു. പിന്നീട് യന്ത്രങ്ങളുടെയും സാങ്കേതികവിദ്യകളുടെയും കടന്നുവരവോടെ പവർ ലൂമിൽ നിർമിച്ച വസ്ത്രങ്ങൾ കുറഞ്ഞ വിലയ്ക്ക് വ്യാപകമായി ലഭ്യമാവാനും തുടർന്ന് കൈത്തറി ഒരു തൊഴിൽ മേഖലയെന്ന നിലയ്ക്ക് പ്രതിസന്ധി നേരിടാനും തുടങ്ങി. പ്രകൃതി സൗഹൃദപരമായ ആരോഗ്യദായകമായ മൂല്യവത്തായ ജീവിതശൈലിക്കും കേരളീയ സംസ്കാരത്തിനും കൂടിയാണ് അവിടെ ഇളക്കം തട്ടിത്തുടങ്ങിയത്. നെയ്ത്ത് ജീവിതോപാധിയായി സ്വീകരിച്ചിരുന്ന നൂറുകണക്കിന് കുടുംബങ്ങളാണ് വഴിയടഞ്ഞ് പകച്ചു നിന്നത്. ഈ പരമ്പരാഗത വ്യവസായ മേഖലയുടെ ദുരവസ്ഥ മനസ്സിലാക്കിയതിന്റെ ഭാഗമായാണ് സർക്കാർ സ്കൂൾ യൂണിഫോം കൈത്തറിയാക്കാൻ തീരുമാനിക്കുന്നത്.

സംസ്ഥാനത്തെ സർക്കാർ- എയ്ഡഡ് സ്കൂളുകളിലെ ഒന്നു മുതൽ എട്ട് വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് പുതിയ അദ്ധ്യയനവർഷാരംഭത്തോടെ രണ്ട് ജോഡി യൂണിഫോം തുന്നാനുള്ള തുണി സൗജന്യമായി നൽകുന്നതിനാണ് സർക്കാർ പദ്ധതി തയ്യാറാക്കിയത്. വിദ്യാഭ്യാസ വകുപ്പിന്റെ കണക്കനുസരിച്ച് ഇതിന് 130 ലക്ഷം മീറ്റർ തുണി ആവശ്യമായിരുന്നു. പരമ്പരാഗതമായി മുണ്ടും നേര്യതും മാത്രം നെയ്തു വന്നിരുന്ന സാധാരണ കൈത്തറി തൊഴിലാളികൾക്ക് സ്കൂൾ യൂണിഫോം പോലുള്ള കനംകൂടിയ തുണി നെയ്തെടുക്കുന്നതിനും തറികൾ അതിനുവേണ്ടി ക്രമീകരിക്കുന്നതിനും കൂടുതൽ സമയം വേണ്ടിയിരുന്നു. പദ്ധതി പ്രഖ്യാപനത്തെത്തുടർന്ന് 3008 നെയ്ത്തുകാർ ഇതുമായി സഹകരിക്കാൻ തയ്യാറായി മുന്നോട്ടുവന്നു. എന്നാൽ ലഭ്യമായിരുന്ന സമയത്തിനകം ഇത്രയും നെയ്ത്തുകാർ കിണഞ്ഞു ശ്രമിച്ചാലും 10 ലക്ഷം മീറ്റർ തുണി മാത്രമേ കൈത്തറിയിൽ ഉല്പാദിപ്പിക്കാനാവൂയെന്ന യാഥാർത്ഥ്യം വ്യക്തമായി. അതിനാലാണ് ഈ അദ്ധ്യയനവർഷം ഒന്നു മുതൽ അഞ്ച് വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് മാത്രമായി സൗജന്യ സ്കൂൾ യൂണിഫോം നൽകാൻ തീരുമാനിച്ചത്. തുണി നൽകാൻ സാധിക്കാത്ത സ്കൂളുകളിലെ കുട്ടികൾക്ക് രണ്ട് ജോഡി യൂണിഫോം വാങ്ങുന്നതിനുള്ള തുക സർക്കാർ നൽകും.

സംസ്ഥാനത്തെ 233 പ്രാഥമിക കൈത്തറി സംഘങ്ങളിലെയും ഹാൻവീവിലെയും 2939 നെയ്ത്തുകാരുടെ രാപ്പകൽ അദ്ധ്വാനമാണ് യൂണിഫോം പദ്ധതിക്ക് കരുത്തു പകർന്നത്. 3.38 ലക്ഷം കിലോഗ്രാം നൂലുപയോഗിച്ച് 10,64,120 മീറ്റർ തുണിയാണ് ഇതിനായി അവരൊന്നിച്ച് നെയ്തെടുത്തത്. 2718 സർക്കാർ സ്കൂളുകളിലെ അഞ്ചാം ക്ലാസ്സു വരെയുള്ള 2.25 ലക്ഷം കുട്ടികൾ ഇനി കൈത്തറി യൂണിഫോമിലായിരിക്കും സ്കൂളിൽ പോകുന്നത്. രണ്ടാം വർഷത്തിലേയ്ക്ക് പാദമൂന്നുന്ന സർക്കാരിനെ സംബന്ധിച്ചിടത്തോളം സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി അഭിമാനകരമായ നേട്ടമാണ്. കാരണം അഷ്ടിക്കു വകയില്ലാതെ വിഷമിച്ചിരുന്ന സാധാരണ നെയ്ത്തു തൊഴിലാളിക്ക് പുതു ജീവിതവും കരുത്തും പകരുന്നതിനൊപ്പം നമ്മുടെ ഇളമുറക്കാരുടെ മനസ്സിൽ മലയാളിയുടെ തനതു സംസ്കാരവും ആർജവവും ലളിതവും ആരോഗ്യകരവുമായ വസ്ത്രശൈലിയും സമന്വയിപ്പിക്കാൻ ഈ പദ്ധതി തീർച്ചയായും വഴിയൊരുക്കും. പലപ്പോഴും ഗൃഹാതുര ഓർമകളിൽ നഷ്ടപ്പെട്ടു പോയെന്നു നാം വിലപിക്കാറുള്ള പലതിനെയും തിരിച്ചു പിടിക്കാനുള്ള പരിശ്രമങ്ങൾക്കും ഈ പദ്ധതി നാന്ദി കുറിക്കും.



ചീഫ് എഡിറ്റർ

**ചീഫ് എഡിറ്റർ**
പി.എം. ഫ്രാൻസിസ് ഐ.എ.എസ്
ഡയറക്ടർ, വ്യവസായ വാണിജ്യ വകുപ്പ്

**എഡിറ്റർ**
വി.പി.അശ്വതി

**കവർ, ഡിസൈൻ & ലേഔട്ട്**
ദീപക് മൗത്താട്ടിൽ

**ടൈപ്പ് സെറ്റിംഗ്**
വി. അഭിലാഷ്

**എഡിറ്റോറിയൽ ഓഫീസ്**
വ്യവസായകേരളം
ഡോക്യുമെന്റേഷൻ സെന്റർ
ഡി.ഐ.സി. ബിൽഡിങ്
വെള്ളയമ്പലം
തിരുവനന്തപുരം - 695 033

**ഫോൺ:** 0471 2322789
**ഇമെയിൽ-**
vyavasayakeralam@gmail.com
**വെബ്സൈറ്റ്-**
www.keralaindustry.org

**പ്രതിനിധികൾ-**
- **തിരുവനന്തപുരം** : രഞ്ജിത്. സി. ഒ
- **കൊല്ലം** : അബ്ദുൾ സലാം
- **പത്തനംതിട്ട**: സി.എം. ഷാജഹാൻ
- **ആലപ്പുഴ** : യു. അജിത്കുമാർ
- **കോട്ടയം** : ആർ. സുരേഷ്ബാബു
- **ഇടുക്കി** : ദീപ
- **എറണാകുളം** : ഇ.എം. നാസർ
- **തൃശൂർ** : കെ.എസ്. കൃപകുമാർ
- **പാലക്കാട്** : ഡി.എസ്. ഷിബുകുമാർ
- **മലപ്പുറം** : കെ.റ്റി. അബ്ദുൾ മജീദ്
- **കോഴിക്കോട്** : കെ. രാധാകൃഷ്ണൻ
- **വയനാട്** : പി.ബി. സത്യജിത്
- **കണ്ണൂർ** : നിധിൻ ഇ.ആർ.
- **കാസർഗോഡ്** : റ്റി. ദിനേശൻ

**അഡ്മിനിസ്ട്രേറ്റീവ് സപ്പോർട്ട്**
ഇന്ദിരാഭായി പിള്ള അമ്മ പി.എസ്.,
ലക്ഷ്മി എസ്., ക്ലാരമ്മ ജെയിംസ്,
സജീർ എസ്.,
പി. ബാലകൃഷ്ണൻ,
ബേബി. വൈ

ലേഖകരുടെ അഭിപ്രായങ്ങൾ സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമാണ്.



പുസ്തകം 50 ലക്കം 1 ജൂൺ 2017
Volume 50 Issue 1 June 2017

# യാഥാർത്ഥ്യമാകുന്ന വാഗ്ദാനങ്ങൾ



**എ.സി. മൊയ്തീൻ**
വ്യവസായ-വാണിജ്യ വകുപ്പ് മന്ത്രി

ജനകീയ സർക്കാർ ഒരു വർഷം പൂർത്തിയാകുമ്പോൾ കേരളത്തിന്റെ വ്യവസായ ഭൂമികയാകെ മാറിയിരിക്കുന്നു. വ്യവസായ സൗഹൃദത്തിന്റേയും വികസനത്തിന്റേയും പുതിയ അന്തരീക്ഷം സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. തകർച്ച നേരിടുന്ന സ്ഥാപനത്തിൽ നിൽക്കുന്നവർ എന്ന നിലയിൽ പ്രതിസന്ധിയുടെ ആഴങ്ങളിലായിരുന്ന തൊഴിലാളികൾക്ക് പ്രതീക്ഷയുടെ പുതു വെളിച്ചം പകരാനായി എന്നത് തന്നെയാണ് ഒരു വർഷം പിന്നിടുന്ന ഇടതുമുന്നണി സർക്കാർ വ്യവസായ രംഗത്ത് കൈവരിച്ച ഏറ്റവും വലിയ നേട്ടം. തുരുമ്പെടുത്ത് കിടന്ന യന്ത്രങ്ങൾ ചലിക്കുകയും തൊഴിലാളി കുടുംബങ്ങളിൽ സന്തോഷം തിരികെയെത്തുകയും ചെയ്തു.

ഒരു വർഷക്കാലയളവിനുള്ളിൽ 13 വ്യവസായ സ്ഥാപനങ്ങൾ ലാഭത്തിലാക്കാനും പൊതുമേഖലയിലെ ആകെ നഷ്ടം 131.60 കോടിയിൽ നിന്നും 71.34 കോടിയാക്കി കുറയ്ക്കുവാനും, 17 പൊതുമേഖലാ സ്ഥാപനങ്ങളുടെ നഷ്ടം കുറച്ചുകൊണ്ടുവരാനും സാധിച്ചു.

കൈത്തറി മേഖലയെ സംരക്ഷിക്കാൻ പ്രത്യേക പദ്ധതി തന്നെയാണ് സർക്കാർ ആവിഷ്കരിച്ചത്. സർക്കാർ സ്കൂളുകളിലെ കുട്ടികൾക്ക് നൽകുന്ന രണ്ട് സെറ്റ് സൗജന്യ യൂണിഫോം കൈത്തറിയാകണമെന്ന തീരുമാനം ഇതിന്റെ ഭാഗമായിരുന്നു. കേരളത്തിലെ 2929 തറികളെ പദ്ധതിയുമായി സംയോജിപ്പിച്ചു. ഇതിന്റെ ഫലമായി 2017 ജനുവരിക്കുശേഷം കൈത്തറി മേഖലയിൽ രണ്ട് ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ സർക്കാരിനായി. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തെ ശക്തിപ്പെടുത്തുന്നതിനോടൊപ്പം ഉൽപ്പാദന മേഖലയുടെ വളർച്ചയും സേവന മേഖലയുടെ വികസനവും ഇതിലൂടെ സാധ്യമാകുകയാണ്.

പ്രതിസന്ധിയിലായിരുന്ന തുണിമില്ലുകൾ തുറന്ന് പ്രവർത്തിക്കുവാൻ കഴിഞ്ഞത് സർക്കാരിനെ സംബന്ധിച്ചിടത്തോളം വലിയ നേട്ടമാണ്. മില്ലുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുവാൻ 84 കോടിയോളം രൂപ ഇതിനകം വകയിരുത്തി. മില്ലുകളുടെ പ്രവർത്തനക്ഷമത 11.8% ത്തിൽ നിന്നും 30% ആയി വർദ്ധിച്ചു.

പൊതുമേഖല വ്യവസായ സ്ഥാപനങ്ങളിൽ നിന്നും പഠനം പൂർത്തിയാക്കി പുറത്തിറങ്ങുന്ന തൊഴിൽ രഹിതരായ യുവജനങ്ങളുടെ മനുഷ്യശേഷിയെ നാടിന്റെ വികസനത്തിനായി പ്രയോജനപ്പെടുത്തുക എന്നതാണ് സർക്കാരിന്റെ മുന്നിലെ വലിയ വെല്ലുവിളി. ഇതിലേക്കായി ഇവർക്ക് ജോലി കൊടുക്കുക എന്നതിനേക്കാൾ പ്രധാനം ജോലി നൽകുന്നവരെ സൃഷ്ടിക്കുക എന്നതിനാണ് സർക്കാർ പ്രാമുഖ്യം നൽകുന്നത്. ഇതിനുള്ള നടപടി ക്രമങ്ങൾ ആരംഭിച്ചുകഴിഞ്ഞു. അടിസ്ഥാനപരമായ മാറ്റം എല്ലാ മേഖലകളിലും വരുത്താൻ മതിയായ കാലയളവല്ല ഈ ഒരു വർഷം, പക്ഷെ മാറ്റത്തിനുള്ള അടിത്തറ ഒരുക്കാൻ മതിയായ കാലയളവാണ് താനും. അത് വിജയകരമായി സാധിച്ചിട്ടുണ്ട് എന്നത് വ്യക്തമാണ്. ഹ്രസ്വകാല ലക്ഷ്യങ്ങളും ദീർഘകാല ലക്ഷ്യങ്ങളും സമന്വയിപ്പിച്ചുകൊണ്ടുള്ള സുസ്ഥിര വികസനമാണ് സർക്കാർ ലക്ഷ്യം വയ്ക്കുന്നത്. പ്രകാശ പൂർണ്ണവും ഐശ്വര്യ സമൃദ്ധവുമായ ഭാവി കേരളത്തിനായി നമുക്ക് മുന്നേറാം.

അനൂപ് അനന്തൻ



യൂണിഫോമിനായി നെയ്തെടുത്ത തുണി പരിശോധിക്കുന്ന വ്യവസായ മന്ത്രി എ.സി. മൊയ്തീനും വിദ്യാഭ്യാസ മന്ത്രി പ്രോഫ. സി. രവീന്ദ്രനാഥും.

# കണ്ണൂരിന്റെ സ്വന്തം കൈത്തറി

ഇത്തവണ സ്കൂൾ പ്രവേശനോത്സവദിവസം കണ്ണൂരിലെ 90 പിന്നിട്ട കല്യാണിയമ്മ കല്യാശ്ശേരി ഗവ. എൽ. പി. സ്കൂൾ മുറ്റത്ത് നിന്ന് ഇങ്ങനെ പറഞ്ഞു. "അങ്ങനെ നമ്മുടെ കുട്ടികൾക്കും നാടിന്റെ മണം വന്നിരിക്കുന്നു. എന്തോ നല്ലകാലം വരുമ്പോലെ." ഒക്കെ ശരിയായി വരുന്നെന്ന ആശ്വാസമാണീ വാക്കുകളിൽ. കഴിഞ്ഞ കാലങ്ങളിൽ നിന്നും വ്യത്യസ്തമായി സ്കൂൾ കുട്ടികൾക്കെല്ലാം കൈത്തറി വസ്ത്രമാണിത്തവണ. സംസ്ഥാനത്തെ മുഴുവൻ എൽ. പി. സ്കൂളുകളിലെയും വിദ്യാർത്ഥികൾക്കാണ് സർക്കാർ സൗജന്യമായി കൈത്തറി യൂണിഫോം നൽകിയത്. എൽ. പി. സ്കൂളിന്റെ ഭാഗമായി പ്രവർത്തിക്കുന്ന അഞ്ചാം തരത്തിനും സൗജന്യമായി യൂണിഫോം ലഭിച്ചു. രണ്ട് സെറ്റ് യൂണിഫോമാണ് വിതരണം ചെയ്തത്. അടുത്ത അദ്ധ്യയനവർഷം മുതൽ എട്ടാം തരം വരെ പദ്ധതി വ്യാപിപ്പിക്കാൻ സർക്കാർ തീരുമാനിച്ചിരിക്കയാണ്. ഇതിനായുള്ള ഒരുക്കങ്ങൾ ഇപ്പോൾ തന്നെ ആരംഭിച്ചു. ഏറെ കാലമായി പ്രതിസന്ധിയിലായ കൈത്തറി യൂണിറ്റുകൾക്ക് സർക്കാർ നീക്കം പുതു

ജീവൻ നൽകിയിരിക്കുകയാണ്. ഹാന്റെക്സിന്റെയും ഹാൻവീവിന്റെയും നേതൃത്വത്തിലാണ് യൂണിഫോമിനായുള്ള നെയ്ത്ത് പൂർത്തീകരിച്ചത്. തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള ഏഴ് ജില്ലകളിൽ ഹാന്റെക്സും തൃശൂർ മുതൽ കാസർകോഡ് വരെയുള്ള ഏഴ് ജില്ലകളിൽ ഹാൻവീവുമാണ് തുണികൾ വിതരണം ചെയ്തത്.

## സജീവമായത് 823 തറികൾ

കണ്ണൂർ കൈത്തറിയുടെ നാടാണ്. കഴിഞ്ഞ കാലങ്ങളിൽ ദുരിതങ്ങളിലൂടെ ഇഴഞ്ഞു നീങ്ങിയ കണ്ണൂരിന്റെ കൈത്തറി മേഖലയിലും ഇപ്പോൾ തിളക്കമാണുള്ളത്. പുതിയ സാഹചര്യത്തിൽ ഈ രംഗത്തുള്ള ആരോട് ചോദിച്ചാലും ലഭിക്കുന്ന മറുപടി ഇങ്ങനെയാണ്. "നോട്ട് നിരോധനത്തെ തുടർന്ന് തീർത്തും ദുരിതത്തിലായ ഞങ്ങൾക്ക് സ്കൂൾ യൂണിഫോം നൽകാനുള്ള ഓർഡർ ലഭിച്ചതിന് എത്ര നന്ദി പറഞ്ഞാലും തീരില്ല". കണ്ണൂരിൽ 1500 തറികളാണുള്ളത്. ഇവയിൽ 823 തറികൾക്കാണ് സ്കൂൾ യൂണിഫോം നിർമാണത്തിന് അനുമതി ലഭിച്ചത്. സ്കൂൾ യൂണിഫോം നിർമാണത്തിലേയ്ക്ക് നീങ്ങിയതോടെ കൈത്തറി രംഗത്തിന് തന്നെ പുതിയ ജീവിതം ലഭിച്ച പ്രതീതിയാണുള്ളത്. കണ്ണൂർ ജില്ലാ വീവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് അസോസിയേഷൻ ജില്ലാ സെക്രട്ടറി കെ. വി. സന്തോഷ് കുമാർ പറഞ്ഞു. സാധാരണ ഗതിയിൽ നൂൽ, ചായം എന്നിവയ്ക്കെല്ലാം സൊസൈറ്റി പണം കണ്ടെത്തണം. എന്നാൽ യൂണിഫോം നിർമാണത്തിന് വേണ്ടതെല്ലാം സർക്കാർ തരും. നിർമാണം പൂർത്തീകരിച്ച് വ്യവസായ വകുപ്പിനെ ഏല്പിച്ച ഉടൻ കൂലി ലഭിക്കും. ഇക്കാര്യത്തിൽ വ്യവസായ വകുപ്പ് കാണിച്ച ആത്മാർത്ഥതയ്ക്ക് എത്ര നന്ദി പറഞ്ഞാലും മതിയാകുകയില്ല. നിലവിൽ കഴിഞ്ഞ അഞ്ച് വർഷമായി നിലനിന്ന പ്രതിസന്ധി പൂർണമായും ഒഴിഞ്ഞിരിക്കുകയാണ്. ചില സൊസൈറ്റികൾക്ക് നിർദ്ദേശിച്ചതിനെക്കാൾ കൂടുതൽ തുണി ഉല്പാദിപ്പിക്കുവാൻ കഴിഞ്ഞു. യൂണിഫോം നിർമാണത്തിന് കാസർഗോഡ് ജില്ലയിലെ സൊസൈറ്റികളെ സഹായിക്കുന്നതിനും കണ്ണൂരിലെ സൊസൈറ്റികൾക്ക് കഴിഞ്ഞു. മുമ്പ് സൊസൈറ്റികൾക്ക് കൃത്യമായി തൊഴിൽ കൊടുക്കാൻ കഴിഞ്ഞിരുന്നില്ല. ഇപ്പോൾ ആ സാഹചര്യം ഒഴിവായി. കൈത്തറി മേഖലയിലെ പ്രൈമറി സൊസൈറ്റികൾ ഏറെ ആവേശത്തിലാണിപ്പോൾ. മുടങ്ങാതെ തൊഴിൽ നൽകാൻ കഴിയുന്നതുതന്നെ




സൗജന്യ യൂണിഫോം വിതരണത്തിന്റെ കണ്ണൂർ ജില്ലാതല ഉദ്ഘാടനം

വലിയ നേട്ടമാണെന്ന് കെ. വി. സന്തോഷ് കുമാർ പറഞ്ഞു.

## കൈത്തറി ഓൺലൈനിലേയ്ക്ക്

കണ്ണൂർ കൈത്തറി ഓൺലൈൻ വ്യാപാരത്തിലേയ്ക്കും കടക്കുന്നു. വിശാലമായ വിപണി സാധ്യതയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. കണ്ണൂർ ജില്ലാ കളക്ടർ മിർ മുഹമ്മദ് അലിയുടെ നേതൃത്വത്തിൽ ഇതിനായുള്ള പദ്ധതികൾ ആസൂത്രണം ചെയ്തു കഴിഞ്ഞു. പുതിയ കാലത്തിന്റെ സ്വഭാവം മനസിലാക്കിക്കൊണ്ട് കൈത്തറി തുണിത്തരങ്ങൾ പുറത്തിറക്കി നമ്മുടെ നാടിന്റെ തനതായ നെയ്ത്ത് തൊഴിൽ മേഖലയെ ശക്തിപ്പെടുത്തുകയുമാണ് ലക്ഷ്യം. ഏറെ പ്രതീക്ഷയോടെയാണ് ഇത്തരം നീക്കങ്ങളെ നോക്കിക്കാണുന്നതെന്ന് കണ്ണൂർ ജില്ലാ കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് അസോസിയേഷൻ ജില്ലാ സെക്രട്ടറി കെ. വി. സന്തോഷ്കുമാർ പറഞ്ഞു. ഉല്പാദന കേന്ദ്രങ്ങളിലൂടെയും വില്പന സ്റ്റാളുകളിലൂടെയും മേളകളിലൂടെയുമുള്ള വിപണനത്തെ മാത്രം ആശ്രയിക്കുന്നതിന് പകരം അതിവേഗം വികസിക്കുന്ന വ്യാപാര രീതിയായ ഓൺലൈൻ വ്യാപാരത്തിലേയ്ക്ക് കടക്കുന്നതോടെ പുതിയ മേഖല തന്നെ കണ്ടെത്താൻ കഴിയുമെന്നാണ് വിലയിരുത്തൽ. ആഭ്യന്തര വിപണിയേക്കാൾ കൈത്തറി മേഖലയിലെ സ്വകാര്യ സംരംഭകർ ആശ്രയിക്കുന്നത് കയറ്റുമതിയെയാണ്. വിദേശ വിപണിയിൽ ചുവടുറപ്പിക്കാൻ ഓൺലൈൻ വ്യാപാരം സഹായകമാകും. റെഡിമെയ്ഡ് ഷർട്ടുകൾ, മുണ്ട്, സാരി, ഹോം ഫർണിഷിംഗ്, ബാഗുകൾ, ബെഡ് ഷീറ്റ് തുടങ്ങി എല്ലാ ഉല്പന്നങ്ങളും ഓൺലൈനായി ലഭ്യമാക്കാനാണ് പദ്ധതി.

## തങ്കമണി അമ്മ ഹാപ്പിയാണ്

കൊല്ലം- കരുനാഗപ്പള്ളി ഇലകുളങ്ങരയിലെ തങ്കമണിയമ്മ ഹാപ്പിയാണ്. "നേരം വെളുത്താൽ പിന്നെ ഇതേന്ന് പറഞ്ഞു നടപ്പാ, നെയ്ത്തു മാത്രമേ അറിയൂ. ഇപ്പോൾ യൂണിഫോം ഓർഡറും ലഭിച്ചതിൽ പിന്നെ വിശ്രമമില്ല." വീട്ടിൽ നിന്നും നെയ്ത് ഹാൻവീവിന് നൽകുകയാണ് തങ്കമണിയമ്മ ചെയ്തു വരുന്നത്. ആവശ്യമായ നൂലും മറ്റും ഹാൻവീവ് നൽകും. ഭർത്താവ് ശ്രീനിവാസൻ പിള്ളയും തങ്കമണിയമ്മയ്ക്ക് കൂട്ടായുണ്ട്. നേരത്തെ നെയ്ത്ത് മേഖലയിൽ സജീവമായിരുന്ന ആളാണ് ശ്രീനിവാസൻ പിള്ള. പതിറ്റാണ്ടുകളായി ഈ മേഖലയിൽ ജോലി ചെയ്തു വരികയാണ് ഈ കുടുംബം. ഇത്തവണ സ്കൂൾ യൂണിഫോമിനു വേണ്ടി മാത്രം 500 മീറ്ററിലേറെ തുണി നെയ്തെടുത്തു. ഏതാണ്ട് രണ്ടര മാസത്തോളമെടുത്തു ഇത്രയും തുണി നെയ്തെടുക്കാൻ. വീട്ടിൽ നിന്നും ജോലി ചെയ്ത് വരുമാനം കണ്ടെത്താൻ കഴിയുന്നതുകൊണ്ട് ഏറെ സൗകര്യമാണെന്നും മറ്റു ചെലവുകൾ ഉണ്ടാവില്ലെന്നത് മെച്ചമാണെന്നും ശ്രീനിവാസൻ പിള്ള പറയുന്നു.■



കല്ല്യാശ്ശേരി കൈത്തറി ക്ലസ്റ്റർ മന്ത്രി എ.സി. മൊയ്തീൻ സന്ദർശിച്ചപ്പോൾ



## 44 ലക്ഷം തൊഴിലാളികളെ ഉൾക്കൊണ്ട്

# പവർ ടെക്സ്

പവർലൂം മേഖലയുടെ സമഗ്ര വികസനത്തിന് വേണ്ടിയുള്ള കേന്ദ്ര ടെക്സ്റ്റയിൽ മന്ത്രാലയത്തിന്റെ നൂതന പദ്ധതിയാണ് പവർ ടെക്സ് ഇന്ത്യ. പവർലൂം ഉല്പന്നങ്ങളുടെ സമഗ്ര വികസനം 2020 ഓടെ പൂർത്തീകരിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

ചെറുകിട യന്ത്രത്തറി മേഖലയിലുള്ള നെയ്ത്തു തൊഴിലാളികളുടെ ക്ഷേമവും ഉന്നമനവുമാണ് പദ്ധതിയുടെ പൊരുൾ. ഈ മേഖലയിലെ 44 ലക്ഷത്തോളം വരുന്ന തൊഴിലാളികളെ സമഗ്രമായ സേവന പാക്കേജിൽ ഉൾപ്പെടുത്തി യന്ത്രത്തറി മേഖലയിൽ തന്നെ തിരിച്ചു കൊണ്ടുവരുകയാണ് ലക്ഷ്യം.

## പ്രധാന ഘടകങ്ങൾ

1. പ്ലെയിൻ യന്ത്രത്തറി നവീകരണം
2. ഗ്രൂപ്പ് വർക്ക് ഷെഡ് പദ്ധതി
3. യാൺ ബാങ്ക് സ്കീം
4. പവർലൂം തൊഴിലാളികൾക്കുള്ള പ്രധാനമന്ത്രിയുടെ ക്രെഡിറ്റ് സ്കീം
5. എല്ലാ പവർലൂമുകളും സോളാർ എനർജിയിലൂടെ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ പദ്ധതി ആവിഷ്കരിച്ച് വേണ്ട സാമ്പത്തിക സഹായം ലഭ്യമാക്കുക.
6. പവർലൂം ടെക്സ്റ്റയിൽ മേഖലയെ കുറിച്ചും അതിന്റെ പ്രാധാന്യത്തെ കുറിച്ചും പ്രചാരണവും, മാർക്കറ്റിംഗ് വികസനവും ഇൻഫർമേഷൻ ടെക്നോളജിയുടെ സഹായത്തോടെ നടപ്പിലാക്കി സമഗ്ര ബോധവത്കരണ പദ്ധതി ആവിഷ്കരിക്കുക.
7. പവർലൂം സെന്ററുകളുടെ ഉന്നമനത്തിനു വേണ്ടി ഫണ്ട് കണ്ടെത്തുക.

## പ്ലെയിൻ പവർലൂം നവീകരണം

നിലവിലുള്ള പ്ലെയിൻ പവർലൂമുകളെ സെമി ഓട്ടോമാറ്റിക് ലൂമുകളിലേയ്ക്കും ഷട്ടിൽലെസ്സ് റാപ്പിയാർ യന്ത്രത്തറിയിലേക്കും മാറ്റുന്നതിനായി പ്രത്യേക ഇൻസ്റ്റലേഷൻ കിറ്റുകൾ സ്ഥാപിക്കും. അതിനായി ഗവൺമെന്റ് ഓഫ് ഇന്ത്യ സബ്സിഡി ഉയർത്തിയിട്ടുണ്ട്.

പരമാവധി എട്ട് ലൂമുകൾ വരെയുള്ള പവർലൂം യൂണിറ്റുകൾക്ക് ഇതിന് അർഹതയുണ്ട്.

## ഗ്രൂപ്പ് വർക്ക് ഷെഡ് പദ്ധതി


* ഷട്ടിൽ ലെസ് ലൂമുകൾക്കു വർക്ക് ഷെഡ് നിർമിക്കുക.

* അത് നിലവിലുള്ള ലൂം നിലനിർത്തിക്കൊണ്ടോ പുതിയ ക്ലസ്റ്ററിൽ ഉൾപെടുത്തിക്കൊണ്ടോ ചെയ്യും. ഇതുവഴി പവർലൂം സാമ്പത്തികമായി ഭദ്രത കൈവരിക്കാനും ഉത്പാദനം വർദ്ധിപ്പിക്കുവാനും സാധിക്കും.

* നിലവിലുള്ള യൂണിറ്റുകളെ പുതിയ ക്ലസ്റ്ററിൽ ഉൾപെടുത്തുക വഴി ലൂമുകളുടെ നിലവാരം വർദ്ധിപ്പിക്കുവാനും കൂടുതൽ സ്ഥല ലഭ്യത ഉണ്ടാക്കുവാനും സാധിക്കും. ഇതുവഴി ലൂമുകളിലെ ജോലി അന്തരീക്ഷം സുഗമമാകുവാനും ജോലി ചെയ്യുന്നവരുടെ പ്രാഗത്ഭ്യം വർദ്ധിപ്പിക്കുവാനും അതുവഴി ഗ്ലോബൽ മാർക്കറ്റിംഗിൽ പവർലൂം ഉത്പന്നങ്ങൾ മത്സര ബുദ്ധിയോടെ കൂടുതൽ വിറ്റഴിക്കുവാനും സാധിക്കും.

## ഗ്രൂപ്പ് വർക്ക് ഷെഡ് പദ്ധതി ഗുണഭോക്താക്കൾ

1. സ്റ്റേറ്റ് ഗവൺമെന്റ് അല്ലെങ്കിൽ ഗവൺമെന്റ് ഏജൻസി



## സബ്സിഡി നിരക്കുകൾ

| ടെക്നോളജി ടൈപ്പ് | ഓരോ വിഭാഗത്തിനുമുള്ള കേന്ദ്രസർക്കാർ സബ്സിഡി (രൂപയിൽ) | | |
|---|---|---|---|
| | ജനറൽ (50%) | എസ്. സി. (75%) | എസ്. റ്റി. (90%) |
| പ്ലെയിൻ ലൂമുകൾ സെമി ഓട്ടോ മാറ്റിക് ലൂമുകളിലേയ്ക്ക് മാറ്റുന്നതിന് | 20,000 | 30,000 | 36,000 |
| സെമി ഓട്ടോമാറ്റിക് ഷട്ടിൽ ലൂമു കളെ ഷട്ടിൽ റാബിയർ ലൂമുകളായി മാറ്റുന്നതിന് | 25,000 | 37,500 | 45,000 |
| പ്ലെയിൻ ലൂമുകളെ ഷട്ടിൽ റാപ്പിയർ ലൂമുകളായി മാറ്റുന്നതിന് | 45,000 | 67,500 | 81,000 |

പാൻ ഇന്ത്യ ബേസിൽ ഇന്ത്യ മുഴുവൻ ഉള്ള പവർലൂമുകൾക്കുള്ള ഈ സബ്സിഡി വ്യാപക മാക്കും. 1,25,000 വരുന്ന പ്ലെയിൻ പവർലൂമുകളെ നവീകരിക്കുന്ന പദ്ധതി 01.04.2017 മുതൽ 31.03.2020 വരെ തുടരും. ഇതിനുവേണ്ടി 282 കോടി രൂപ ഗവൺമെന്റ് വകയിരുത്തിയിട്ടുണ്ട്.

2. ഒരു അംഗീകൃത സഹകരണ സ്ഥാപനം
3. 1956 ലെ കമ്പനി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾ അല്ലെങ്കിൽ 2008 ലെ പാർട്ണർഷിപ്പ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾ. ഇത് ഒരു പവർലൂം ഓണേഴ്സ് ഗ്രൂപ്പ് ആയിരിക്കണം (കുറഞ്ഞത് നാല് ഗുണ ഭോക്താക്കൾ ഉണ്ടാവണം)
4. പ്രാദേശിക പവർലൂം അസോസിയേഷൻ

* കുറഞ്ഞത് 230 സെന്റീമീറ്റർ വ്യാപ്തി ഉള്ള ഷട്ടിൽ ലെസ് ഉണ്ടായിരിക്കണം അല്ലെങ്കിൽ 230 സെന്റീമീറ്ററിനു മുകളിൽ വ്യാപ്തിയുള്ള 16 ഷട്ടിൽ ലെസ് ലൂമുകൾ ഉണ്ടായിരിക്കണം.
* അടുത്ത മൂന്ന് വർഷം 2352 ഷട്ടിൽ ലെസ് ലൂമു കൾ സ്ഥാപിക്കാനാണ് ലക്ഷ്യമിടുന്നത്.
* അടുത്ത മൂന്ന് വർഷം ഗ്രൂപ്പ് വർക്ക് ഷെഡ് സ്കീം സബ്സിഡിക്കായി 72 കോടി ഗവൺമെന്റ് വകയിരുത്തിയിട്ടുണ്ട്.

## യാൺ ബാങ്ക് പദ്ധതി

എസ്. പി. വി സബ്സിഡിയറി കമ്പനി കൾക്കും കൺസോർഷ്യത്തിനും മൊത്തവിലയിൽ നൂല് ലഭിക്കുന്നതിന് പലിശരഹിത കോർപസ് ഫണ്ട് സ്ഥിരമായി ലഭ്യമാക്കുന്നതാണ് പദ്ധതി. ഇങ്ങനെ ലഭ്യമാക്കുന്ന നൂലുകൾ ന്യായമായ വിലയ്ക്ക് ചെറുകിട നെയ്ത്തു തൊഴിലാളികൾക്കു നൽകും.

ഒരു എസ്. പി. വി. രൂപീകരിക്കുന്നതിന് കുറഞ്ഞത് 11 അംഗങ്ങൾ ഉണ്ടാവണം.

എസ്. പി. വി. എന്ന് പറയുന്നത് നിർബ ന്ധമായും സഹകരണ സംഘം/ട്രസ്റ്റ്/ 1956 ലെ കമ്പനി ആക്ട് പ്രകാരം രൂപീകരിച്ച കമ്പനി / 2008 ലെ പാർട്ണർഷിപ്പ് ആക്ട് പ്രകാരം രൂപീകരിച്ച കമ്പനി ആയിരിക്കണം. കൂടിയ പലിശ രഹിത കോർപസ് ഫണ്ട് രണ്ട് കോടി രൂപ ആയിരിക്കും. എസ്. പി. വി. കമ്പനി കേന്ദ്രസർക്കാരിന്റെ ഷെയർ എന്ന നിലയിൽ 25% നീക്കി വെക്കണം. യാൺ ബാങ്ക് സ്കീമിൽ 12 പ്രോജക്ടുകൾ അടുത്ത മൂന്ന് വർഷം കൊണ്ട് സജ്ജീകരിക്കും. ഇതിനുവേണ്ടി 24 കോടി രൂപ ഗവൺമെന്റ് വകയിരുത്തിയിട്ടുണ്ട്.

## കോമൺ ഫെസിലിറ്റി സെന്റർ പദ്ധതി

കോമൺ ഫെസിലിറ്റി സെന്റർ (സി. എഫ്. സി) തുടങ്ങുന്നതിനു ആവശ്യമായ സാമ്പത്തിക സഹായം നൽകുക. ട്രെയിനിങ് സെന്റർ, വ്യാവ സായിക ആവശ്യത്തിനായുള്ള വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ്, ഡോർമിറ്ററി, ജോലിക്കാർക്കായുള്ള താമസ സ്ഥലം, നെയ്ത്തു പരിശീലന കേന്ദ്രം, യാൺ ഡൈ മുതലായവയ്ക്കുള്ള സാമ്പത്തിക സഹായം ലഭ്യ മാക്കൽ.

പരമാവധി കേന്ദ്രസർക്കാർ സബ്സിഡി രണ്ട് കോടി രൂപയായി നിജപ്പെടുത്തിയിരിക്കുന്നു. ഒരു ക്ലസ്റ്ററിൽ ആവശ്യമെങ്കിൽ ഒന്നിൽ കൂടുതൽ

സി. എഫ്. സി പ്രോജക്ടുകൾ തുടങ്ങാവുന്നതാണ്.

* കോമൺ ഫെസിലിറ്റി സെന്റർ (സി. എഫ്. സി.) സ്കീമിൽ 12 പ്രോജക്ടുകൾ അടുത്ത മൂന്ന് വർഷം കൊണ്ട് സജ്ജീകരിക്കാനാണ് ലക്ഷ്യമിടുന്നത്. ഇതിനുവേണ്ടി 24 കോടി രൂപ ഗവൺമെന്റ് വകയിരുത്തിയിട്ടുണ്ട്.

## പ്രധാനമന്ത്രിയുടെ ക്രെഡിറ്റ് പദ്ധതി

പവർലൂമുകളെ വികേന്ദ്രീകരിക്കുന്നതിനായി നിശ്ചിതകാല വായ്പകൾക്ക് മാർജിൻമണി സബ്സിഡി രൂപത്തിലും പലിശ മടക്കി നൽകുന്ന രൂപത്തിലുമുള്ള സാമ്പത്തിക സഹായ പദ്ധതിയാണിത്.

സ്റ്റാന്റ് അപ് ഇന്ത്യ പദ്ധതിയിൽ നിശ്ചിത കാല വായ്പ എടുത്ത എസ്. സി., എസ്. റ്റി വിഭാഗങ്ങൾക്കും വനിതാ വ്യവസായികൾക്കും ഇത് ലഭ്യമാകും.

## പി. എം. എം. വൈ പദ്ധതിയിൽ വരുന്ന പവർലൂമുകൾ

നിലവിലുള്ള വ്യക്തിഗത പവർലൂമുകൾ അല്ലെങ്കിൽ പുതിയ വ്യക്തിഗത/ ഗ്രൂപ്പ് ആയുള്ള ലൂമുകൾ.

**സാമ്പത്തിക സഹായം**

* ആകെ പ്രോജക്ട് കോസ്റ്റിന്റെ 20% മാർജിൻ മണി ആയി ലഭിക്കും. കൂടിയത് ഒരു ലക്ഷം രൂപയായി നിജപ്പെടുത്തിയിരിക്കുന്നു.
* 450 യൂണിറ്റുകൾ ആണ് മൂന്ന് വർഷം കൊണ്ട് ടാർജെറ്റ് ചെയ്യുന്നത്. ആകെ 10 കോടി രൂപ മൂന്ന് വർഷ കാലയളവിലേയ്ക്കായി വകയിരുത്തിയിട്ടുണ്ട്.

## പ്രധാനമന്ത്രിയുടെ സ്റ്റാൻഡ് അപ് ഇന്ത്യ പദ്ധതി

പുതിയതായി ആരംഭിക്കുന്ന വനിതാ സംരംഭകർക്കാണ് ഇതിനു അർഹത.

**സാമ്പത്തിക സഹായം**

പ്രോജക്ട് കോസ്റ്റിന്റെ 25% മാർജിൻ മണിയായി ലഭിക്കും. വായ്പ എടുക്കുന്ന വ്യക്തി സ്വന്തം വിഹിതമായി പ്രോജക്റ്റ് കോസ്റ്റിന്റെ 10% വഹിക്കണം. അടുത്ത മൂന്ന് വർഷത്തേയ്ക്ക് 200 യൂണിറ്റുകൾ ഇതിൽ ഉൾപെടുത്തും. ഈ കാലയളവിലേയ്ക്കായി 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

## ഫെസിലിറ്റേഷൻ/മാർക്കറ്റിംഗ്/പ്രചാരണം

പവർലൂം ഉത്പന്നങ്ങളുടെ വ്യാപക പ്രചാരണം– മുംബൈയിലെ ടെക്സ്റ്റൈൽ കമ്മീഷണർ ഓഫീസിൽ നിന്നും പവർ ലൂം മേഖലയിൽ വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തു വരുന്നുണ്ട്. ഇത്തരം പദ്ധതികളുടെ വ്യാപക പ്രചാരണം ഇലക്ട്രോണിക്, പത്ര മാധ്യമങ്ങൾ, ഫിലിം മീഡിയ, മൾട്ടിമീഡിയ തുടങ്ങിയ ആധുനിക സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി പവർലൂം മേഖലയെ ശക്തിപ്പെടുത്തുകയും ജനങ്ങളുടെ ഇടയിൽ പവർലൂം ഉത്പന്നങ്ങൾക്കു വലിയ പ്രാധാന്യം നൽകുകയുമാണ് ഉദ്ദേശ്യം.

പവർലൂം മേഖലയ്ക്കായി തയ്യാറാക്കുന്ന വിവിധ പദ്ധതികൾ സമയ ബന്ധിതമായി നടപ്പാക്കുന്നതിന് വോളന്റിയർ പ്രവർത്തനം കാര്യക്ഷമമാക്കും. ദേശീയ അന്തർദേശീയ വികസന പരിപാടികൾക്ക് ആവശ്യമായ സാമ്പത്തിക ആനുകൂല്യം വർധിപ്പിക്കും. അടുത്ത മൂന്ന് വർഷത്തേയ്ക്ക് സാമ്പ



ത്തിക സഹായമായി 10.5 കോടി രൂപ നീക്കി വച്ചിട്ടുണ്ട്. ഈ ഫണ്ട് ഉപയോഗിച്ച് ഫെസിലിറ്റേഷൻ സേവനങ്ങൾ നടപ്പാക്കും.

ഫെസിലിറ്റേഷൻ സേവനങ്ങൾ- പവർലൂം വീവേഴ്സിനു വേണ്ടി ഹെൽപ് ലൈൻ, രജിസ്ട്രേഷൻ ഫെസിലിറ്റി, എസ്. എം. എസ്. അലെർട്സ്, ബാങ്ക് സേവനങ്ങൾ, ബാങ്ക് ലോൺ ലഭ്യമാക്കൽ, സംരംഭക സെൽ സ്ഥാപിക്കൽ, ടെക്നിക്കൽ സഹായങ്ങൾ.

ഓൺലൈൻ പോർട്ടലുകൾ, മൊബൈൽ ആപ്ലിക്കേഷൻ മുതലായ സേവനങ്ങൾ, മാർക്കറ്റ് വികസനവും ബോധവത്കരണവും- സെമിനാറുകൾ, വർക്ക്ഷോപ്പുകൾ, ബയർ സെല്ലർ മീറ്റുകൾ, അന്തർദേശീയമായി റിവേഴ്സ് ബയേഴ്സ് സെല്ലർ മീറ്റുകൾ സംഘടിപ്പിക്കുക, പവർലൂം മാർക്കറ്റിംഗിനായി ഇ- പ്ലാറ്റ്ഫോം കണ്ടെത്തുക, തൊഴിലാളികൾക്കായി പഠനക്ലാസ് സംഘടിപ്പിക്കുക, യൂണിറ്റ് സന്ദർശനം, സർവേ, അവലോകന പരിപാടികൾ, പ്രത്യേക സ്കീമുകൾ നടപ്പാക്കൽ തുടങ്ങിയവ.

പവർലൂം മേഖലയെ കുറിച്ച് ഇലക്ട്രോണിക്/ പ്രിന്റ് മീഡിയ വഴി വ്യാപക പ്രചാരണം.

## ടെക്സ് വെഞ്ച്വർ ക്യാപിറ്റൽ ഫണ്ട്

സിഡ്ബി വെഞ്ചർ ക്യാപിറ്റൽ ഫണ്ട് ലിമിറ്റഡ് (എസ്. വി. സി. എൽ) എന്ന സ്ഥാപനം ടെക്സ്റ്റൈൽ മന്ത്രാലയത്തിന് വേണ്ടി സ്ഥാപനം തുടങ്ങുന്നതിനും, വിപുലീകരിക്കുന്നതിനുമായി ഫണ്ട് നിക്ഷേപിക്കും. സ്വകാര്യ പവർലൂം കമ്പനികൾക്കാണ് ഫണ്ട് ഇൻവെസ്റ്റ് ചെയ്യുന്നത്. കൂടിയത് പ്രോജക്ട് കോസ്റ്റിന്റെ 50%, പരമാവധി മൂന്ന് കോടി രൂപ എന്ന നിലയിൽ എസ്. വി. സി. എൽ കമ്പനി നിക്ഷേപിക്കും. ഇതിനായി അടുത്ത മൂന്ന് വർഷത്തേയ്ക്ക് 13 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

## പവർലൂം മേഖലയുടെ നവീകരണം

രാജ്യത്ത് ആകെ 47 പവർലൂം സർവീസ് സെന്ററുകൾ ആണുള്ളത്. 15 എണ്ണം കേന്ദ്ര ടെക്സ്റ്റൈൽ മന്ത്രാലയത്തിന് കീഴിൽ. 26 എണ്ണം ടെക്സ്റ്റൈൽ ഗവേഷണ അസോസിയേഷന്റെ കീഴിൽ (റ്റി. ആർ. എ). ആറ് എണ്ണം വിവിധ സംസ്ഥാന സർക്കാർ നിയന്ത്രണത്തിൽ.

## പവർലൂം സർവീസ് സെന്ററുകളുടെ സേവനങ്ങൾ

വീവിങ്ങ് ഗാർമെന്റിങ് മേഖലയിൽ പരിശീലനം, സാമ്പിൾ ടെസ്റ്റിംഗ്, ഡിസൈനുകൾ വികസിപ്പിക്കൽ, കൺസൾട്ടൻസി സേവനം, പവർലൂം സെക്ടറിൽ സെമിനാർ വർക്ക്ഷോപ്പ് മുതലായവ സംഘടിപ്പിക്കൽ. ഗ്രാന്റ് ഇൻ എയ്ഡ് രൂപത്തിൽ 17 ലക്ഷം രൂപ ലൂമുകൾക്കു നൽകും.

ആധുനിക മെഷീനറികൾ സ്ഥാപിച്ചു നിലവിലുള്ള ലൂമുകളെ ആധുനിക ലൂമുകളായി മാറ്റുന്നതിന് ഈ തുക വിനിയോഗിക്കും. അടുത്ത മൂന്ന് വർഷത്തേയ്ക്ക് 16 കോടി രൂപ മാറ്റി വച്ചിട്ടുണ്ട്. ■

**തയ്യാറാക്കിയത്: പ്രിയേഷ് റാവത്ത്**



കെ. ചന്ദ്രൻ

എക്സിക്യൂട്ടീവ് ഡയറക്ടർ,
ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം ടെക്നോളജി,
കണ്ണൂർ

# കൈത്തറിക്കിനി സുവർണ നാളുകൾ

രാജ്യത്ത് ഗ്രാമീണ ജീവിതത്തിന്റെയും, സമ്പദ് വ്യവസ്ഥ യുടെയും സജീവ ഭാഗമാണ് കൈത്തറി വ്യവസായം. കേരള ത്തിന്റെ സാമൂഹ്യ സാംസ്കാരിക മണ്ഡലങ്ങളിൽ ഇത്രയ ധികം വേരൂന്നിയ മറ്റൊരു പരമ്പരാഗത തൊഴിൽ മേഖല ഉണ്ടാ വില്ല. കേരളീയ സാമൂഹിക രൂപവത്കരണത്തിന്റെ വിവിധ ഘട്ട ങ്ങളിൽ രൂപപ്പെട്ടു വന്ന തൊഴിൽ എന്ന നിലയ്ക്കാണ് പരമ്പ രാഗത വ്യവസായങ്ങൾ വിവക്ഷിക്കപ്പെടുന്നത്. ആധുനിക ചരി ത്രകാരന്മാരുടെ പഠനത്തിൽ ബി. സി. 200– നും എ. ഡി. 800





പുസ്തകം 50 ലക്കം 1 ജൂൺ 2017
Volume 50 Issue 1 June 2017



വിതരണത്തിനായി തയ്യാറാക്കിയ യൂണിഫോം തുണികൾ

-നും ഇടയിൽ ഓരോരോ കൈത്തൊഴിലിനെ അടിസ്ഥാനമാക്കിയുള്ള തൊഴിൽ കൂട്ടങ്ങളായിട്ടാണ് ഈ സമൂഹം രൂപപ്പെട്ടതെന്നാണ് നിഗമനം. ഇക്കാലത്തു തന്നെയാണ് കൈത്തറി നെയ്ത്ത് ഒരു തൊഴിൽ സാങ്കേതിക വിദ്യ എന്ന നിലയ്ക്ക് വികസിച്ചതും.

സർക്കാർ രണ്ടാം വർഷത്തിലേയ്ക്ക് കടക്കുന്ന ഈ വേളയിൽ പരമ്പരാഗത വ്യവസായ രംഗത്ത്, വിശിഷ്യാ കൈത്തറി രംഗത്ത് ആശാവഹമായ മാറ്റങ്ങളാണ് ദൃശ്യമാകുന്നത്. ഒരു വർഷത്തിനിടെ സർക്കാർ തുടങ്ങിവെച്ച ക്ഷേമപദ്ധതികൾ നിരവധിയാണ്.



## ഹാന്റക്സിലും ഹാൻവീവിലും സർക്കാർ ഓഹരി കൂട്ടി

കൈത്തറി രംഗത്ത് സ്ഥാപനങ്ങളുടെ സാമ്പത്തികശേഷി മെച്ചപ്പെടുത്തുക എന്ന ഉദ്ദേശ്യത്തിൽ കൈത്തറി സഹകരണ സംഘങ്ങൾ, ഹാൻടെക്സ്, ഹാൻവീവ് എന്നീ സ്ഥാപനങ്ങളിൽ സർക്കാറിന്റെ ഓഹരി പങ്കാളിത്തം വർദ്ധിപ്പിക്കൽ, ഉത്പാദന പ്രക്രിയക്ക് ആവശ്യമായ പ്രവർത്തന മൂലധനമായി മാർജിൻ മണി വായപ്കൾ, അസംസ്കൃത വസ്തുക്കളുടെ വിലയെ ബന്ധിപ്പിച്ചുകൊണ്ടുള്ള സബ്സിഡി പങ്കാളിത്തം, മാർക്കറ്റിൽ വില്പനയെ അടിസ്ഥാനമാക്കി നൽകുന്ന റിബേറ്റ് സ്കീം തുടങ്ങിയ വിവിധ പദ്ധതികളിലായി 2445 ലക്ഷം രൂപയാണ് ബഡ്ജറ്റ് വിഹിതം വർദ്ധിപ്പിച്ച് നൽകിയത്.

## തൊഴിലാളി ക്ഷേമപ്രവർത്തനങ്ങൾ

കോൺട്രിബ്യൂട്ടറി ത്രിഫ്റ്റ് ഫണ്ട് സ്കീം, ഗ്രൂപ്പ് ഇൻഷുറൻസ് സ്കീം എന്നിവയാണ് കൈത്തറി മേഖലയിൽ ജോലി ചെയ്യുന്നവർക്കുള്ള ക്ഷേമപദ്ധതികൾ. ഇതിനുപുറമേ ക്ഷേമനിധി മുഖേനയുള്ള പെൻഷൻ വിതരണത്തിനും കൈത്തറി തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസം, വിവാഹം തുടങ്ങിയ അവസരങ്ങളിൽ ധനസഹായം നൽകുന്നതിനുമാണ് ത്രിഫ്റ്റ് ഫണ്ട് ഉപയോഗിക്കുന്നത്. കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ നെയ്ത്തുകാർക്കാണ് ഈ പദ്ധതി പ്രകാരം ധനസഹായം നൽകുന്നത്. എൽ. ഐ. സി. യുമായി ചേർന്ന് കേന്ദ്രസർക്കാർ നടപ്പിലാക്കുന്ന മഹാത്മാഗാന്ധി ബുൻകർ ബീമ യോജന (എം. ജി. ബി. ബി. വൈ) പ്രകാരമുള്ള തൊഴിലാളികളുടെ പ്രീമിയം തുകയാണ് അവർക്കുവേണ്ടി സംസ്ഥാന സർക്കാർ ഗ്രൂപ്പ് ഇൻഷുറൻസ് സ്കീമിൽ നൽകുന്നത്. തൊഴിലാളികൾ മരണപ്പെടുകയോ മാരകമായി പരിക്കേൽക്കുകയോ ചെയ്യുമ്പോൾ 1.5 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നതിനാണ് ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി വിഭാവന ചെയ്തിട്ടുള്ളത്. ക്ഷേമനിധി ബോർഡ് മുഖേന നടക്കുന്ന പെൻഷൻ വിതരണം കഴിഞ്ഞ കാലങ്ങളിൽ കുടിശ്ശികയായിരുന്നു. ഈ സർക്കാർ വന്നതിനു


# വയനാട് ഹോളോ ബ്രിക്സ്

പി.ഒ., മട്ടിലയം, മാനന്തവാടി, 670731
വയനാട്

ഫോൺ: 9744 271495
9744 954668



എല്ലാ വിധത്തിലുമുള്ള സിമന്റ് കട്ടകളും മിതമായ നിരക്കിൽ എത്തിച്ച് കൊടുക്കുന്നു...




പുസ്തകം 50 ലക്കം 1 ജൂൺ 2017
Volume 50 Issue 1 June 2017



വിവിധ സ്കൂളുകൾക്കുള്ള യൂണിഫോം തുണികൾ  വിതരണം ചെയ്യുന്നു

ശേഷം കഴിഞ്ഞ ഓണക്കാലത്തും വിഷുക്കാലത്തു മായി പെൻഷൻ 1000 രൂപയായി വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ട്.

## സാങ്കേതിക വിദ്യ നവീകരണം

ആധുനിക കമ്പോളത്തിലെ ഉപഭോക്തൃ ചോദനകൾക്കനുസരിച്ച് കൈത്തറി വസ്ത്രങ്ങൾക്ക് നവീന ഡിസൈനുകളും മൂല്യവർദ്ധിത ഉത്പാദ നവും സാധ്യമാക്കുന്നതിനായി ആധുനിക തൊഴി ലുപകരണങ്ങൾ,സാങ്കേതികവിദ്യ എന്നിവ നൽകു ന്നതിനും ഇവ ഉപയോഗിച്ച് തൊഴിൽ ചെയ്യുവാൻ തൊഴിലാളികളെ പ്രാപ്തമാക്കുന്നതിനുമുള്ള പരി ശീലന പരിപാടികളാണ് ഈ ദിശയിൽ നടപ്പിലാ ക്കിയത്.

ടെക്നോളജി അപ്ഗ്രഡേഷൻ ടു ഹാന്റ്ലൂം വീവേഴ്സ് സപ്ലൈ ഓഫ് അപ്ഗ്രേഡഡ് ടെക്നോളജീസ് സ്കിൽ നവീന ഡിസൈനുകളിൽ ഉല്പാദനം നടത്താനുള്ള ലാറ്റിസ് ഡോബികൾ, ജക്കാർഡുകൾ, പെഡൽ ലൂമുകൾ, ഇലക്ട്രിക്കലി ഓപ്പറേറ്റഡ് ജക്കാർഡുകൾ, ന്യൂമാറ്റിക് ജക്കാർഡ് മെഷീൻ, അഞ്ച് വീൽ ടേക്ക് അപ് മോഷൻ എന്നീ സാങ്കേതിക വിദ്യാ ഉപകരണങ്ങൾ നൽകി. വൈവി ധ്യമാർന്ന ഡിസൈനുകളിൽ ഉല്പാദനം സംഘടി പ്പിക്കുന്നതിനും തൊഴിലാളികളുടെ അധ്വാനഭാരം ലഘൂകരിക്കുന്നതിനും അതുവഴി സാധിച്ചു.

സ്കിൽ ഡവലപ്മെന്റ് ട്രെയിനിംഗ് ആന്റ് കപ്പാസിറ്റി ഡവലപ്മെന്റ് പ്രോഗ്രാമുകളിലൂടെ സംസ്ഥാനത്ത് 1000 നെയ്ത്തുകാർക്ക് മേൽപറഞ്ഞ നവീകരിച്ച സാങ്കേതിക വിദ്യകളിൽ പരിശീലന പരി പാടികൾ നടപ്പിലാക്കി. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായുള്ള 60 സൊസൈറ്റികളിലാണ് ഈ പദ്ധതി നടപ്പിലാക്കിയത്.

## നമ്മുടെ ഉൽപന്നം നമ്മുടെ ഉപഭോഗം

നാളിതുവരെ നടപ്പാക്കിയ കൈത്തറി വിക സന പരിപാടികളിൽ നിന്നെല്ലാം വ്യത്യസ്തമായി നടപ്പിലാക്കിയ സവിശേഷ പദ്ധതിയാണ് സൗജന്യ സ്കൂൾ യൂണിഫോം വിതരണം. സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ എൽ. പി. ക്ലാസുകളിൽ പഠിക്കുന്ന 4.8 ലക്ഷം കുട്ടികൾക്ക് ഈ അക്കാദ മിക്ക് വർഷം മുതൽ രണ്ട് ജോഡി യൂണിഫോം തയ്ക്കാനാവശ്യമായ 30 ലക്ഷം മീറ്റർ തുണി

കൈത്തറികളിൽ ഉത്പാദിപ്പിച്ചു നൽകാനാണ് പദ്ധതി ലക്ഷ്യമിട്ടത്. ഇതിനാവശ്യമായ അസംസ്കൃത വസ്തുക്കളും ഡൈയിംഗ് ഉൾപെടെയുള്ള സംസ്കരണ പ്രവർത്തനങ്ങളും ഉല്പാദനത്തിനാവശ്യമായ കൂലിച്ചെലവുകളും എല്ലാം സർക്കാർ മുതൽ മുടക്കിൽ നടപ്പിലാക്കുന്ന സവിശേഷ പദ്ധതിയാണിത്. ഇതുവഴി നമ്മുടെ കുട്ടികൾക്ക് പരിസ്ഥിതിക്കിണങ്ങുന്ന യൂണിഫോം വസ്ത്രം, കൈത്തറി തൊഴിലാളി കുടുംബങ്ങളിൽ മെച്ചപ്പെട്ട വരുമാനവും തൊഴിലും നൽകി നിർവഹിക്കപ്പെടുന്നു. കൈത്തറി തൊഴിൽ മേഖല പുഷ്ടിപ്പെടുത്തുന്നതോടൊപ്പം കമ്പോള സാധ്യത തുറന്നു ഭാവിയിലേയ്ക്കുള്ള മാർഗദർശനം നൽകുകയാണ് ഇതുവഴി സർക്കാർ ചെയ്തത്. ''നമ്മുടെ ഉൽപന്നം നമ്മുടെ ഉപഭോഗം'' എന്ന നയമാണ് ഇതുവഴി നടപ്പാക്കുന്നത്. 12 ജില്ലകളിലായി ഹാൻവീവിലും വിവിധ കൈത്തറി സ്ഥാപനങ്ങളിലുമായി 3000–ത്തോളം തറികളിൽ നെയ്തെടുത്ത വസ്ത്രങ്ങൾ കേന്ദ്ര ടെക്സ്റ്റൈൽസ് മന്ത്രാലയത്തിന്റെ അംഗീകൃത ലബോറട്ടറിയിൽ ഗുണമേന്മാ പരിശോധനയും നടത്തിയാണ് വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നത്. 82 കോടി രൂപയാണ് സർക്കാർ ഇതിനായി അനുവദിച്ചത്.

നാഷണൽ ഹാന്റ്ലൂം സെൻസസ് 2010–11 അനുസരിച്ച് കേരളത്തിലെ കൈത്തറി തൊഴിലാളികൾ വർഷത്തിൽ 246 ദിവസം ശരാശരി പണിയെടുക്കുന്നുവെന്നും ശരാശരി വാർഷിക വരുമാനം 34,496 രൂപയാണെന്നും പറയുന്നു. അതായത് ദിവസവേതനം ശരാശരി 140 രൂപമാത്രം. ഉയർന്ന വേതനം ലഭിക്കുന്നു എന്ന് വിശ്വസിക്കപ്പെടുന്ന കണ്ണൂർ ജില്ലയിൽ പോലും ശരാശരി വാർഷിക വരുമാനം 40,464 രൂപയാണ്. അതായത് പ്രതിദിനം 164 രൂപ. സ്കൂൾ യൂണിഫോം ഉല്പാദന പദ്ധതിയുമായി ബന്ധപ്പെട്ട് വേതന നിരക്ക് പരിശോധിച്ചാൽ ദിവസ ശരാശരി വേതനം 300 രൂപയ്ക്കടുത്തായി വർദ്ധിച്ചതായി കാണാം. (എട്ട് മീറ്റർ ഉല്പാദനം/ദിവസം)

തൊഴിലിനാവശ്യമായ എല്ലാ ഭൗതീക സാഹചര്യങ്ങളും ഒരുക്കി, തൊഴിലാളികളുടെ വരുമാനം മെച്ചപ്പെടുത്തി, അവരുടെ ജീവിതക്ഷേമ പ്രവർത്തനങ്ങളിലിടപെട്ട് ഐശ്വര്യപൂർണമായ നല്ല നാളെ കെട്ടിപ്പടുക്കാനാവശ്യമായ ആത്മവിശ്വാസം നൽകാനാണ് സർക്കാർ പരിശ്രമിക്കുന്നത്. കാലത്തിനൊത്ത് മാറുന്ന കൈത്തറി മേഖലയോടൊപ്പം കൈകോർക്കാൻ നമുക്കും അണിചേരാം. ■

**Prayan Enterprises**

(Soft Drinks)

Malamchitty, Vineeth Estate, Kuthanur, Palakkad

Kozhalmannam Block

aerofit
Interlock and Tiles Co.

റോഡ് നിർമ്മാണം, പട്രോൾ പമ്പ്
തുടങ്ങിയവയ്ക്കുള്ള Zig Zag
കട്ടകളും ലഭ്യമാണ്

Badriya Nagar, Peral
Kumbla, (P.O.) Mograla, Kasaragod - 671321
Ph: 9995 922 911 - 9895 242 572 - 9746 721 278

മലബാർ
സിമന്റ് പ്രോഡക്ട്സ്

പി.ഒ., തലപ്പുഴ, മാനന്തവാടി- 670 644
വയനാട്

All types of well Ring, Windows, Door frames, Fencing, show case, Cup board,, Hollow bricks, Concrete piller available here

- കിണർ കുഴിച്ച് റിംഗ് ഇറക്കി കൊടുക്കുന്നു. മുള്ളുവേലി ജോലികൾ ചെയ്ത് കൊടുക്കുന്നു.
- ഓർഡർ അനുസരിച്ച് മിതമായ നിരക്കിൽ ഉത്തരവാദിത്വത്തോടെ ജോലികൾ ചെയ്ത് കൊടുക്കുന്നു.

പ്രൊപ്രൈറ്റർ: വർഗ്ഗീസ് രാജു

ഫോൺ: 94 95 17 59 97
70 34 53 93 55



# കുരുന്നുകളുടെ ഉടുപ്പുകൾക്ക്
# ഇനി കൈത്തറി മണം

**രണ്ടേകാൽ ലക്ഷം കുട്ടികൾക്ക് സൗജന്യ യൂണിഫോം**

**2939 പേർ ചേർന്ന് നെയ്തെടുത്തത് 1064120 മീറ്റർ തുണി.**

കേരളത്തിലെ പരമ്പരാഗത വ്യവസായ രംഗത്ത് പ്രമുഖ സ്ഥാനത്തായിരുന്ന കൈത്തറി മേഖല പുതുതലമുറയ്ക്ക് അന്യമാകുന്ന ഒരവസ്ഥയിലേക്ക് വഴുതുന്ന കാഴ്ചയാണ് കഴിഞ്ഞ കുറെ വർഷങ്ങളായി നാം കണ്ടുവന്നത്. നെയ്ത്തുകൂലിയിലുള്ള കുറവ്, കൂടിയ അദ്ധ്വാന ഭാരം, പുതുതലമുറയ്ക്ക് ഈ തൊഴിലിനോടുള്ള വൈമുഖ്യം എന്നിവ കാരണമാണ് കൈത്തറി മേഖല തളർന്നുപോയത്. ഇവരെ മുഖ്യധാരയിലെത്തിക്കാനും വരുമാനം വർദ്ധിപ്പിക്കാനും തൊഴിൽ നിലനിർത്തുന്നതിനും സർക്കാറുകൾ നിരവധി പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കിയെങ്കിലും ഈ തൊഴിൽ മേഖലയിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് തടയാൻ കഴിഞ്ഞിട്ടില്ല. ഈ സാഹചര്യത്തിലാണ് തൊഴിലിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് പരമാവധി തടഞ്ഞ് തൊഴിലാളിക്ക് ന്യായമായ വേതനം നൽകി മുഖ്യധാരയിലെത്തിച്ച് നെയ്ത്തുകാരന്റെ കുടുംബത്തിൽ വരുമാന വർദ്ധനവ് ഉറപ്പാക്കാൻ സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി നടപ്പാക്കിയത്. ഇതിനായി ഏകദേശം



നെയ്ത്തുകാരുമായി നേരിട്ട് സംവദിച്ച്
മന്ത്രി എ.സി. മൊയ്തീൻ

130 ലക്ഷം മീറ്റർ തുണി ആവശ്യമുണ്ടെന്ന് വിദ്യാഭ്യാസ വകുപ്പ് തിട്ടപ്പെടുത്തി. കഴിഞ്ഞ ജൂണിൽ പദ്ധതി പ്രഖ്യാപിച്ചുവെങ്കിലും ഭരണപരമായ കാര്യങ്ങളാൽ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങിയത് ഡിസംബറിലാണ്.

## പ്രത്യേക സെൽ തുറന്നു

പദ്ധതി നടത്തിപ്പിന്റെ ഭാഗമായി ജില്ലാ തലത്തിൽ നെയ്ത്തിനുവേണ്ടി കണ്ടെത്തിയ തറികൾ ജില്ലാതല ഉദ്യോഗസ്ഥരും ഹാൻവീവും ചേർന്ന് പരിശോധിച്ച് തൊഴിലാളികളിൽ നിന്നും സമ്മത പത്രം വാങ്ങി. സ്കൂൾ യൂണിഫോമിനു വേണ്ടിവരുന്ന തുണിയുടെ അളവും, കളറും പൊതുവിദ്യാഭ്യാസ ഡയറക്ടർ തയ്യാറാക്കി. ഉല്പാദനത്തിനാവശ്യമായ തുണിക്ക് വേണ്ടിവരുന്ന നൂൽ വിതരണം ചെയ്തത് നാഷണൽ ഹാന്റ്‌ലൂം ഡവലപ്മെന്റ് കോർപറേഷനാണ്.

നെയ്ത്ത് ആരംഭിച്ചതു മുതൽ ലഭിച്ച നൂൽ, നെയ്ത തുണി, തറികളുടെ എണ്ണം എന്നിവ സംബന്ധിച്ച പുരോഗതി റിപ്പോർട്ട് ദിവസേന ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർമാർ അവലോകനം ചെയ്തു. കൈത്തറി ഡയറക്ടറേറ്റ് തലത്തിൽ ഒരു പർച്ചേഴ്സ് കമ്മിറ്റി രൂപീകരിച്ച് നൂൽ വാങ്ങുന്നതിന് ജില്ലാ വ്യവസായകേന്ദ്രങ്ങൾക്ക് അനുമതി നൽകി. നൂൽ വിതരണം ചെയ്യുന്നതിന് തയ്യാറായയാൺ ബാങ്കുകളുമായി ഉടമ്പടി തയ്യാറാക്കി. തമിഴ്നാട് സർക്കാരിന്റെ ഉടമസ്ഥതയിലുള്ള റ്റി. സി.





റ്റി. പി. തുണി ചായം മുക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കി.

സ്കൂൾ യൂണിഫോം പദ്ധതിയുടെ നടത്തിപ്പിനായി സംസ്ഥാനതലത്തിൽ പ്രത്യേക സെൽ രൂപീകരിച്ചു. ആദ്യഘട്ടത്തിൽ 3008 നെയ്ത്തുകാർ ഈ പദ്ധതിയിൽ ചേരുന്നതിന് തയ്യാറായി മുന്നോട്ടുവന്നു. 130 ലക്ഷം മീറ്റർ തുണിയുല്പാദനമാണ് ലക്ഷ്യമിട്ടിരുന്നത്. ലഭ്യമായ നെയ്ത്തുകാരെ ഉപയോഗിച്ച് പരമാവധി 10 ലക്ഷം മീറ്റർ തുണി മാത്രമേ കൈത്തറിയിൽ ഉല്പാദിപ്പിക്കാൻ കഴിയൂയെന്ന് ബോദ്ധ്യപ്പെട്ടതിനാലാണ് ഇത്തവണ ഒന്നു മുതൽ അഞ്ച് വരെ ക്ലാസുകളിലെ കുട്ടികൾക്ക് മാത്രമായി സൗജന്യ സ്കൂൾ യൂണിഫോം വിതരണം നിശ്ചയിച്ചത്.

## വിജയിച്ചത് കൂട്ടായ ശ്രമം

ആദ്യപടിയായി യൂണിഫോം നെയ്യുന്നതിന് സന്നദ്ധത അറിയിച്ച നെയ്ത്തുകാരെ കണ്ടെത്തി കരാറുണ്ടാക്കി. അതതിടങ്ങളിലെ ഇൻസ്പെക്ടർമാർ പരിശോധിച്ച് ഓരോ തറിക്കും തിരിച്ചറിയൽ നമ്പർ നൽകി. പ്രാരംഭ പ്രവർത്തനങ്ങളുടെ ഭാഗമായി തറികളിലെ അറ്റകുറ്റപ്പണി നടത്തുന്നതിനും അനുയോജ്യമായ അസംസ്കൃത ഉപകരണങ്ങൾ വാങ്ങുന്നതിനും ഓരോ തറിക്കും 4000/- രൂപാ ക്രമത്തിൽ വിതരണം ചെയ്തു.

നെയ്ത്തുകാർക്കാവശ്യമായ നൂൽ കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ദേശീയ കൈത്തറി വികസന കോർപറേഷന്റെ കണ്ണൂർ പ്രാദേശിക ഓഫീസ് മുഖേന രജിസ്റ്റർ ചെയ്ത സഹകരണ യാൺ ബാങ്കുകൾ വഴിയാണ് വിതരണം ചെയ്തത്. എൻ. എച്ച്. ഡി. സി. വിതരണം ചെയ്യുന്ന നൂലിന്റെ ഗുണമേന്മ പരിശോധിച്ച് ഉറപ്പു വരുത്തുന്നതിന് സംസ്ഥാന ടെക്സ്റ്റൈൽ കോർപറേഷനെയും നെയ്തെടുത്ത തുണിയുടെ ഗുണമേന്മാ പരിശോധനയ്ക്കായി ടെക്സ്റ്റൈൽ കമ്മിറ്റിയെയും ചുമതലപ്പെടുത്തി. അതോടൊപ്പം ക്വാളിറ്റി ഇൻസ്പെക്ടർമാർ ഗുണമേന്മ നിർണയം സംബന്ധിച്ച് ബോധവൽകരണ ക്ലാസ്സുകൾ നൽകി. തുടർന്ന് തറികൾ യൂണിഫോം തുണി നെയ്യുന്നതിന് സജ്ജമാക്കുന്നതിനും, ഉല്പാദനം കാര്യക്ഷമമായി നടക്കുന്നത് പരിശോധിച്ച് കൃത്യമായ അളവിൽ മുറിച്ചെടുത്ത് കളർ ചെയ്യുന്നതിനും ബന്ധപ്പെട്ട ഏജൻസികൾക്ക് നൽകുന്നതിനും നെയ്ത്തുകാരെ സഹായിക്കുന്നതിനും വേണ്ടി ഹാന്റെക്സ്, ഹാൻവീവ്, ഐ. ഐ. എച്ച്. റ്റി എന്നീ സ്ഥാപനങ്ങളിലെ മുഴുവൻ ക്വാളിറ്റി കൺട്രോൾ ഇൻസ്പെക്ടർമാരെയും ഈ പദ്ധതിയിൽ പങ്കാളികളാക്കി.

ചായം മുക്കിയശേഷം ഓരോ സ്കൂളുകളിലേയ്ക്കും ആവശ്യമുള്ള നിറങ്ങളിലും അളവുകളിലും അതത് വിദ്യാഭ്യാസ ഉപജില്ലാ ഓഫീസിന്റെ

കളക്ഷൻ സെന്ററുകളിൽ എത്തിക്കേണ്ട ചുമതല ഹാൻവീവും ഹാന്റെക്സും ചേർന്ന് നിർവഹിച്ചു. തിരുവനന്തപുരം മുതൽ എറണാകുളം വരെ ഹാന്റെക്സും തൃശൂർ മുതൽ കാസർഗോഡ് വരെ ഹാൻവീവും ദൗത്യം ഏറ്റെടുത്തു. നെയ്തെടുത്ത തുണി അതത് ജില്ലകളിൽ നിന്ന് ശേഖരിച്ച് തമിഴ്നാട് സർക്കാരിന്റെ ഉടമസ്ഥതയിലുള്ള തമിഴ്നാട് കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽ പ്രോസസിംഗ് മിൽ, മേട്ടുപ്പാളയത്തുള്ള യുണൈറ്റഡ് ബ്ലീച്ചേഴ്സ് ലിമിറ്റഡ് എന്ന സ്ഥാപനങ്ങളിൽ എത്തിച്ച് നിശ്ചിത അളവിലും കളറിലും ചായം മുക്കി തിരികെ എത്തിക്കുന്ന ജോലിയും ഹാന്റക്സും ഹാൻവീവും ചേർന്ന് നിർവഹിച്ചു.



ടി. സി. ടി. പി. യിൽ ചായം മുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് രണ്ട് ക്വാളിറ്റി കൺട്രോൾ ഇൻസ്പെക്ടർമാരെ നിയോഗിച്ചു.

## വേതനം ബാങ്ക് അക്കൗണ്ട് വഴി

പദ്ധതിയിൽ ചേർന്ന നെയ്ത്തുകാർക്ക് അവർ നെയ്യുന്ന തുണിക്കുള്ള കൂലി ഡയറക്റ്റ് ബെനിഫിറ്റ് ട്രാൻസ്ഫർ വഴി അവരവരുടെ ബാങ്ക് അക്കൗണ്ടിലൂടെയാണ് നൽകിയത്. അതോടൊപ്പം തൊഴിലാളി പ്രതിനിധാനം ചെയ്യുന്ന പ്രാഥമിക കൈത്തറി സംഘത്തിന് സാമ്പത്തികമായി നേട്ടമുണ്ടാകുന്ന തരത്തിൽ സംവിധാനമൊരുക്കി. ഇതുവഴി നെയ്ത്തുമേഖലയിലെ മൂവായിരത്തോളം നെയ്ത്തുകാർക്കും അയ്യായിരത്തോളം അനുബന്ധ തൊഴിലാളികൾക്കും സ്ഥിരമായി തൊഴിൽ നൽകാനായി. അന്യം നിന്ന് പോയേക്കാവുന്ന ഒരു പരമ്പരാഗത വ്യവസായത്തിലെ തൊഴിലാളികളെയും അവരുടെ കുടുംബത്തേയും വരുമാന വർദ്ധനവിലൂടെ സാമൂഹ്യ ജീവിതത്തിന്റെ മുഖ്യധാരയിലെത്തിക്കാനുള്ള ശ്രമമാണ് നടന്നുവരുന്നത്.

## ഇതുവരെ ചെലവ് 22 കോടി

യൂണിഫോം പദ്ധതിക്കു വേണ്ടി സർക്കാർ അനുവദിച്ച ഫണ്ടിൽ നിന്നും നൂൽ, കൂലി, തറി, അനുബന്ധ ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തൽ, നൂൽ, തുണി എന്നിവയുടെ പരിശോധന, ക്വാളിറ്റി ഇൻസ്പെക്ടർമാരുടെ പ്രതിഫലം, കളറിംഗ് ചാർജ്, ട്രാൻസ്പോർട്ടേഷൻ, മറ്റ് അനുബന്ധ ചെലവുകൾ എന്നിവയ്ക്കായി ഇതുവരെ 22 കോടിയിലധികം രൂപ ചെലവഴിച്ചു.

## മേൽനോട്ടം വഹിക്കാൻ സമിതികൾ

പദ്ധതിയുടെ സുഗമമായ നടത്തിപ്പിനു വേണ്ടി സംസ്ഥാനതല സമിതിയും ജില്ലകളിൽ ട്രേഡ് യൂണിയൻ പ്രവർത്തകർ, നെയ്ത്തു തൊഴിലാളികൾ, ജില്ലാ വ്യവസായ കേന്ദ്രം ഉദ്യോഗസ്ഥർ എന്നിവരടങ്ങുന്ന ജില്ലാതലസമിതിയും രൂപീകരിച്ചു. സർക്കിൾ തലത്തിൽ സഹകരണ ഇൻസ്പെക്ടർ, പഞ്ചായത്ത് അധികൃതർ, നെയ്ത്തുകാരൻ എന്നിവരടങ്ങുന്ന സമിതി സജ്ജീകരിച്ച് ഓരോ ദിവസത്തെയും പുരോഗതി വിലയിരുത്തി നെയ്ത്തുകാർക്ക് വേണ്ട സഹായങ്ങൾ എത്തിച്ചു. സമയബന്ധിതമായി ഇടതടവില്ലാതെ പാവ് സജ്ജീകരിക്കുന്നതിനും നൂൽ ലഭ്യമാക്കുന്നതിനും സമിതികളുടെ പ്രവർത്തനം മുതൽക്കൂട്ടായി.

## രാപ്പകൽ അദ്ധ്വാനിച്ചത് 2929 നെയ്ത്തുകാർ

സംസ്ഥാനത്തെ 233 പ്രാഥമിക സംഘങ്ങളിലെ നെയ്ത്തുകാരും ഹാൻവീവിലെ 374 പേരും ഉൾപ്പെടെ 2929 നെയ്ത്തുകാർ ദൗത്യം ഏറ്റെടുത്തു. 10,64,120 മീറ്റർ തുണി ആകെ നെയ്തു. 726.56 ലക്ഷം രൂപ വില വരുന്ന 3.38 ലക്ഷം കിലോഗ്രാം നൂലാണ് ഇതുവരെ ഉപയോഗിച്ചത്. സംസ്ഥാനത്തൊട്ടാകെ 2718 സർക്കാർ സ്കൂളുകളിൽ പ്രൈമറി ക്ലാസ്സിലെ ഒന്നു മുതൽ അഞ്ച് വരെ പഠിക്കുന്ന 2.25 ലക്ഷത്തോളം കുട്ടികൾക്ക് സൗജന്യമായി രണ്ട് ജോഡി സ്കൂൾ യൂണിഫോം നൽകും. തൊഴിലാളികൾക്ക് കൂലിയിനത്തിൽ ഇതുവരെ 11.72 കോടി രൂപ വിതരണം ചെയ്തു. ■




സൗജന്യ യൂണിഫോം വിതരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് നിർവഹിക്കുന്നു.

# കൈത്തറിക്കിനി സ്ഥിരവിപണി

അടുത്ത അദ്ധ്യയന വർഷം എട്ടാം ക്ലാസ്സു വരെയുള്ള എല്ലാ കുട്ടികൾക്കും സൗജന്യമായി കൈത്തറി യൂണിഫോം നൽകുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. സർക്കാർ-എയ്ഡഡ് വിദ്യാലയങ്ങളിലെ എൽ. പി. വിഭാഗം വിദ്യാർത്ഥികൾക്ക് യൂണിഫോമിനുള്ള തുണി സൗജന്യമായി വിതരണം ചെയ്യുന്ന പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി. ഏറെ പ്രതിസന്ധിയിലായിരുന്ന കൈത്തറി നെയ്ത്ത് മേഖലയിലെ തൊഴിലാളികൾക്ക് സ്ഥിരമായ വരുമാനവും ഉല്പന്നങ്ങൾക്ക് സ്ഥിരതയുള്ള ഉറച്ച വിപണിയും ഉറപ്പാക്കാൻ യൂണിഫോം വിതരണ പദ്ധതി വഴിയൊരുക്കുമെന്ന് മുഖ്യമന്ത്രി പ്രത്യാശിച്ചു. നിരവധി കുടുംബങ്ങൾ വരുമാനമാർഗം കണ്ടെത്തിയിരുന്ന പരമ്പരാഗത വ്യവസായ മേഖലകളിൽ മുമ്പന്തിയിലായിരുന്നു ഒരു കാലത്ത് കൈത്തറിയുടെ സ്ഥാനം. ശക്തമായ പ്രവർത്തന പാരമ്പര്യമുള്ള സഹകരണ സംഘങ്ങളാണ് കൈത്തറി നെയ്ത്ത് വ്യവസായത്തെ സംരക്ഷിച്ചു പോന്നത്. സ്കൂൾ വിദ്യാർത്ഥികൾ കൈത്തറി വസ്ത്രം ശീലമാക്കുന്നതോടെ ഈ രംഗത്ത് എത്രയധികം തുണി ഉല്പാദിപ്പിച്ചാലും വിൽക്കാതെ കെട്ടിക്കിടക്കുന്ന സ്ഥിതിയുണ്ടാവില്ല. പുതു തലമുറക്കാരെയുൾപെടെ ഈ തൊഴിലിലേയ്ക്ക് ആകർഷിക്കുന്നതിന് യൂണിഫോം വിതരണ പദ്ധതി തീർച്ചയായും വഴി തെളിക്കുമെന്ന് മുഖ്യമന്ത്രി വ്യക്തമാക്കി. വലിയ തോതിൽ തുണി ഉല്പാദിപ്പിക്കുന്നതിനാലും ഉറച്ച



വിപണിയായതിനാലും ഹാൻറ്ക്സും ഹാൻവീവും വില ആനുപാതികമായി കുറയ്ക്കണമെന്നും മുഖ്യമന്ത്രി അഭ്യർത്ഥിച്ചു. തൊഴിലാളിക്ക് മികച്ച കൂലി കിട്ടുന്ന സ്ഥിതിയുണ്ടാവണം. ഒരു സാമൂഹിക ക്ഷേമപ്രവർത്തനമായിത്തന്നെ ഇതിനെ കാണേണ്ടതുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു.

സർക്കാർ- എയ്ഡഡ് സ്കൂളുകളിലെ അഞ്ചാം ക്ലാസ്സു വരെയുള്ള കുട്ടികൾക്ക് സൗജന്യമായി രണ്ട് ജോഡി യൂണിഫോം വിതരണം ചെയ്യുന്നതു വഴി കൈത്തറി മേഖലയിൽ രണ്ട് ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞതായി ആദ്ധ്യക്ഷ്യം വഹിച്ച വ്യവസായമന്ത്രി എ. സി. മൊയ്തീൻ അറിയിച്ചു. 233 കൈത്തറി സംഘങ്ങളിലെ തൊഴിലാളികൾ ഈ പദ്ധതിക്കുവേണ്ടി അദ്ധ്വാനിച്ചിട്ടുണ്ട്. 11.72 കോടി രൂപ ഇതിനകം തൊഴിലാളികൾക്ക് കൂലിയായി നൽകിയിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു. 2718 സ്കൂളുകളിലെ കുട്ടികൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കും. തുണിയുടെയും നൂലിന്റെയുമൊക്കെ ഗുണനിലവാരം ഉറപ്പാക്കിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. അതിനായി 43 ഗുണമേന്മാ നിർണയ ഇൻസ്പെക്ടർമാരാണ് നെയ്ത്തിടങ്ങൾ സന്ദർശിച്ചത്. തറിയുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് 4,000 രൂപ വരെ ധനസഹായം അനുവദിച്ചു. 150 രൂപയിൽ താഴെ മാത്രം ദിവസ വരുമാനം ലഭിച്ചിരുന്ന നെയ്ത്ത് തൊഴിലാളികളുടെ വേതനം 450 മുതൽ 600 രൂപ വരെ വർദ്ധിപ്പിക്കാൻ യൂണിഫോം വിതരണ പദ്ധതി സഹായിച്ചതായി മന്ത്രി പറഞ്ഞു.

യൂണിഫോം തുണി ലഭിക്കാത്ത സ്കൂളുകളിലെ കുട്ടികൾക്ക് അതിനുവേണ്ട തുക നൽകാനുള്ള നടപടി പൂർത്തിയായിട്ടുണ്ടെന്ന് വിദ്യാഭ്യാസമന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് അറിയിച്ചു. ഇത്തവണ യൂണിഫോമിനൊപ്പം പാഠപുസ്തകങ്ങളും അദ്ധ്യയനവർഷാരംഭത്തിൽ തന്നെ ലഭിക്കുമെന്ന് അദ്ദേഹം വിദ്യാർത്ഥികൾക്ക് ഉറപ്പുനൽകി. പരമ്പരാഗത വ്യവസായ മേഖലയെ ഗൗരവമായി സംരക്ഷിക്കുന്ന യൂണിഫോം പദ്ധതി സർക്കാരിന്റെ ഒരു വർഷത്തെ ഭരണത്തിലെ മികച്ച നേട്ടങ്ങളിലൊന്നാണെന്ന് റവന്യൂമന്ത്രി ഇ. ചന്ദ്രശേഖരൻ പറഞ്ഞു. ആർക്കും രക്ഷിക്കാനാകാത്ത വിധം കൈത്തറി മേഖല തകർന്നു പോയെന്നു വിലപിച്ചവർക്കു പോലും പ്രത്യാശ പകരുന്നതാണ് യൂണിഫോം വിതരണ പദ്ധതിയെന്ന് സഹകരണ- ടൂറിസം മന്ത്രി കടകംപള്ളി സുരേന്ദ്രൻ പറഞ്ഞു.

ഡെപ്യൂട്ടി സ്പീക്കർ വി. ശശി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി. കെ. മധു, വ്യവസായ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സഞ്ജയ് കൗൾ, കൈത്തറി ജനറൽ കൗൺസിൽ ജനറൽ സെക്രട്ടറി അറയ്ക്കൽ ബാലൻ, കൈത്തറി ഡയറക്ടർ കെ. സുധീർ, ഹാൻവീവ് ചെയർമാൻ കെ. പി. സഹദേവൻ, ഹാൻടെക്സ് പ്രസിഡന്റ് പെരിങ്ങമല വിജയൻ സംബന്ധിച്ചു. ■

അജിത് കട്ടയ്ക്കാൽ



നിശ്ചലമാക്കപ്പെട്ട കൈത്തറികൾക്കും ഇഴകൾ പൊട്ടിപ്പോയ ജീവിതങ്ങൾക്കും പുത്തൻ ഉണർവും ഊർജവും നൽകിയാണ് വേനൽകാലം പിറന്നത്. മാറിയ കാലത്തിന്റെ ശീലക്കേടുകളിൽ പകച്ചും കിതച്ചും ആസന്നഭാവിയിൽ വരാൻ പോകുന്ന അശുഭകരമായ വാർത്തകൾക്ക് ചെവിയോർത്തും കഴിഞ്ഞ കൈത്തറി മേഖലയ്ക്ക് പ്രതീക്ഷകളുടെ പച്ചപ്പും പുതിയ ലക്ഷ്യങ്ങളും നൽകാൻ ഇന്ന് സർക്കാരിന് കഴിഞ്ഞിരിക്കുന്നു.

ഒരു കാലത്ത് തറികളിൽ ഊടും പാവും സ്വന്തം ജീവിതങ്ങളും നെയ്തെടുത്തിരുന്ന കുടുംബങ്ങൾ അനേകമുണ്ടായിരുന്നു നാട്ടിൽ. ഉദയം മുതൽ അസ്തമയം വരെ നിലയ്ക്കാതെ ചിലച്ചും ചലിച്ചും ഓടിയിരുന്ന തറിയോടങ്ങൾക്ക് അപ്രതീക്ഷിതമായി സംഭവിച്ച സ്തംഭനാവസ്ഥ വരുത്തി വച്ച നഷ്ടങ്ങൾ ചെറുതല്ല. കൈത്തറി മേഖലയിൽ ഉപജീവനം കണ്ടെത്തി കഴിഞ്ഞിരുന്ന അനേകം കുടുംബങ്ങൾ ഭാവിയെന്ന വലിയ ചോദ്യചിഹ്നത്തിന് മുമ്പിൽ പകച്ചു നിന്ന നാളുകൾ. കൈത്തറിയുടെ ഉന്നമനത്തിനായി നിലകൊണ്ട സഹകരണ സംഘങ്ങൾക്ക് മിക്കതിനും തുറക്കാനാവാത്ത വിധം താഴ് വീണു. ഇവയെ ചുറ്റിപ്പറ്റി ജീവിത സ്വപ്നങ്ങൾ നെയ്ത കുടുംബങ്ങളിൽ നിരാശയുടെ കരിനിഴലുകൾ വന്നു നിറഞ്ഞു.

# കൈത്തറിക്ക് പുതുജീവൻ

സ്വപ്നങ്ങളും പ്രതീക്ഷകളും ഉപേക്ഷിക്കപ്പെടാൻ ഒരു സമൂഹം നിർബന്ധിതമായ പൊല്ലാക്കാലം. ഓർക്കാപ്പുറത്ത് പട്ടിണിയിലേയ്ക്കും കൊടിയ ദാരിദ്ര്യത്തിലേയ്ക്കും തള്ളിയിടപ്പെടുകയാണെന്ന തിരിച്ചറിയലിൽ പലരും കളം വിടാൻ നിർബന്ധിതരായി. സമവായം നഷ്ടപ്പെട്ട പ്രതിസന്ധികളും അധികൃതരുടെ തെറ്റായ നയങ്ങളും പിടിപ്പു കേടുകളും അനാരോഗ്യകരമായ പ്രവണതകളും കൈത്തറി രംഗത്ത് വരുത്തിവച്ച വറുതിക്കാലം താണ്ടാൻ പെടാപ്പാടു പെട്ട നാളുകൾ. ഹൃദയത്തോട് ചേർത്തുപിടിച്ച് ഉപജീവനമായി കൊണ്ടു നടന്നിരുന്ന സ്വന്തം തൊഴിൽ മനസില്ലാ മനസോടെ ഉപേക്ഷിച്ച പലരും പുതിയ തട്ടകങ്ങൾ തേടാൻ നിർബന്ധിതരായി. കൈത്തറി മേഖലയെ മുഖ്യജീവനോപാധിയായി കരുതി, വറുതിക്കാലത്തിനൊടുവിൽ ഒരു നല്ലകാലം പിറക്കുമെന്ന പ്രതീക്ഷ കൈവിടാതെയുള്ള നെയ്ത്തുകാരുടെ കാത്തിരിപ്പിന് ഒടുവിലിതാ ശുഭപര്യവസാനം.

കഴിഞ്ഞ കുറെ വർഷങ്ങളായി കൈത്തറി മേഖല അഭിമുഖീകരിക്കുന്ന പ്രതിസന്ധികളും അപചയങ്ങളും ചെറുതല്ല. ഈ മേഖലയ്ക്ക് ഓർക്കാപ്പുറത്ത് സംഭവിച്ച അപചയങ്ങളും പരാജയങ്ങളും പലരുടെയും ജീവിതങ്ങളിലും പ്രതിഫലിച്ചു. പ്രത്യക്ഷമായും പരോക്ഷമായും കൈത്തറിയെ ഉപജീവനമായി കൊണ്ടുനടന്നവർ കടുത്ത സാമ്പത്തിക പ്രതിസന്ധികളിലേയ്ക്ക് എടുത്തെറിയപ്പെട്ടു. നെയ്ത്തുകാരന്റെ വീട്ടിലേയ്ക്ക് ദാരിദ്ര്യവും നിസഹായതയും അതിഥികളായെത്തി. തീ പുകയാത്ത



ഷൈബ

അടുപ്പുകൾ ദാരിദ്ര്യത്തിന്റെ പ്രതീകങ്ങളായി. വിശപ്പ് സഹിക്കാതെ വാവിട്ടു കരഞ്ഞ കുഞ്ഞുങ്ങളുടെ അരവയർ നിറയ്ക്കാൻ പലരും ഇതര തൊഴിൽ മേഖലകളിൽ അഭയം തേടാൻ നിർബന്ധിതരായി. പിന്നെയും ബാക്കിയായവർ നാമമാത്രമായി ലഭിക്കുന്ന നെയ്ത്തുജോലികളിൽ അഭയാർഥികളെപോലെ പണിയെടുത്തു. എല്ലു മുറിയെ പണിഞ്ഞിട്ടും അരവയർ നിറയ്ക്കാൻ പാടുപെട്ടു. പാർശ്വവൽകൃത വിഭാഗമായി ചാപ്പ കുത്താൻ മാനസികമായി സ്വയം തയ്യാറെടുത്ത ഒരു സമൂഹത്തിനാകെ ആശ്വാസവും പ്രതീക്ഷകളുടെ പച്ചപ്പും നൽകുകയാണ് ഇന്ന് സർക്കാർ.

സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ അഞ്ചാം ക്ലാസു വരെയുള്ള വിദ്യാർത്ഥികൾക്ക് വർണ- വർഗ- ലിംഗ വ്യത്യാസമില്ലാതെ സൗജന്യമായി യൂണിഫോം വിതരണം ചെയ്യാനുള്ള സർക്കാർ നടപടി പരമ്പരാഗത തൊഴിൽ മേഖലയ്ക്ക് പുതുജീവൻ നൽകിയിരിക്കുകയാണ്. സമയബന്ധിതമായി സർക്കാർ വിദ്യാലയത്തിലെ കുട്ടികളുടെ കൈകളിൽ കൈത്തറി യൂണിഫോം എത്തിക്കുകയെന്നത് വലിയൊരു ദൗത്യമാണ്.

സംസ്ഥാനത്തെ 223 പ്രാഥമിക സഹകരണ സംഘങ്ങളിലെ അംഗങ്ങളും ഹാൻവീവിലെ 374 പേരും ഉൾപ്പെടെ 2929 നെയ്ത്തുകാർ ഈ പദ്ധതി ഏറ്റെടുത്ത് സംസ്ഥാനത്തെ മൂവായിരത്തോളം തറികൾക്ക് പുതുജീവനേകിയിരിക്കയാണ്. ഒട്ടുമിക്ക വാർത്താമാധ്യമങ്ങളും ബോധപൂർവം തമസ്കരിച്ച ഒരു മഹായജ്ഞത്തിലൂടെ അനേകങ്ങൾ ജീവിതത്തിലേയ്ക്ക് മടങ്ങാൻ ഒരുങ്ങുകയാണ്. മാന്യമായ വേതനവ്യവസ്ഥകളിലൂടെയും സുതാര്യമായ പദ്ധതിയിലൂടെയും കൈത്തറി മേഖലയെ കേരളത്തിന്റെ മുഖ്യ വ്യവസായധാരയിലേയ്ക്ക് കൈപിടിച്ചുയർത്താനുള്ള സർക്കാരിന്റെ സ്വപ്ന പദ്ധതി ഈ മേഖലയെ ആശ്രയിച്ച് കഴിയുന്നവർക്ക് നൽകിയ ആശ്വാസം ചെറുതല്ല.

സമയബന്ധിതമായി സംസ്ഥാനത്തെ സർക്കാർ വിദ്യാലയത്തിലെ കുട്ടികൾക്ക് കൈത്തറി യൂണിഫോം ലഭ്യമാക്കുന്നതിനായി അഹോരാത്രം തറികളിൽ ഊടും പാവും നെയ്യുന്നവരുടെ ജീവിതത്തിലും വർണനൂലുകളാൽ പുതിയ സ്വപ്നങ്ങൾ ഇഴചേരുകയാണ്. തറികളിൽ മാന്ത്രികത വിരിയിച്ച് കൈത്തറി യൂണിഫോം പദ്ധതിയിൽ അസൂയാവഹമായ നേട്ടങ്ങൾ കൊയ്ത രണ്ടുപേരാണ് ഷൈബയും വിജയനും. അവരുടെ നെയ്ത്തു ജീവിതങ്ങളെ അടുത്തറിയാം.

സഹപ്രവർത്തകർക്കൊപ്പം ഷൈബ





# നെയ്ത്തിൽ വിസ്മയമായി ഷൈബ

സർക്കാർ പള്ളിക്കൂടത്തിലെ അഞ്ചാം ക്ലാസ്സു വരെയുള്ള പഠിതാക്കൾക്ക് സർക്കാർ സൗജന്യ മായി നൽകുന്ന യൂണിഫോം നെയ്തു തീർക്കുന്ന തിന്റെ തിരക്കിലാണ് ഷൈബ. ജനുവരി 24 മുതൽ തുടങ്ങിയ സപര്യയാണ്. ഊടും പാവുമായി ഷൈബയുടെ തറിയിൽ എത്തുന്ന നൂലുകൾ യൂണി ഫോമായി ഉരുവം പ്രാപിക്കുന്നു. സ്കൂൾ തുറക്കു മ്പോൾ കുട്ടികളുടെ കൈകളിലെത്താനുള്ള തുണി കളാണ്. ഷൈബ മാത്രമല്ല, കണ്ണറവിളയിൽ പ്രവർത്തിക്കുന്ന അതിയന്നൂർ വില്ലേജ് ഇന്റഗ്രേറ്റഡ് ഹാന്റ്ലൂം വീവേഴ്സ് ഡവലപ്മെന്റ് കോ-ഓപ്പറേ റ്റീവ് സൊസൈറ്റിയിലെ പത്തു പേരടങ്ങുന്ന ഒരു സംഘം തന്നെ തറികളിൽ തങ്ങളുടെ പാടവം തെളി യിക്കുകയാണ്. ഷൈബയെ കൂടാതെ ബിന്ദു, ഷീല, ഷൈനി, സന്ധ്യ, ആരതി, സുധ, ബിന്ദു പിന്നെ ശശി ധരനും. ആകെ മന്ദഗതിയിലായിരുന്ന തങ്ങളുടെ സഹകരണ സംഘത്തിനും അതിലെ നെയ്ത്തു കാർക്കും സർക്കാർ തീരുമാനം പുതിയൊരു ഉത്സാ ഹവും ഉണർവും നൽകിയിരിക്കയാണ്. സൊസൈ റ്റിയിൽ സ്ഥാപിച്ചിരിക്കുന്ന തറികളിൽ മങ്കമാർ മത്സ രിച്ച് യൂണിഫോം നെയ്യുന്നു. പലരും ദിവസേന പ്രതീക്ഷക്കുമപ്പുറം മീറ്ററുകൾ തുണി നെയ്യുന്നു ണ്ടെങ്കിലും ഇവർക്കും ഷൈബ ഒരു വിസ്മയമാ ണ്. തറിയിൽ ഊടയുടെ (ഓടം) പോക്കുവരവു കൾക്ക് അനുസരിച്ച് തുണികൾ ഇഴപാകുമ്പോൾ ഷൈബയുടെ തറിയിൽ ഓടം ഓടുകയല്ല പറക്കു കയാണ്. ദിവസേന ശരാശരി 13 മീറ്റർ തുണിയാണ് ഷൈബ നെയ്തുണ്ടാക്കുന്നത്.

### തറിയിൽ ഭ്രമിച്ച ബാല്യം

അതിയന്നൂർ വില്ലേജ് ഇന്റഗ്രേറ്റഡ് ഹാന്റ്ലൂം വീവേഴ്സ് ഡവലപ്മെന്റ് കോ-ഓപ്പറേ റ്റീവ് സൊസൈറ്റിയിലെത്തിയിട്ട് ഒരു വ്യാഴവട്ടം കഴിഞ്ഞ ഷൈബയുടെ കരവിരുതിനെ കുറിച്ച് അറി യണമെങ്കിൽ നമ്മൾ രണ്ടര പതിറ്റാണ്ട് പിന്നോട്ട് നടക്കേണ്ടിവരും. കല്ലറവിളാകത്തിന് സമീപം മണ്ണ ക്കല്ലിലായിരുന്നു ഷൈബയുടെ കുടുംബം. സ്കൂൾ വിദ്യാഭ്യാസ കാലത്തിനിടെ തന്നെ തറികളിൽ ഭ്രമിച്ചുപോയ ഒരു ബാല്യം. നൂലുകളിൽ നിന്നും തുണികൾക്ക് രൂപം നൽകുന്ന തടികളിൽ തീർത്ത യന്ത്രത്തിന്റെ മാന്ത്രികതയിൽ മനം മയങ്ങിപ്പോയ വൾ. കുട്ടിക്കാലത്തേ നെയ്ത്തുവിദ്യയിൽ പരിശീ ലനം നേടിയ ഷൈബ കൗമാരത്തിൽ തന്നെ സ്വ ന്തമായി തുണികൾ നെയ്യാൻ തുടങ്ങി. ഷൈബ യുടെ വരുമാനം കുടുംബത്തിന്റെ പ്രാരാബ്ദ ങ്ങൾക്ക് ഒരു താങ്ങായി. നെയ്ത്ത് വഴി കൈവന്ന സമ്പാദ്യത്തിൽ ചെറിയൊരു തുക സ്വരുക്കൂട്ടി ഒരു തറി സ്വന്തമാക്കി. സ്വന്തം തറിയിൽ ഊടും പാവും നെയ്യുന്നതിന് സമാന്തരമായി നെയ്ത്തിനെ ചുറ്റി പ്പറ്റി അവർ ജീവിത സ്വപ്നങ്ങളും നെയ്തെടുത്തു.

ഇരുപതാം വയസ്സിൽ അവണാകുഴി ഓണംകോട് മേലെ വലിയവിള പുത്തൻവീട്ടിൽ

തങ്കരാജ് വരണമാല്യം ചാർത്തി ഷൈബയെ ജീവിത സഖിയായി കൂട്ടിക്കൊണ്ടു വന്നപ്പോൾ ജീവിതം നെയ്തെടുത്ത തറിയെ ഉപേക്ഷിക്കേണ്ടി വരുമെന്ന ആശങ്കയുണ്ടായിരുന്നു. പക്ഷെ തങ്കരാജിൽ നിന്നും മികച്ച പ്രോത്സാഹനമായിരുന്നു ഷൈബയ്ക്ക് ലഭിച്ചത്. ഭർത്താവിന്റെ സഹായവും അകമഴിഞ്ഞ പ്രോത്സാഹനവും കൂടിയായപ്പോൾ ഷൈബയുടെ തറിക്ക് വീണ്ടും ജീവൻ വച്ചു. തറിയിൽ ജീവിതവും നൂലിഴകളാൽ സ്വപ്നങ്ങളും നെയ്യാൻ ഷൈബ വീണ്ടും കോപ്പുകൂട്ടി. തറിയിലെ കട്ടകളിൽ ഓടിയെത്താൻ ഓടം തിരക്കുകൂട്ടി. ഷൈബയുടെ തറിയിലെ പാവുകളിൽ ചുറ്റിയ നൂലുകൾ വസ്ത്രങ്ങളിലേയ്ക്ക് രൂപം മാറാൻ വെമ്പി. അങ്ങനെയാണ് വിവാഹാനന്തരം ഷൈബ ഭർതൃഗൃഹത്തിന് സമീപം പ്രവർത്തിക്കുന്ന അതിയന്നൂർ വില്ലേജ് ഇന്റഗ്രേറ്റഡ് ഹാന്റ്‌ലൂം വീവേഴ്സ് ഡവലപ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിലെത്തിയത്.

## ഒരു ദിവസം 13 മീറ്റർ

സർക്കാർ സ്കൂളുകളിൽ അഞ്ചാം തരം വരെ പഠിക്കുന്ന കുട്ടികൾക്ക് സൗജന്യമായി യൂണിഫോം ലഭ്യമാക്കുന്നതിനായുള്ള നെയ്ത്ത് യജ്ഞത്തിന്റെ മുന്നണി പോരാളിയാണ് ഇന്ന് ഷൈബ. ഇവർക്കൊപ്പം പത്തുപേർ അടങ്ങുന്ന നെയ്ത്ത് സംഘവുമുണ്ട് അതിയന്നൂർ വില്ലേജ് ഇന്റഗ്രേറ്റഡ് ഹാന്റ്‌ലൂം വീവേഴ്സ് ഡവലപ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ. പലർക്കും സ്കൂളിൽ പഠിക്കുന്ന മക്കളുണ്ട്. സംസ്ഥാനത്തെ സർക്കാർ സ്കൂളുകൾ തുറന്നതോടെ കഴിയുന്നതും വേഗത്തിൽ യൂണിഫോം എത്തിക്കാനുള്ള തിരക്കിലാണ് എല്ലാവരും. ഒന്നിനൊന്ന് മികച്ച മത്സരചൂടുള്ള നെയ്ത്തിൽ പക്ഷേ ഷൈബയെ പിന്നിലാക്കാൻ ആർക്കും കഴിഞ്ഞിട്ടില്ല. ദിവസേന ആറും എട്ടും ഒമ്പതും മീറ്റർ തുണിയാണ് ഓരോരുത്തരും നെയ്തു കൂട്ടുന്നത്. എന്നാൽ 13 മീറ്റർ തുണിയാണ് ഓരോ ദിവസവും ഷൈബ തറിയിൽ നെയ്തെടുക്കുന്നത്. നെയ്ത്ത് ജോലിയിലെ ഹരിശ്രീ പോലും വശമില്ലാത്തവർക്ക് കേൾക്കുമ്പോൾ അതിശയമൊന്നും തോന്നാൻ ഇടയില്ലെങ്കിലും നെയ്ത്ത് ലോകത്ത് വിസ്മയമാവുകയാണ് ഷൈബ. കൈത്തറിയിലും തുണി നെയ്ത്തിലും നൈപുണ്യം


CASE MAKING, WIRE-O & SPRING BINDING FOR TABLE TOP, WALL CALENDER & BOOKS

- PHOTOSTAT COLOUR & B/w
- COLOUR LASER PRINTING (print Area 12.4x18.4 inch & 12.4x36 inch in different gsm & Special papers)
- JUMBO COPY (90 cm x any size)
- DIGITAL PRINTING COLOUR & B/w
- COLOUR SCANNING (90 cm x any size)
- CAD PLOTTING COLOUR & B/w (90 cm x any size)
- DTP English & Malayalam
- BINDING (Wire-O, Spring & Ordinary)
- AMMONIA PRINTING
- DOCUMENT LAMINATION (Thermal Lamination 60 cm x any size)



Petcots Computer Copy Centre

Srinivas Enclave, T D East Sannidhi Road, Ernakulam, Cochin - 35
Mob : 9447174817, 9846123874, Ph: 0484 - 2362433, 2382146 .
E-mail : petcotscomputer@gmail.com

നേടിയ വിദഗ്ദ്ധർക്കുപോലും ഒറ്റ ദിവസം കൊണ്ട് 13 മീറ്റർ തുണി നെയ്ത്ത് അപ്രാപ്യമാണെന്ന് കൂടി തിരിച്ചറിയുമ്പോഴാണ് തറിയിലെ ഷൈബയുടെ വൈഭവം മനസിലാകുന്നത്.

സഹപ്രവർത്തകരിൽ നിന്നും വ്യത്യസ്ത മായി യാതൊരു പ്രത്യേകതയുമില്ലാത്ത ഒരു തനി വീട്ടമ്മയാണ് ഷൈബ. അർപ്പണമനോഭാവവും പണിയെടുത്ത് ജീവിക്കാനുള്ള അടങ്ങാത്ത അഭി നിവേശവുമായി അവർ ദിനവും സൊസൈറ്റിയിലെ നെയ്ത്തുശാലയിൽ എത്തുന്നു. ഷൈബ എത്തി യാൽ പിന്നെ അവരുടെ തറിക്ക് വിശ്രമമില്ലാതാകു ന്നു. ഭർത്താവ് തങ്കരാജിനൊപ്പം കുടുംബത്തിന്റെ വരുമാനവും ജീവിത നിലവാരവും ഉയർത്താൻ ഷൈബയുടെ നെയ്ത്തുജോലിക്ക് കഴിയുന്നു ണ്ടെന്ന് സംതൃപ്തിയോടെ അവർ പറയുന്നു. കൂലി പ്പണിക്കാരനായ ഭർത്താവ് തങ്കരാജിന്റെ വരുമാനം കൊണ്ട് മാത്രം കുടുംബം പുലർത്താൻ കഴിയാത്ത അവസ്ഥയിൽ ഷൈബയുടെ വരുമാനം വലിയൊരു ആശ്വാസമാണ്. തങ്കരാജ്-ഷൈബ ദമ്പതികൾക്ക് മൂന്നു മക്കളാണ്. ഇരട്ട പെൺമക്കളായ അമൃതാ രാജും അതുല്യാരാജും പ്ലസ് ടു കഴിഞ്ഞ് കോളേ ജിൽ പ്രവേശിക്കാൻ തയ്യാറെടുക്കുന്നു. ഇളയമകൻ അദുരാജ് പ്ലസ് ടുവിലാണ് പഠിക്കുന്നത്. മക്കളെ നല്ലവണ്ണം പഠിപ്പിക്കണം. പകുതി വഴിയിൽ നില ച്ചുപോയ വീടിന്റെ നിർമാണം പൂർത്തിയാക്കി പാലുകാച്ചി കുടുംബസമേതം താമസമാക്കണം. അതിനുള്ള ഭഗീരഥപ്രയത്നത്തിലാണ് ഷൈബ യിലെ മാതാവും വീട്ടമ്മയും. ഞായറാഴ്ച ഒഴികെ രാവിലെ എട്ടു മണിക്ക് ഷൈബ സൊസൈറ്റിയിൽ പണിക്കെത്തും. വൈകുന്നേരം അഞ്ചര വരെയുള്ള സമയത്തിനിടയിൽ ദിവസവും ശരാശരി 13 മീറ്റർ തുണിയാണ് ഇവർ നെയ്യുന്നത്. 2016 ഡിസംബർ 24 മുതൽ 2017 വരെയുള്ള പ്രവൃത്തിദിവസങ്ങളി ലായി ഇവർ സ്വന്തം തറിയിൽ നെയ്തു കൂട്ടിയത് ആയിരത്തിലധികം മീറ്റർ തുണിയാണ്.

അഞ്ചക്കശമ്പളം മാസാദ്യം ബാങ്ക് അക്കൗ ണ്ടിൽ എത്തിയെന്ന് സ്മാർട്ട്ഫോണിന്റെ ടച്ച് സ്ക്രീനിലൂടെ ഉറപ്പു വരുത്തുന്ന നല്ലൊരു വിഭാഗം ആൾക്കാരുള്ള നാട്ടിൽ എല്ലുമുറിയെ പണിഞ്ഞ് കുടുംബം പുലർത്താൻ വെമ്പൽ കൊള്ളുന്ന ഇത്ത രം ഷൈബമാരെ തിരിച്ചറിയാൻ സമൂഹവും സർക്കാരും ശ്രമിക്കുന്നത് കൈത്തറി മേഖലയെ വീണ്ടും ഒരിക്കൽ കൂടി സുവർണകാലത്തിലേയ്ക്ക് നയിക്കാനുള്ള ശ്രമങ്ങൾക്ക് നാന്നികുറിക്കൽ കൂടി യാണ്.





വിജയൻ

# നെയ്ത് നെയ്ത് ഗിന്നസിലേയ്ക്ക്

കനാൽകരയിലെ മഴ വീണ് കുതിർന്ന അങ്ങിങ്ങ് ചെളിക്കളങ്ങൾ രൂപപ്പെട്ട വരമ്പിലൂടെയുള്ള ബൈക്ക് യാത്ര സാഹസികമായിരുന്നു. കണ്ണൊന്നു തെറ്റിയാൽ കൃഷി ഭൂമികളിലേയ്ക്ക് വെള്ളമെത്തിക്കാൻ തീർത്ത കനാലിലേയ്ക്ക് കൂപ്പുകുത്തും. ഇടവപ്പാതി പെയ്തിറങ്ങിയ ആശ്വാസത്തിലാണ് കർഷകർ. ഊരുട്ടമ്പലത്തിന് സമീപമാണ് കൂവളശ്ശേരി. കൂവളശ്ശേരിക്കു സമീപത്തെ ചാനൽ പാലത്തോട് ചേർന്ന് ചെറുവാഹനങ്ങൾക്ക് കടന്നുപോകാൻ പാകത്തിന് വീതിയുള്ള ഒരു നാട്ടുവഴി. കനാൽകരയിലൂടെ കടന്നുപോകുന്ന, മഴയിൽ കുതിർന്ന ഈ പാതയോരത്ത് എവിടെയോയാണ് വിജയന്റെ വീട്. ഒരു വശത്ത് ഫലഭൂയിഷ്ടമായ കൃഷിഭൂമി, വാഴത്തോട്ടങ്ങൾ, ഇടയ്ക്കിടെ പിന്നിടുന്ന കോഴിവളർത്തൽ കേന്ദ്രങ്ങൾ, ഒന്നുരണ്ട് കർഷക ഭവനങ്ങൾ. കൈത്തറി ഇൻസ്പെക്ടർ ശ്യാം പ്രസാദ് ഫോണിലൂടെ പറഞ്ഞുതന്ന വിജയന്റെ വീട്ടിലേയ്ക്കുള്ള എലുക തെറ്റിയിട്ടില്ല.

ചാനൽ കരയിലെ പാതയിൽ പലതവണ ബൈക്ക് തെന്നിവീഴാൻ തുടങ്ങി. ദുഷ്കരമായ വഴി മെല്ലെമെല്ലെ വരുതിയിലായി തുടങ്ങി. അധികദൂരം പോകുന്നതിനു മുമ്പേ ഏതാനും വീടുകൾ കണ്ടു. അതിലൊരു വീട്ടിന്റെ ഉമ്മറത്തിണ്ണയിൽ നൂലൊഴിഞ്ഞ പാവുകൾ. മറ്റൊന്നും ചിന്തിച്ചില്ല. വാഹനം നിർത്തി ഉമ്മറക്കോലായിലേയ്ക്ക് കടന്നു ചെന്ന് ചോദിച്ചു. വിജയനില്ലേ? അകത്തു നിന്നും കൃശഗാത്രനായ ഒരാൾ ഇറങ്ങിവന്നു. ചിരപരിചിതനെപ്പോലെ അദ്ദേഹം ചിരിച്ചു. നാട്ടിൻ പുറത്തുകാരന്റെ

നന്മകളെല്ലാം ആവാഹിച്ചൊരു ചിരിയോടെ ചോദിച്ചു. എവിടുന്നാ? വിജയന്റെ നെയ്ത്തുവിശേഷങ്ങൾ അറിയാൻ വന്നതാണെന്ന് പറഞ്ഞപ്പോൾ ആ കണ്ണുകളിൽ ഒരേ സമയം അമ്പരപ്പും അങ്കലാപ്പും. കൈത്തറി ഇൻസ്പെക്ടർ ശ്യാം പ്രസാദ് പറഞ്ഞിട്ടാണ് വന്നതെന്ന് പറഞ്ഞതോടെ അമ്പരപ്പും അങ്കലാപ്പും ഒരു ചിരിയിലേയ്ക്ക് വഴിമാറി. പിന്നെ കൂട്ടിക്കൊണ്ടുപോയത് വീടിനോട് ചേർന്നുള്ള ചായ്പിലേയ്ക്ക്. അവിടെയാണ് വിജയന്റെ പണിപ്പുര. ചായ്പിൽ സ്ഥാപിച്ചിരിക്കുന്ന രണ്ട് കുഴിത്തറികൾ. അതിലൊന്നിൽ സർക്കാർ സ്കൂളിലെ കുട്ടികൾക്ക് നൽകാനുള്ള യൂണിഫോം നെയ്യുന്ന തിരക്കിലാണ് വിജയൻ. സർക്കാർ സ്കൂളുകളിലേയ്ക്കുള്ള സൗജന്യ കൈത്തറി യൂണിഫോം പദ്ധതിയിലെ കണ്ണിയായ ഇദ്ദേഹം കൈമെയ് മറന്ന് കുട്ടികൾക്കുള്ള യൂണിഫോം നെയ്യുന്ന തിരക്കിലാണ്.

## നെയ്ത്തിനായി സമർപ്പിച്ച ജീവിതം

തറിയിൽ കെട്ടിത്തൂക്കിയ വൈദ്യുത ബൾബ് പ്രകാശം തൂകി നിൽക്കുന്നു. പകലിലും പ്രകാശിക്കുന്ന ബൾബിന്റെ ആവശ്യകതയെപ്പറ്റി ചോദിച്ചപ്പോൾ ഇഴകൾ പൊട്ടാതിരിക്കാനും നൂലുകൾക്ക് പരുവക്കേട് ഉണ്ടോയെന്നും നെയ്ത്തിന്റെ ഗുണനിലവാരം അറിയാനുമാണെന്നുമായിരുന്നു മറുപടി. നെയ്ത്തിനായി സ്വയം സമർപിച്ച ആ മനുഷ്യൻ തൊഴിലിൽ പുലർത്തുന്ന സൂക്ഷ്മതയും ആത്മാർത്ഥതയും കണ്ടപ്പോൾ മനസ്സിൽ ഏറെ ബഹുമാനം തോന്നി. മത്സരബുദ്ധിയോടെ തുണി നെയ്യുന്ന തിരക്കിട്ട പണികൾക്കിടയിലും ആ നെയ്ത്തുകാരൻ മനസ്സു തുറക്കുന്നു. ഊരുട്ടമ്പലം കോട്ടമുകൾ വിലങ്ങറത്തല വിജിലാ ഭവനിൽ ആർ. വിജയൻ. പരാധീനതകൾ മാത്രം കൈമുതലായ ബാല്യ- കൗമാര പ്രായത്തിൽ തന്നെ അതിജീവനത്തിനായി ജീവിതത്തോട് യുദ്ധം പ്രഖ്യാപിച്ച മനുഷ്യൻ.

വിജയനെന്ന ആ വലിയ മനുഷ്യന്റെ ഭൂതകാലവും വർത്തമാനവും ഇങ്ങനെ കുറിച്ചിടപ്പെട്ടിരിക്കുന്നു. റസൽപുരത്തിന് സമീപത്തെ ഒരു കർഷക കുടുംബത്തിലായിരുന്നു ജനനം. പ്രാരാബ്ധങ്ങൾ അലട്ടിയ കുടുംബത്തിന്റെ സാമ്പത്തിക പരാധീനതകൾ കാരണം സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കാൻ കഴിയാതെ പോയ ബാല്യം. ഒപ്പം പഠിച്ച പലരും സ്കൂൾ പഠനം കഴിഞ്ഞ് നഗരത്തിലെ കോളേജുകളിലേയ്ക്ക് പത്രാസിൽ ചേക്കേറിയപ്പോൾ വിജയൻ നേരെ പോയത് വീടിനടുത്ത് നെയ്ത്തുശാലയിലേക്കായിരുന്നു. അവിടെ തറികളിലെ പാവുകളിൽ ചുറ്റിയ നൂലിഴകൾ തുണിയായി രൂപം പ്രാപിക്കുന്ന പ്രതിഭാസത്തിൽ കൗതുകം പൂണ്ട് തരിച്ചു നിന്ന ദിവസങ്ങൾ. ഊടിന്റെ പോക്കുവരവുകളിൽ കട്ടകളിൽ നിന്നുയർന്നു കേൾക്കുന്ന ശബ്ദം ജീവിതതാളമാണെന്ന് തിരിച്ചറിഞ്ഞ നിമിഷങ്ങൾ. വലിയൊരു നെയ്ത്തുകാരനാവണമെന്ന് രണ്ടിലൊന്ന് ആലോചിക്കാതെ അന്നേ മനസ്സിൽ കുറിച്ചിട്ടതാണ്. അങ്ങനെയാണ് നെയ്ത്തുവിദ്യയിൽ ഹരിശ്രീ കുറിച്ചത്.



നിരന്തരമായ പരിശ്രമങ്ങളും കഠിനമായ സാധനകളും വിജയനെ സർവം തികഞ്ഞൊരു നെയ്ത്തുകാരനാക്കി. രണ്ടു വർഷം തികയും മുമ്പേ നിപുണനായ നെയ്ത്തുകാരനെന്ന് പേരെടുത്തു. പതിനെട്ടാമത്തെ വയസ്സിൽ കുടുംബ പ്രാരാബ്ധങ്ങൾ കൈമുതലാക്കി തറിപ്പണിക്കിറങ്ങി. സ്വന്തമായി ഒരു തറിയന്ത്രമില്ലാത്ത ഗതികേടിൽ വീടിനു സമീപത്തെ പുന്നക്കാടെന്ന സ്ഥലത്ത് കൂലിക്ക്

നെയ്യാൻ പോകുന്നത് തുടങ്ങിയത് അങ്ങനെയാണ്.

പരമ്പരാഗത തൊഴിലുകളുടെ പട്ടികയിൽ സുവർണ ലിപികളാൽ എഴുതപ്പെട്ടിരുന്ന കൈത്ത റിയുടെ പുഷ്കര കാലമായിരുന്നു അത്. കൈത്തറി വസ്ത്രങ്ങൾക്ക് ദേശഭക്തിയുടെയും മാനവികതയു ടെയും നിറച്ചാർത്തുണ്ടായിരുന്ന നല്ല ദിനങ്ങൾ. വലിപ്പച്ചെറുപ്പമില്ലാതെ ഭൂരിഭാഗം ജനവിഭാഗവും കൈത്തറി വസ്ത്രങ്ങളണിഞ്ഞിരുന്ന കാലം. പൊതുസമൂഹത്തിന്റെ മുഖമുദ്രയായി കൈത്തറി വസ്ത്രങ്ങൾ പരിലസിച്ചിരുന്ന നല്ല കാലം. നെയ്ത്തുകാർക്ക് മുടങ്ങാതെ ലഭിച്ചിരുന്ന ഓർഡറുകൾ. നൂലിനും പാവിനും പഞ്ഞമില്ലാത്ത വിപണി. പലപ്പോഴും ഓർഡറുകൾ പ്രകാരം കൊടുത്തു തീർക്കാൻ പറ്റാത്തത്ര തിരക്കിട്ട പണി ത്തിരക്കുകൾ. നെയ്ത്തുകാരെ തിരക്കി വസ്ത്രവ്യാ പാരികൾ അലഞ്ഞിരുന്ന ദിനങ്ങൾ. എല്ല് മുറിയെ പണിയാൻ മനസുള്ള നെയ്ത്തുകാരന് പല്ലുമു റിയെ തിന്നാലും മിച്ചം വയ്ക്കാൻ ബാക്കിയാവുന്ന ചെറുതല്ലാത്ത സമ്പാദ്യം. കൈത്തറി നെയ്ത്തിന്റെ അത്തരമൊരു സുവർണകാലത്തിലാണ് വിജയൻ നെയ്ത്തിന്റെ ഭൂമികയിൽ കാലെടുത്തു വച്ചത്.

## നെയ്ത്തിന്റെ സുവർണകാലം

വിജയനിലെ നെയ്ത്തുകാരന് സ്വന്തമായി വീട്ടിൽ ഒരു തറി സ്ഥാപിക്കാൻ അധികകാലം വേണ്ടിവന്നില്ല. കൂലിക്ക് നെയ്തു കിട്ടിയ കാശിൽ മിച്ചം പിടിച്ച സമ്പാദ്യത്തിൽ വൈകാതെ റസൽപു രത്തെ കുടുംബവീടിന്റെ കോലായിൽ ഒരു തറി വാങ്ങി സ്ഥാപിച്ചു. പിന്നെ സ്വന്തം വീട്ടിൽ സ്വതന്ത്ര നെയ്ത്തുകാരനായി. നെയ്ത്തിലെ സൂക്ഷ്മതയും വേഗതയും ആത്മാർത്ഥതയും ചുരുങ്ങിയ കാലത്തി നുള്ളിൽ വിജയനെ പ്രദേശത്തെ അറിയപ്പെടുന്ന ഒരു നെയ്ത്തുകാരനാക്കി. ഓർഡറുകൾ തേടിയെത്താൻ തുടങ്ങിയതോടെ തിരക്കിലായി ജീവിതം. നെയ്ത്തുജോലികൾ തേടി വന്നുകൊ ണ്ടേയിരുന്നു. റസൽപുരത്തെ കുടുംബവീട്ടിൽ പിന്നെയും തറികൾ സ്ഥാപിക്കപ്പെട്ടു. ഒന്നും രണ്ടു മല്ല ഏഴെണ്ണം. ഓർഡറുകൾ സമയബന്ധിതമായി ചെയ്തു തീർക്കാൻ കൂലിക്ക് നെയ്ത്തുകാരെ കണ്ടെത്തി. കൂലിക്കെത്തിയ നെയ്ത്തു കാർക്കൊപ്പം വിജയനും തറിയിൽ തിരക്കേറിയ ഒരു കാലഘട്ടം. നെയ്ത്തിനൊപ്പം തറിയുടെ സാങ്കേതി കതയും സ്വായത്തമാക്കി. തറിയിൽ ഇദ്ദേഹം ഏറെ ക്കുറെ പൂർണത കൈവന്നവനായി. തറിയിൽ രാപ്പ കൽ നെയ്തെടുത്ത തുണികൾ നല്ലൊരു സമ്പാ ദ്യം ഉണ്ടാക്കിയെടുക്കാൻ സഹായിച്ചു. അങ്ങനെ യാണ് 2002-ൽ വിലങ്ങറയിൽ സ്വന്തമായി തല ചായ്ക്കാൻ ഒരു വീടും അൽപസ്വൽപം കൃഷിപ്പ ണിക്കായി പറമ്പും വാങ്ങിയത്.

ഇതിനിടെ ജീവിതസഖിയായി ലതയെത്തി. ആ ദാമ്പത്യത്തിൽ വിജലയും പ്രിജിത്തും പിറന്നു. വിധി മരണത്തിന്റെ രൂപത്തിലെത്തി ലതയെ കൂട്ടി മടങ്ങിയപ്പോൾ ആടിയുലഞ്ഞുപോയ ജീവിതം. പിന്നെ ഉഷ കൂട്ടിനെത്തി. അകാലത്തിൽ ദുർവിധി കണക്കെ ഉഷയേയും മൃത്യു കൂട്ടിക്കൊണ്ടുപോയ തോടെ തീർത്തും ഒറ്റപ്പെട്ടുപോയ വിജയന് പക്ഷെ വിധിക്ക് മുമ്പിൽ തോറ്റുകൊടുക്കാൻ മനസില്ലായി രുന്നു. വീട്ടിലെ കുഴിത്തറിയിൽ അയാൾ ജീവിത സ്വപ്നങ്ങൾ നെയ്തുകൂട്ടി. നെയ്ത്തിനെ പ്രണ യിച്ചും തറിയിൽ പണിയെടുത്തും മക്കളെ വളർത്തി. മകൾ വിജിലയെ മാന്യമായി വിവാഹം കഴിപ്പിച്ചു വിട്ടു. മകനെ സ്വന്തം കാലിൽ നിൽക്കാൻ പ്രാപ്തനാക്കി. വിധിയോട് കലഹം പ്രഖ്യാപിച്ച വിജയൻ ഇന്ന് തന്റെ 48-ാം വയസിൽ അസാമാ ന്യ പാടവത്തോടെ നെയ്തു കൂട്ടുന്നത് മീറ്റർ കണക്കിന് തുണിയാണ്.

സമീപകാലത്ത് കൈത്തറി മേഖലയെ ഒന്നടങ്കം പിടിച്ചുലച്ച പ്രതിസന്ധികളിൽ തളരാതെ പ്രതീക്ഷ പുലർത്തിനിന്ന ചുരുക്കം ചിലരിൽ ഒരാ ളാണ് ഇദ്ദേഹം. കൈത്തറി രംഗത്താകെ വീശിയ ടിച്ച കൊടുങ്കാറ്റിൽ സഹപ്രവർത്തകർ മിക്കതും കളംവിട്ടൊഴിഞ്ഞു. ചിലർ എന്നെന്നേയ്ക്കുമായി ഈ തൊഴിലിനോടു തന്നെ വിട പറഞ്ഞു. പക്ഷെ ഇരുൾ പൊതിഞ്ഞ ആകാശത്തു നിന്നും ഒരുനാൾ കാർമേഘങ്ങൾ വിട്ടൊഴിയുമെന്നും അന്ധകാരം വെളിച്ചത്തിന് വഴിമാറിനൽകുമെന്നും പ്രതീക്ഷിച്ച വിജയൻ കാത്തിരുന്നു. കാത്തിരിപ്പുകൾക്കൊടു വിൽ സർക്കാർ സ്കൂളുകളിലേക്കുള്ള സൗജന്യ കൈത്തറി യൂണിഫോം പദ്ധതിയിലെ നെയ്ത്തു കാരനായി തന്നെയും തിരഞ്ഞെടുത്തതായി അറി യിപ്പ് വന്നതോടെ വിജയന്റെ കാത്തിരിപ്പുകൾക്ക് വിരാമമായി. യുദ്ധകാലാടിസ്ഥാനത്തിൽ സമയബ ന്ധിതമായി പൂർത്തിയാക്കേണ്ട യൂണിഫോം നെയ്ത്തുകാരുടെ ശൃംഖലയിൽ വിജയനെ അംഗ മാക്കാൻ അധികൃതർക്ക് രണ്ടാമതൊന്ന് ആലോചി ക്കേണ്ട ആവശ്യമില്ലായിരുന്നു.

## മൂന്നാഴ്ചകൊണ്ട് 300 മീറ്റർ

അധികൃതരുടെ പ്രതീക്ഷകൾക്കപ്പുറത്താ യിരുന്നു യൂണിഫോം നെയ്ത്തിലെ ഇദ്ദേഹത്തിന്റെ ഇന്ദ്രജാലം. ആദ്യഘട്ടത്തിലെ മൂന്നാഴ്ചക്കിടെ 300

മീറ്റർ തുണിയാണ് ഇദ്ദേഹം നെയ്തെടുത്തത്. സർക്കാർ കൈത്തറി നെയ്ത്തുകാരുടെ പ്രതിസന്ധികൾക്ക് പരിഹാരം കണ്ടെത്തണമെന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കുന്ന സൗജന്യ കൈത്തറി യൂണിഫോം പദ്ധതിയിൽ അംഗമാകാൻ കഴിഞ്ഞതിലുപരി കൈത്തറി മേഖലയുടെ ഇന്നത്തെ വിഷമസന്ധികൾ പരിഹരിക്കാൻ സർക്കാർ മുന്നിട്ടിറങ്ങുന്നതിലും വിജയനിലെ നെയ്ത്തുകാരൻ സന്തോഷം മറച്ചുവച്ചില്ല.

സാധാരണക്കാരായ ജനം ഏറെ സന്തോഷത്തോടെ സ്വീകരിച്ച സർക്കാരിന്റെ സൗജന്യ യൂണിഫോം പദ്ധതി സംസ്ഥാനത്തെ നിർദ്ധനരായ രക്ഷിതാക്കൾക്കും കുട്ടികൾക്കും വലിയൊരു ആശ്വാസമാണെന്ന് തുറന്നു പറയാനും ഇദ്ദേഹം മടിച്ചില്ല. സാധാരണ വൈദഗ്ദ്ധ്യം നിറഞ്ഞ ഒരു നെയ്ത്തുകാരന് സ്വപ്നം കാണാൻ കഴിയുന്നതിലും അപ്പുറമാണ് വിജയനെന്ന നെയ്ത്തുകാരനിൽ ഒളിഞ്ഞിരിക്കുന്ന വസ്ത്രനിർമാണത്തിലെ കൈയടക്കം. ഇദ്ദേഹത്തിന്റെ നെയ്ത്തിലെ ആത്മാർത്ഥതയും കഠിനാദ്ധ്വാനവും യന്ത്രവേഗത്തിലുള്ള തൊഴിൽ നൈപുണ്യവും തിരിച്ചറിഞ്ഞ ഊരുട്ടമ്പലം കൈത്തറി സർക്കിൾ ഇൻസ്പെക്ടറായ ശ്യാം പ്രസാദ് ഇപ്പോൾ മറ്റൊരു ശ്രമത്തിലാണ്. കൈത്തറി മേഖലയിൽ യന്ത്രമനുഷ്യനായ വിജയനെന്ന നെയ്ത്തുകാരന്റെ അസാമാന്യ കഴിവുകളെ പുറംലോകത്തിന് മുന്നിൽ പരിചയപ്പെടുത്താനുള്ള ശ്രമം.

വിജയന്റെ നെയ്ത്തുവേഗത്തെ ഗിന്നസ് ബുക്കിൽ കുറിച്ചിടാനുള്ള ശ്രമങ്ങൾ നടക്കുകയാണ്. ലോക ഗിന്നസ് ബുക്കിൽ കൈത്തറിയിലെ തുണി നെയ്ത്തെന്ന ശീർഷകത്തിനു താഴെ ഊരുട്ടമ്പലം കോട്ടമുകൾ വിലങ്ങറത്തല വിജില ഭവനിൽ ആർ. വിജയൻ എന്നെഴുതിച്ചേർക്കാൻ മാനസികമായും ശാരീരികമായും തയ്യാറെടുക്കുകയാണ് വിജയനിലെ നെയ്ത്തുകാരൻ.

സൗഹൃദസംഭാഷണം അവസാനിപ്പിച്ച് നന്ദി പറഞ്ഞ് ചെളിക്കളങ്ങൾ രൂപപ്പെട്ട വരമ്പിലൂടെ ബൈക്കിൽ തെന്നിവീഴാതെ ശ്രദ്ധിച്ച് മടങ്ങുമ്പോൾ വഴിയെ പഴിക്കാൻ കഴിയുന്നില്ല. വഴി നല്ലതു തന്നെ. നാളെ ഗിന്നസ് അധികൃതരുമായുള്ള വാഹനത്തിന് വിജയന്റടുത്തെത്താനുള്ള ഈ വഴിയെ ആർക്കാണ് പഴിക്കാനാകുക. ■

പാർട്ടി ഓർഡറുകൾ
സ്വീകരിക്കുന്നതാണ്

DREAM BAKERS

KALAYANTHANI, THODUPUZHA

FAISAL ALIYAR 9747405859, 9946615421

വിനോദ്

കൈത്തറി മാനേജർ, തിരുവനന്തപുരം

# ഏപ്രിലോടെ ലക്ഷ്യം നേടി തിരുവനന്തപുരം

തിരുവനന്തപുരം ജില്ലയിൽ 265 സംഘങ്ങളിലായി ഏകദേശം പതിനായിരം കൈത്തറികൾ പ്രവർത്തിച്ചു വരുന്നു. ഇതിൽ 90% വും കുഴിത്തറികളും 10% സ്റ്റാന്റ് തറികളുമാണ്. ഭൂരിഭാഗം നെയ്ത്തുകാരും സ്ത്രീകൾ. 84 പ്രാഥമിക കൈത്തറി സംഘങ്ങളും ഒരു സ്വയം സഹായ ഗ്രൂപ്പും ഈ പദ്ധതിയിൽ പങ്കാളിയാവുകയും 693 നെയ്ത്തുകാർ ചേർന്ന് തിരുവനന്തപുരത്തിന്റെ ടാർജറ്റായ ഷർട്ടിംഗ് ഇനത്തിൽ 1,71,772 മീറ്ററും സ്യൂട്ടിംഗ് ഇനത്തിൽ 16,173 മീറ്ററും നെയ്ത് ഏപ്രിൽ അവസാനത്തോടെ ലക്ഷ്യം കൈവരിച്ചു. നിലവിൽ ഷർട്ടിംഗ് ഇനത്തിൽ തിരുവനന്തപുരം ജില്ലയുടെ ഉത്പാദനം 2,18,789 മീറ്ററും സ്യൂട്ടിംഗ് ഇനത്തിൽ 21,210.5 മീറ്ററും ആണ്.

നെയ്ത്തുകാർക്കുള്ള വേതനവും സംഘങ്ങൾക്കുള്ള ആനുകൂല്യവുമായി 1.9 കോടി രൂപ ട്രഷറി വഴി നൽകിക്കഴിഞ്ഞു. ഇനി 50 ലക്ഷം രൂപയുടെ വേതനം കൂടി ഉടൻ നൽകാനുള്ള നടപടികൾ പുരോഗമിക്കുന്നു. 2017–18 അധ്യയന വർഷം 780 നെയ്ത്തുകാരെ പദ്ധതിയിൽ ചേർക്കാനാണ് ലക്ഷ്യമിടുന്നത്. ഷർട്ടിങ്ങിനായി 5,22,008 മീറ്ററും സ്യൂട്ടിംഗ് ഇനത്തിൽ 75,000 മീറ്ററും ഉല്പാദിപ്പിക്കേണ്ടതുണ്ട്. വളരെ മോശം അവസ്ഥയിലാണ് നെയ്ത്തുകാരുടെ ജീവിതം. സ്ഥിരമായ തൊഴിൽ, മെച്ചപ്പെട്ട വേതനം, ആരോഗ്യകരമായ പ്രവൃത്തിസ്ഥലം എന്നിവയാണ് ഈ മേഖലയ്ക്കാവശ്യം. പവർലൂം/ കോർപറേറ്റ് മേഖലയുടെ മത്സരങ്ങൾ, പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തത, സഹകരണ മേഖലയിലെ വിദഗ്ദ്ധ മാനേജ്മെന്റിന്റെ കുറവ്, വിപണന സൗകര്യങ്ങളുടെ കുറവ് എന്നിവയാണ് ഇവർ നേരിടുന്ന വെല്ലുവിളികൾ.

ഇതിനൊക്കെ പരിഹാരം എന്ന നിലയിലാണ് സർക്കാർ നെയ്ത്തുകാരുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി ഹാന്റ്‌ലൂം സ്കൂൾ യൂണിഫോം പദ്ധതി കൊണ്ടുവന്നത്. ഒന്നു മുതൽ എട്ട് വരെയുള്ള സർക്കാർ/ എയ്ഡഡ് സ്കൂൾ കുട്ടികളെയാണ് ലക്ഷ്യം വച്ചതെങ്കിലും സമയത്തിന്റെ ലഭ്യത കുറവ് മൂലം ഒന്നു മുതൽ അഞ്ച് വരെയുള്ള സർക്കാർ സ്കൂൾ കുട്ടികൾക്കായി ചുരുക്കേണ്ടിവന്നു.

തിരുവനന്തപുരം ജില്ല പൊതുവെ കട്ടി കുറഞ്ഞ നൂൽ കൊണ്ടാണ് നെയ്യുന്നത്. നേര്യത്, സാരി, പാവാട എന്നീ വസ്ത്ര നിർമാണ തുണികളാണ് കൂടുതലും ചെയ്യുന്നത്. എന്നാൽ ഹാന്റ്‌ലൂം സ്കൂൾ യൂണിഫോമിന് ഇതു പോര. 60% പോളിസ്റ്ററും 30% കോട്ടണും ചേർത്താണ് യൂണിഫോമിന് ഉപയോഗിച്ചത്. കുഴിത്തറികളിലെ സംവിധാനവും ഇതിന് അനുയോജ്യമല്ലായിരുന്നു. കട്ടി കൂടിയ നൂൽ ഉപയോഗിക്കുമ്പോൾ കൂടുതൽ ആയാസം നെയ്ത്തുകാർ നേരിടണം. 10–15 മീറ്റർ നെയ്യുന്ന തറികൾ 25 മീറ്റർ തുണികൾ നെയ്ത് ചുറ്റിയെടുക്കാൻ കുഴിത്തറികളിൽ സാങ്കേതികമാറ്റം ആവശ്യമായിവന്നു.


കൈത്തറി യൂണിഫോം മാതൃകകളുടെ പ്രദർശനം

ജനുവരിയിലാണ് തിരുവനന്തപുരം ജില്ലയിലെ തറികൾ നെയ്ത്തിന് പൂർണമായും സജ്ജമായത്. ആദ്യമായാണ് സർക്കാർ നെയ്ത്തുകൂലി അവരവരുടെ ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്തത്. അതിനാൽ സർക്കാരിന്റെ നെയ്ത്തുകാർ ആണെന്ന അഭിമാനം, തൊഴിലുറപ്പ്, വേതന ഉറപ്പ് എന്നിവ ഈ പദ്ധതി നെയ്ത്തുകാർക്ക് സമ്മാനിച്ചു. ഇപ്പോൾ ഈ പദ്ധതിയിൽ കൂടുതൽ നെയ്ത്തുകാർ ചേർന്നുവരുന്നുണ്ട്. ■





കുറ്റിപ്പുറത്ത് മണൽ ശുദ്ധീകരണ പദ്ധതിയുടെ ഉദ്ഘാടന വേളയിൽ

# ആദ്യ തുറമുഖ മണൽ ശുദ്ധീകരണ പ്ലാന്റ് കുറ്റിപ്പുറത്ത്

തുറമുഖത്തുള്ള മണലെടുത്ത് ശുദ്ധീകരിച്ച് വിൽപന നടത്തുന്ന പദ്ധതിക്ക് സംസ്ഥാനത്ത് തുടക്കമായി. ആദ്യഘട്ടത്തിൽ പൊന്നാനി തുറമുഖത്തു നിന്നാണ് മണലെടുക്കുക. തുറമുഖ ഡ്രഡ്ജിങ് വഴി ലഭിക്കുന്ന മണൽ കലർന്ന മിശ്രിതം കുറ്റിപ്പുറത്തെ കിൻഫ്ര പാർക്കിൽ സ്വകാര്യ പങ്കാളിത്തത്തോടെ സജ്ജീകരിച്ച പ്ലാന്റിലെത്തിച്ച് ശുദ്ധീകരിക്കും. പുഴ മണലിന്റെ അതേ ഗുണനിലവാരത്തിലുള്ള മണൽ ഇതുവഴി ഉപഭോക്താക്കൾക്ക് ലഭിക്കും.



സംസ്ഥാനത്ത് ഇതാദ്യമായാണ് തുറമുഖ മണൽ ശുദ്ധീകരിച്ച് വിൽപന നടത്തുന്നത്. പുഴയിൽ നിന്നുള്ള മണലെടുപ്പിന് കർശന നിയന്ത്രണങ്ങൾ ഏർപെടുത്തിയതോടെ നിർമാണ മേഖലയിൽ മണലിന് ക്ഷാമം നേരിട്ടിരുന്നു. അനധികൃത മണൽവാരൽ പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് വഴിവെച്ചതോടൊപ്പം സർക്കാരിന് ഭീമമായ നഷ്ടമുണ്ടാക്കുകയും ചെയ്തിട്ടുണ്ട്. ഇതേത്തുടർന്നാണ് തുറമുഖ മണൽ ശുദ്ധീകരിച്ച് വിൽപന നടത്താനുള്ള പദ്ധതി സർക്കാർ ആവിഷ്കരിച്ചത്. പൊന്നാനിയിൽ ആരംഭിച്ച പദ്ധതി മറ്റിടങ്ങളിലേയ്ക്ക് വ്യാപിപ്പിക്കാനും സർക്കാർ ആലോചിക്കുന്നുണ്ട്. അഴീക്കോട് ഇത്തരത്തിലുള്ള പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ഇതിനോടകം ആരംഭിച്ചു കഴിഞ്ഞു.



മണൽ ശുദ്ധീകരണ ജോലികൾ മാത്രമാണ് സ്വകാര്യ കമ്പനിയെ ഏൽപിച്ചിരിക്കുന്നത്. ചങ്ങരംകുളം ആസ്ഥാനമായുള്ള രാജധാനി മിനറൽസ് എന്ന സ്വകാര്യ കമ്പനിയാണ് കുറ്റിപ്പുറത്തെ കിൻഫ്ര വ്യവസായ പാർക്കിൽ ശുദ്ധീകരണ പ്ലാന്റ് സ്ഥാപിച്ചിരിക്കുന്നത്. മണൽ വാരലും വിൽപനയും തുറമുഖ വകുപ്പ് നേരിട്ട് നടത്തും.

മണൽ ശുദ്ധീക


## 257.49 ഏക്കർ വ്യവസായ ഭൂമി ലഭ്യമാണ്

- **കിൻഫ്ര മെഗാ ഫുഡ് പാർക്ക്, കഞ്ചിക്കോട്, പാലക്കാട്**
  ഭൂമി ലഭ്യമായത്: 49.76 ഏക്കർ
  പാട്ടത്തുക ഏക്കറിന്: 58.53 ലക്ഷം രൂപ
  മേഖല: ഭക്ഷ്യ സംസ്കരണവും അനുബന്ധ വ്യവസായങ്ങളും
- **കിൻഫ്ര ഹൈടെക് പാർക്ക്, കളമശ്ശേരി, എറണാകുളം**
  ഭൂമി ലഭ്യമായത്: 24.79 ഏക്കർ
  പാട്ടത്തുക ഏക്കറിന് 250.72 ലക്ഷം രൂപ
- **കിൻഫ്ര സ്മാൾ ഇൻഡസ്ട്രീസ് പാർക്ക്, അടൂർ, പത്തനംതിട്ട**
  ഭൂമി ലഭ്യമായത്: 12.64 ഏക്കർ
  പാട്ടത്തുക ഏക്കറിന്: 101.27 ലക്ഷം രൂപ
- **കിൻഫ്ര സ്മാൾ ഇൻഡസ്ട്രീസ് പാർക്ക്, സീതാംഗോലി, കാസർഗോഡ്**
  ഭൂമി ലഭ്യമായത്: 1.12 ഏക്കർ
  പാട്ടത്തുക ഏക്കറിന്: 12.77 ലക്ഷം രൂപ
  മേഖല: മലിനീകരണമില്ലാത്ത വ്യവസായങ്ങൾ
- **കിൻഫ്ര സ്മാൾ ഇൻഡസ്ട്രീസ് പാർക്ക്, കൽപ്പറ്റ, വയനാട്**
  ഭൂമി ലഭ്യമായത്: 9.79 ഏക്കർ
  പാട്ടത്തുക ഏക്കറിന്: 36.65 ലക്ഷം
  മേഖല: മലിനീകരണമില്ലാത്ത വ്യവസായങ്ങൾ
- **കിൻഫ്ര സ്മാൾ ഇൻഡസ്ട്രീസ് പാർക്ക്, തലശ്ശേരി, കണ്ണൂർ**
  ഭൂമി ലഭ്യമായത്: 4.00 ഏക്കർ
  പാട്ടത്തുക ഏക്കറിന്: 116.56 ലക്ഷം രൂപ
  മേഖല: മലിനീകരണമില്ലാത്ത വ്യവസായങ്ങൾ
- **കിൻഫ്ര ടെക്നോ ഇൻഡസ്ട്രിയൽ പാർക്ക്, കാക്കാഞ്ചേരി, മലപ്പുറം (വികസിത ഭൂമി)**
  ഭൂമി ലഭ്യമായത്: 4.83 ഏക്കർ
  പാട്ടത്തുക ഏക്കറിന്: 151.59 ലക്ഷം
  മേഖല: ഭക്ഷ്യസംസ്കരണവും അനുബന്ധ വ്യവസായങ്ങളും
- **കിൻഫ്ര ടെക്നോ ഇൻഡസ്ട്രിയൽ പാർക്ക്, കാക്കാഞ്ചേരി, മലപ്പുറം (അവികസിത ഭൂമി),**
  ഭക്ഷ്യസംസ്കരണത്തിനായുള്ള പ്രത്യേക സാമ്പത്തിക മേഖല
  ഭൂമി ലഭ്യമായത്: 12.02 ഏക്കർ
  പാട്ടത്തുക ഏക്കറിന്: 73.4 ലക്ഷം രൂപ
  മേഖല: കയറ്റുമതി അടിസ്ഥാനമാക്കിയുള്ള ഭക്ഷ്യസംസ്കരണവും ബന്ധപ്പെട്ട വ്യവസായങ്ങളും
- **കിൻഫ്ര ഫിലിം ആന്റ് വീഡിയോ പാർക്ക്, ഐ. ടി/ ഐ. ടി. ഇ എസിക്ക് പ്രത്യേക സാമ്പത്തിക മേഖല, കഴക്കൂട്ടം, തിരുവനന്തപുരം**
  ഭൂമി ലഭ്യമായത്: 6.25 ഏക്കർ
  പാട്ടത്തുക ഏക്കറിന്: 67.74 ലക്ഷം രൂപ
  മേഖല: ഇൻഫോടെയ്മെന്റ് & എക്സ്പോർട്ട് ഓറിയന്റഡ് ഐ. ടി./ ഐ. ടി. ഇ. എസ്
- **കിൻഫ്ര ഇന്റർനാഷണൽ അപ്പാരൽ പാർക്ക്/ കിൻഫ്ര സ്മാൾ ഇൻഡസ്ട്രീസ് പാർക്ക്, തുമ്പ, തിരുവനന്തപുരം**
  ഭൂമി ലഭ്യമായത്: 4.86 ഏക്കർ
  പാട്ടത്തുക: ഏക്കറിന് 166.12 ലക്ഷം രൂപ
  മേഖല: വസ്ത്രങ്ങൾ/ മലിനീകരണമില്ലാത്ത വ്യവസായങ്ങൾക്ക് മുൻഗണന
- **കിൻഫ്ര സ്മാൾ ഇൻഡസ്ട്രീസ് പാർക്ക്, കുന്നംതാനം, പത്തനംതിട്ട**
  ഭൂമി ലഭ്യമായത്: 13.60 ഏക്കർ
  പാട്ടത്തുക ഏക്കറിന്: 110.14 ലക്ഷം രൂപ
  മേഖല: മലിനീകരണമില്ലാത്ത വ്യവസായങ്ങൾക്ക് മുൻഗണന
- **കിൻഫ്ര ടെക്സ്റ്റൈൽ സെന്റർ, നാടുകാണി, കണ്ണൂർ**
  ഭൂമി ലഭ്യമായത്: 80.38 ഏക്കർ
  പാട്ടത്തുക ഏക്കറിന്: 24.07 ലക്ഷം രൂപ
  മേഖല: തുണി/ വസ്ത്ര വ്യവസായങ്ങൾ
- **കിൻഫ്ര ഇന്റഗ്രേറ്റഡ് ഇൻഡസ്ട്രിയൽ & ടെക്സ്റ്റൈൽ പാർക്ക്, കഞ്ചിക്കോട്, പാലക്കാട്**
  ഭൂമി ലഭ്യമായത്: 13.45 ഏക്കർ
  പാട്ടത്തുക ഏക്കറിന്: 53.62 ലക്ഷം രൂപ
  മേഖല: തുണി / മലിനീകരണമില്ലാത്ത വ്യവസായങ്ങൾക്ക് മുൻഗണന
- **കിൻഫ്ര ഇന്റഗ്രേറ്റഡ് ഇൻഡസ്ട്രിയൽ പാർക്ക്, ഒറ്റപ്പാലം, പാലക്കാട്**
  ഭൂമി ലഭ്യമായത്: 20 ഏക്കർ
  പാട്ടത്തുക ഏക്കറിന്: 154.75 ലക്ഷം രൂപ
  മേഖല: മലിനീകരണമില്ലാത്ത വ്യവസായങ്ങൾക്ക് മുൻഗണന

രണ പദ്ധതിയുടെ ഉദ്ഘാടനം തുറമുഖ വകുപ്പ് മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ നിർവഹിച്ചു. ശുദ്ധീകരണ പ്ലാന്റിന്റെ സ്വിച്ച് ഓൺ കർമവും അദ്ദേഹം നിർവഹിച്ചു. പൊതുസമ്മേളനം സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. മന്ത്രി കെ. ടി. ജലീൽ അധ്യക്ഷനായിരുന്നു. കിൻഫ്ര എം. ഡി. കെ. എ. സന്തോഷ് കുമാർ, ജനറൽ മാനേജർ ഡോ. ടി. ഉണ്ണികൃഷ്ണൻ പങ്കെടുത്തു.

**കൃഷിയും വ്യവസായവും**

രമേഷ് കുമാർ വെള്ളമുണ്ട



സുകുമാരനുണ്ണി കൃഷിയിടത്തിൽ

# ജൈവ ഉത്പന്നങ്ങളുമായി
## ഇല്ലത്ത് വില്ല

തനതു കാർഷിക ജീവിതത്തിന്റെയും ഗോത്രസംസ്കൃതിയുടെയുമെല്ലാം മുള പൊട്ടിയ ബ്രഹ്മഗിരിയുടെ താഴ്‌വാരത്തു നിന്നുമാണ് വയനാടിന്റെ ഗതകാല ചരിത്രമെല്ലാം തുടങ്ങുന്നത്. മണ്ണിന്റെ മനസ്സറിഞ്ഞ ഒരു പറ്റം കർഷകർ തുടങ്ങിവെച്ച കൃഷിയറിവുകൾ ഈ നാടിന്റെ ജൈവതാളമായി. അടർന്നു വീഴുന്ന മഴയോടൊപ്പവും കാഞ്ഞുമുളച്ച വേനലിനോട് ചേർന്നും പ്രകൃതിയുടെ മടിത്തട്ടിൽ പൂത്ത് വിളഞ്ഞത് ഹരിത സമൃദ്ധിയുടെ ഒരുകാലം കൂടിയായിരുന്നു. രാസവളങ്ങളും കീടനാശിനികളും പതിയെ പതിയെ വയനാടിനെ മുഴുവൻ വിഴുങ്ങാൻ തുടങ്ങിയപ്പോഴും ഈ മാറ്റത്തെ പ്രതിരോധിച്ചു നിന്ന കർഷകനാണ് വയനാട്ടിലെ തിരുനെല്ലി കീഴെപ്പാട്ട് ഇല്ലം സുകുമാരൻ ഉണ്ണി എന്ന ജൈവ കർഷകൻ. ഒരു കാലത്തും വറ്റാതെ ഒഴുകുന്ന കാളിന്ദിയുടെ തീരത്ത് പൂർണമായും പ്രകൃതി സൗഹൃദമായ കൃഷിയുമായി പുതിയ കാലത്തോട് സംവദിക്കുകയാണ് 60 വയസ്സ് പിന്നിട്ട ഈ കർഷകൻ. സ്വന്തമായുള്ള നാലരയേക്കറോളം കൃഷിയിടത്തിൽ രാസവളങ്ങളും കീടനാശിനികളും ഇതുവരെ


പുസ്തകം 50 ലക്കം 1 ജൂൺ 2017
Volume 50 Issue 1 June 2017

തൊടുവിച്ചിട്ടില്ല. പച്ചപ്പും നാനാതരവിളകളുമായി തലയെടുപ്പോടെ നിൽക്കുന്ന ഈ കൃഷിയിടത്തിൽ ഏറ്റവും എളിമയായ ജീവിതത്തിന്റെ തണലിൽ കൃഷിഗാഥകൾ തുടരുകയാണ്. അതിരാവിലെ ഉണർന്ന് തിരുനെല്ലി അമ്പലത്തിന്റെ പാദപത്മങ്ങളിൽ നിയോഗപ്രകാരം പാപനാശിനിക്കരയിലെത്തുന്നവർക്ക് ബലികർമങ്ങൾക്ക് നേതൃത്വം നൽകി ഉച്ചയോടെ വീട്ടിലേയ്ക്കു മടങ്ങും. പിന്നെ നേരം ഇരുട്ടുന്നതു വരേയ്ക്കും കൃഷിയിടത്തിൽ ഓരോ തൊഴിലുമായി വിയർപ്പൊഴുക്കും. ആഴത്തിൽ മുറിച്ച് മണ്ണിനെ നോവിക്കാതെ മേൽമണ്ണിൽ ജൈവവളങ്ങൾ നൽകി ഓരോ വിളയെയും തൊട്ടുണർത്തി ഓരോ ദിനവും ഇവിടെ പൂർത്തിയാകുന്നു. നവരയും ഗന്ധകശാലയും ഉൾപെടെയുള്ള പരമ്പരാഗത നെല്ലിനങ്ങളും കുരുമുളകും കാപ്പിയുമെല്ലാം പൂർണമായും ജൈവ ഉല്പന്നമായി ഇവിടെ നിന്നും വിപണനം ചെയ്യുന്നു. സ്വന്തം അധ്വാനത്തിന്റെ പ്രതിഫലം എന്നതിലുപരി മറ്റുള്ളവരെ ഈ രംഗത്തേയ്ക്ക് കൊണ്ടുവരാനുള്ള ശ്രമങ്ങൾ കൂടിയാണ് ഇവിടെ സഫലമാകുന്നത്.

## വയനാടൻ ജൈവ ഉത്പന്നങ്ങൾ


വയനാടിന്റെ തനത് ഉത്പന്നങ്ങളുടെ ബ്രാന്റിങ്ങും വിപണനവുമാണ് സുകുമാരനുണ്ണിയെ ശ്രദ്ധേയനാക്കുന്നത്. സ്വന്തം കൃഷിയിടത്തിൽ ഉല്പാദിപ്പിച്ച പൂർണമായും ജൈവമായ ഉത്പന്നങ്ങൾക്ക് പുറം നാട്ടിലെ വിപണിയിൽ പോലും ഇപ്പോൾ ധാരാളം ആവശ്യക്കാരുണ്ട്. ഇല്ലത്ത് വില്ല ഓർഗാനിക് പ്രോഡക്ട്സ് എന്ന പേരിലാണ് ഇവ വിപണനം ചെയ്യുന്നത്. കറുത്ത പൊന്ന് എന്നറിയപ്പെടുന്ന കുരുമുളകിന്റെ തന്നെ നിരവധി ഇനങ്ങൾ പ്രത്യേകം കവറുകളിലാക്കി കയറ്റുമതി ചെയ്യുന്നുണ്ട്. ചാണകവും പച്ചിലവളവും മാത്രം നൽകി രാസവളങ്ങളോ കീടനാശിനികളോ ഉപയോഗിക്കാത്ത പരമ്പരാഗതമായ തോട്ടത്തിൽ വളരുന്നവയാണിവ. കരിമുണ്ട, പന്നിയൂർ, ബാലൻകോട്ട, ഉതിരൻ എന്നിങ്ങനെയുള്ള കുരുമുളക് ബാംഗ്ലൂർ തുടങ്ങിയ മെട്രോ നഗരങ്ങളിലെ വിപണികളിലേയ്ക്കും എത്തുന്നു. വയനാടൻ മഞ്ഞൾ മുറിച്ചു വച്ചതു പോലെ എന്നൊരു ചൊല്ലു തന്നെയുണ്ട്. നിറത്തിലും ഗുണത്തിലുമെല്ലാം എന്നും മുന്നിൽ നിൽക്കുന്ന വയനാടൻ മഞ്ഞളും ഉണക്കിയും പൊടിച്ചും പായ്ക്കറ്റിൽ നിറയ്ക്കുന്നു. ഇതിനായി വലിയ വ്യാവസായിക യൂണിറ്റൊന്നും ആവശ്യമില്ല. സ്വന്തം വീട്ടിൽ നിന്ന് വീട്ടുകാർ തന്നെ ഒരുമിച്ചിരുന്നാണ് ഇവയുടെ പായ്ക്കിങ്ങ് മുതലായവയെല്ലാം.

നവര മുതൽ ഗന്ധകശാല വരെയുള്ള നെൽവിത്ത് മുടങ്ങാതെ ഇവിടെ കൃഷി ചെയ്യുന്നു. സ്വന്തം ഉപയോഗം കഴിഞ്ഞ് ഇവ ആവശ്യക്കാർക്ക് വിൽക്കുകയും ചെയ്യുന്നു. ഇല്ലത്ത് വില്ല ഓർഗാനിക് പ്രോഡക്ട് എന്ന നിലയിൽ ബ്രാന്റ് ചെയ്ത ഈ അരിക്ക് വിപണിയിൽ പ്രിയമുണ്ട്. കിലോയ്ക്ക് 400 രൂപ വില ഈടാക്കിയാണ് ഇത് വിൽക്കുന്നത്. ഈ വില തരാനും ആരും മടി കാട്ടുന്നില്ല. കാരണം പൂർണമായും ജൈവികമായി ഉത്പാദിപ്പിക്കുന്ന ഈ അരിക്ക് അതിന്റെ ഗുണവുമുണ്ട്. ഇത്തരത്തിലുള്ള വിപണനവും കൂടി സംയോജിപ്പിച്ചാൽ ആർക്കും പറയാൻ കഴിയുകയില്ല കൃഷി സാമ്പത്തികമായി നഷ്ടത്തിലാണെന്ന്. കർഷകന്റെ പുതിയ കാലത്തിലേയ്ക്കുള്ള മുന്നേറ്റം കൂടിയാണ് ഇതിനായി വേണ്ടതെന്ന് സുകുമാരനുണ്ണി പറയുന്നു.

ജൈവ ഉത്പന്നങ്ങൾ മാർക്കറ്റ് ചെയ്യാൻ പ്രത്യേകമായൊരു സംവിധാനത്തിന്റെ അഭാവമാണ് വയനാട്ടിലുള്ളത്. തനത് വയനാടൻ ഉത്പന്നങ്ങൾക്ക് വൻകിട നഗരങ്ങളിലും പാശ്ചാത്യ നാടുകളിലുമെല്ലാം ആവശ്യക്കാരുണ്ട്. എന്നാൽ അവിടെയെത്തിക്കുക എന്നതിന് കൃത്യമായൊരു ചാനൽ വേണം. പുതിയ ഓൺലൈൻ സങ്കേതങ്ങളുടെ സൗകര്യങ്ങൾ അതിനായി കൂടുതൽ പ്രയോജനപ്പെടുത്താം. ഇതെല്ലാം വിനിയോഗിക്കുകയാണെങ്കിൽ കൃഷിയിൽ നിന്നും നല്ല വരുമാനം തന്നെയുണ്ടാക്കാം. മുളക്, വെണ്ട, പയർ തുടങ്ങിയ പച്ചക്കറികൾ പോലും വാങ്ങാൻ ആളുകളെത്തുന്നുണ്ട്. വിഷരഹിത ഉത്പന്നങ്ങൾ നാളെയും ആരോഗ്യത്തിനും ഏറെ ആവശ്യമാണല്ലോ. ഇനിയുള്ള കാലത്ത് ഇവയ്ക്കാണ് കൂടുതൽ പ്രിയമുണ്ടാവുക. തുടക്കത്തിൽ ഉത്പാദന കുറവ് അനുഭവപ്പെട്ടേയ്ക്കാം. ഇതൊന്നും കാര്യമാക്കേണ്ടെന്നും ഈ കർഷകൻ പറയുന്നു.

## കൂട്ടായ്മകളിലേയ്ക്ക് കർഷകർ

കൃഷി വകുപ്പിന് കീഴിലുള്ള ആത്മ തിരുനെല്ലിയിൽ ഇത്തരത്തിലുള്ള ഉത്പന്നങ്ങൾ വിൽക്കുന്നതിന് ഒരു യൂണിറ്റ് സ്ഥാപിച്ചു നൽകി. ജൈവ കർഷകരുടെ കൂട്ടായ്മകൾ അവരുടെ ഉത്പന്നങ്ങൾ ഈ സ്ഥാപനത്തിലൂടെ വിറ്റഴിക്കുന്നുണ്ട്. ഇത് ഓർഗാനിക് ഉത്പന്നങ്ങൾക്കായുള്ള ഒരു മാതൃകാ പ്രവർത്തനം കൂടിയാണ്. ഒട്ടേറെ കർഷ



ല്ല. ഈ മണ്ണിൽ ആവശ്യത്തിനുള്ളതെല്ലാമുണ്ട്. അത്യാഗ്രഹത്തിനായി ഒന്നുമില്ല. ഓരോ വിളയ്ക്കും അതിന്റെ ആവശ്യത്തിനനുസരിച്ച് മണ്ണിൽ നിന്നും ഊർജം വലിച്ചെടുക്കാനുള്ള വേരുകളുണ്ട്. ഇവയെ ജൈവികമായി തന്നെ ഒന്നു ശക്തിപ്പെടുത്തിയാൽ മാത്രം മതി. ഇവയെല്ലാം താനെ വളർന്ന് വലുതായിക്കോളും. ഇതിനെ കൃത്രിമമായി പരിപോഷിപ്പിച്ചെടുക്കുകയെന്നത് പ്രകൃതി വിരുദ്ധമാണ്. അത്യാഗ്രഹമാണ്



കർക്കും ഇന്നിത് പ്രയോജനപ്പെടുത്താനായി. കൽപ്പറ്റയിലെ എം. എസ്. സ്വാമിനാഥൻ ഗവേഷണ നിലയത്തിന്റേതടക്കമുള്ളവരുടെ പ്രോത്സാഹനം ഈ ജൈവകൃഷിക്കുണ്ട്. മകനും ഭാര്യയുമടങ്ങുന്ന കുടുംബവും ഈ കൃഷിരീതി തന്നെ പിന്തുടരണമെന്ന് ആഗ്രഹിക്കുന്നവരാണ്. സി. എ യ്ക്ക് പഠിക്കുന്ന മകൻ യദുവും ഒഴിവുവേളയിലെല്ലാം ഇവിടെ ഓടിയെത്തുന്നു. ചെറുപ്പം മുതലെ കണ്ടുവളർന്ന ഈ ശീലം ഇനിയും തുടരണമെന്ന ആഗ്രഹത്തിന് ഇതെല്ലാം പ്രതീക്ഷയാണ്. സമീപ ഗ്രാമങ്ങളിലെ പരമ്പരാഗത ജൈവ കർഷകരെയും പുതിയ തലമുറയിലെ ജൈവ കർഷകരെയും ഉൾപെടുത്തി പ്രകൃതി ജൈവ കർഷക സംഘത്തിന് രൂപം കൊടുത്തിട്ടുണ്ട്. തനത് ജൈവ ഉത്പന്നങ്ങളെ അന്താരാഷ്ട്ര വിപണിയിൽ പോലും എത്തിക്കുക എന്നതാണ് ലക്ഷ്യം. ഈ സാധ്യതകളെയെല്ലാം കർഷകർ പ്രയോജനപ്പെടുത്തണം. പൂർണമായും വൈ സർട്ടിഫിക്കേഷൻ ലഭിച്ചവരുടെ കൂട്ടായ്മയാണിത്. ഇതെല്ലാം ഒട്ടേറെ പേർക്ക് ജൈവ കൃഷിയിലേയ്ക്ക് മടങ്ങി വരാനുള്ള പ്രചോദനം നൽകുന്നുണ്ട്.

രാസവളം നൽകിയാൽ മാത്രമേ കൃഷി നടക്കുകയുള്ളൂ എന്നതിൽ യാതൊരു കാര്യവുമി

ഇതിനു പിന്നിലുള്ള ആവേശത്തിന് കാരണം. ഇതിൽ നിന്നാണ് മണ്ണിന്റെ മരണമുണ്ടാകുന്നത്. മരിച്ച മണ്ണിൽ മണ്ണിര പോലും ജീവിക്കുമോ. പിന്നെയെങ്ങനെയാണ് വയനാട്ടിൽ കർഷകർക്ക് പിടിച്ചു നിൽക്കാൻ കഴിയുക. ഇവിടെ നിന്നുമാണ് ഈ നാടിന്റെ തളർച്ചകളെല്ലാം തുടങ്ങുന്നത്. ജൈവ കൃഷി രീതികളും ജൈവ ഉത്പന്നങ്ങളും വ്യാപിക്കുന്നതോടെ ഇതിനായുള്ള വിപണിക്കും അനന്ത സാധ്യതയുണ്ടെന്ന് സുകുമാരനുണ്ണി പറയുന്നു. ■

കെ.സി. ജോൺസൺ

എം.എസ്.എം.ഇ. ഡി.ഐ., തൃശൂർ

# ചരക്ക് സേവന നികുതിയും ചെറുകിട വ്യവസായവും

സൂക്ഷ്മ ചെറുകിട, ഇടത്തരം വ്യവസായ സംരംഭങ്ങളുടെ വികസനത്തിനായി അവയുടെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്കുള്ള വളർച്ചയെ ഉന്നം വച്ച് സീറോ ഡിഫക്ട് സീറോ ഇഫക്ട് പദ്ധതി നിലവിൽ വന്നു. 2016–ൽ നടപ്പിലായ ഇൻസോൾവെൻസി ആന്റ് ബാങ്ക്റപ്റ്റ്സി കോഡ് 2016 സംരംഭകത്വത്തേയും നൂതനത്വത്തേയും പ്രോത്സാഹിപ്പിക്കുന്നു. സ്റ്റാർട്ട് അപ് ഇന്ത്യ പദ്ധതി പുതിയ സംരംഭകരെ ആകർഷിക്കാൻ പര്യാപ്തമാക്കുന്നു. ഇവയെല്ലാം കോർത്തിണക്കി ഭീമമായ വ്യവസായ വളർച്ചയെ സാധ്യമാക്കാൻ ഇതാ ചരക്ക് സേവന നികുതി (ജി.എസ്.ടി.) ജൂലൈ ഒന്നു മുതൽ നടപ്പിലാക്കുവാൻ പോകുന്നു.

ഉല്പന്നങ്ങളുടെ വിതരണ മേഖല കണക്കാക്കി നികുതി നിശ്ചയിക്കുന്ന രീതിയാണ് ജി. എസ്. ടി യിൽ സ്വീകരിച്ചിരിക്കുന്നത്. രാജ്യമൊട്ടാകെ ഏകീകൃത നികുതി ഘടനയാണ് ഇത് ലക്ഷ്യമിടുന്നത്. ജി. എസ്. ടി നിലവിൽ വരുന്നതോടെ 15 ഓളം കേന്ദ്ര-സംസ്ഥാന നികുതികൾ ഇതിൽ ലയിക്കും. റവന്യൂ ന്യൂട്രലൈസേഷൻ മുഖാന്തിരം സാധനവിലയും നികുതി ഭാരവും കുറയും, അതേസമയം നികുതി നഷ്ടം ഇല്ലാതാവും.

ചരക്ക് ഗതാഗത കമ്പനികൾക്ക് വളരെ ഗുണകരമാണ് ഏകീകൃത നികുതി സമ്പ്രദായം. കയറ്റുമതിക്കാർക്ക് നികുതിയിളവ് ഉള്ളതിനാൽ കയറ്റുമതിയിൽ ഗണ്യമായ വളർച്ചയും അന്താരാഷ്ട്ര വിപണിയിൽ കൂടുതൽ കിടപിടിക്കാനുള്ള ശേഷിയും കൈവരുന്നു. ഏകീകൃത നികുതി സമ്പ്രദായം വഴി അതിർത്തികളിലെ നൂലാമാലകൾ ഇല്ലാതാവുന്നു.

ചെറുകിട വ്യവസായത്തെ സംബന്ധിച്ചിടത്തോളം വ്യത്യസ്ഥ നികുതികൾ ഒഴിവാകുന്നതോടെ പുതിയ സംരംഭങ്ങൾ ആരംഭിക്കാൻ എളുപ്പമാണ്. ഇത് വിദേശ സ്വകാര്യ നിക്ഷേപത്തെ ക്ഷണിച്ചു വരുത്തും.

ഏകീകൃത നികുതി സമ്പ്രദായമാവുന്നതോടെ ഇതര സംസ്ഥാനങ്ങളിലേയ്ക്കുള്ള വില്പനയും അവിടെ നിന്നുള്ള വാങ്ങലും സുതാര്യമാകും. ഇത് വിപണിയെ വിപുലമാക്കുന്നു. അതത് വർഷത്തെ നികുതി ക്രെഡിറ്റ് അതേവർഷം ലഭ്യമാക്കുന്നതിൽ പുനർ നിക്ഷേപം എളുപ്പമാക്കുന്നു. എന്നാൽ നികുതിയിളവ് ലഭിക്കാനുള്ള ഇന്നത്തെ പരിധിയായ 1.5 കോടിയിൽ നിന്ന് 20 ലക്ഷമായത് സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായത്തിൽ മ്ലാനത പരത്തിയിട്ടുണ്ട്.■

PRIYA JAYAN
9447073690
9446111210

PRIYAM BAKERS

KATTAPPANA,
IDUKKI DISTRICT

MANUFACTURES OF ALL KINDS OF BAKERY PRODUCTS

## ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഡയറക്ടറേറ്റിന് പുതിയ വിലാസം

തിരുവനന്തപുരം ഹൗസിംഗ് ബോർഡ് ബിൽഡിംഗിൽ പ്രവർത്തിച്ചിരുന്ന ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഡയറക്ടറേറ്റ് പി. എം. ജി. ജംഗ്ഷനു സമീപത്തെ തൊഴിൽ ഭവനിലേയ്ക്ക് മാറ്റി. ഫോൺ: 0471 2303856 (ഡയറക്ടർ), 0471 2303490 (അഡീഷണൽ ഡയറക്ടർ), 0471 2301542 (ജോയിന്റ് ഡയറക്ടർ) വിലാസം: ട്രെയിനിംഗ് ഡയറക്ടറേറ്റ്, തൊഴിൽ ഭവൻ, നാലാം നില, പി. എം. ജി. ജംഗ്ഷൻ, വികാസ് ഭവൻ. പി. ഒ, തിരുവനന്തപുരം- 695033

## കെ. എസ്. ഐ. ഇ കരാർ റദ്ദാക്കി

കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡിന്റെ (കെ. എസ്. ഐ. ഇ) ബ്രാന്റ് നാമത്തിൽ കുടിവെള്ളം (കെ. എസ്. ഐ. ഇ ഫ്രഷ്), വെളിച്ചെണ്ണ (കെ. എസ്. ഐ. ഇ കേര) എന്നിവ നിർമിച്ച് വിതരണം ചെയ്യുന്നതിന് എറണാകുളം കോതമംഗലത്തുള്ള ഹെബ്രോൺ അക്വാ ആന്റ് ഫുഡ്സ് (ഇന്ത്യാ) പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനവുമായി കെ. എസ്. ഐ. ഇ യ്ക്ക് ഉണ്ടായിരുന്ന കരാർ മെയ് 22 മുതൽ റദ്ദാക്കി.

കെ. എസ്. ഐ. ഇ യുടെ ബ്രാന്റ് നാമത്തിൽ കുടിവെള്ളമോ വെളിച്ചെണ്ണയോ മറ്റു ഉത്പന്നങ്ങളോ നിർമിക്കാനോ വിതരണം ചെയ്യാനോ ഈ സ്ഥാപനത്തിന് അധികാരവും അവകാശവും ഇല്ലെന്നും അത്തരം ഉത്പന്നങ്ങളിൽ യാതൊരുവിധ ഉത്തരവാദിത്വവും ഉണ്ടാവില്ലെന്നും കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ജനറൽ മാനേജർ അറിയിച്ചു.



തുണിമില്ലുകളുടെ നവീകരണം സംബന്ധിച്ച റിപ്പോർട്ട് മന്ത്രിമാർക്ക് കൈമാറുന്നു.

## ചന്ദനത്തോപ്പ് ഐ. റ്റി. ഐ യിൽ ബോധവൽകരണം

കൊല്ലം ജില്ലാ വ്യവസായ കേന്ദ്രവും താലൂക്ക് വ്യവസായ ആഫീസും ചേർന്ന് ചന്ദനത്തോപ്പ് ഗവ. ഐ. റ്റി. ഐ. യിൽ സംരംഭകത്വ ബോധവൽകരണ പരിപാടി സംഘടിപ്പിച്ചു. ജില്ലാ വ്യവസായകേന്ദ്രം മാനേജർ കെ. എസ്. ശിവകുമാർ പരിപാടി ഉദ്ഘാടനം ചെയ്തു. ചന്ദനത്തോപ്പ് ഗവ. ഐ. റ്റി. ഐ. പ്രിൻസിപ്പൽ സി. വിജയൻ അദ്ധ്യക്ഷത വഹിച്ചു. ഐ. റ്റി. ഐ. ജനറൽ ഇൻസ്ട്രക്ടർമാരായ ഖലീലുദ്ദീൻ, ഗോപിനാഥൻ, സീനിയർ സൂപ്രണ്ട് ഗോപകുമാർ, ബ്ലോക്ക് വ്യവസായവികസന ആഫീസർ ജോൺ മാത്യു, ഇത്തിക്കര ബ്ലോക്ക് വ്യവസായ വികസന ഓഫീസർ എസ്. ബിജോയി പങ്കെടുത്തു. തുടർന്ന് സംരംഭകത്വ ബോധവത്കരണ ക്ലാസ്സുകൾക്ക് ജില്ലാ വ്യവസായകേന്ദ്രം മാനേജർ കെ. എസ്. ശിവകുമാർ നേതൃത്വം നൽകി.



---

## വെണ്ണിക്കുളത്ത് വ്യവസായ സെമിനാർ

വെണ്ണിക്കുളം ഗവ. പോളി ടെക്നിക്കിൽ കോയിപ്രം ബ്ലോക്ക് ലെവൽ വ്യവസായ സെമിനാർ നടന്നു. കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് നിർമല മാത്യൂസ് ഉദ്ഘാടനം ചെയ്തു. പുറമറ്റം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് റെനി സനിൽ, തിരുവല്ല ഉപജില്ലാ വ്യവസായ ഓഫീസർ എസ്. കെ. ഷമ്മി, കോയിപ്രം ബ്ലോക്ക് മെമ്പർ ജിജി മാത്യു, ഗവ. പോളിടെക്നിക് ലക്ചറർ വർഗീസ് മാത്യു, വ്യവസായ വികസന ഓഫീസർ വി. സുരേന്ദ്രൻ പങ്കെടുത്തു.



സംരംഭകത്വം എന്ന വിഷയത്തെ ആസ്പദമാക്കി തിരുവല്ല മാക്ഫാസ്റ്റ് കോളേജ് പ്രൊഫസർ ഷിബു ഇട്ടി ക്ലാസ് എടുത്തു. തുടർന്ന് പത്തനംതിട്ട ജില്ലാ വ്യവസായകേന്ദ്രം മാനേജർ പി. എൻ. അനിൽകുമാർ വ്യവസായ വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികളെയും ആനുകൂല്യങ്ങളെയും സംബന്ധിച്ച് വിശദീകരിച്ചു. 42 വിദ്യാർത്ഥികളും ചെറുകിട സംരംഭകരും ഉൾപ്പെടെ 50 പേർ സെമിനാറിൽ പങ്കെടുത്തു. ആധുനിക ബാങ്കിംഗ് സംവിധാനം, ഇന്റർനെറ്റ് ബാങ്കിംഗ് എന്നിവയെ സംബന്ധിച്ച് റിട്ട. എസ്. ബി. റ്റി. സാമ്പത്തിക സാക്ഷരത ഉപദേഷ്ടാവ് സംസാരിച്ചു.

## ന്യൂനപക്ഷ വനിതകൾക്ക് സ്വയം തൊഴിൽ വായ്പ

തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം ജില്ലകളിൽ സ്ഥിരതാമസക്കാരായ വനിതകൾക്ക് സംസ്ഥാന വനിതാ വികസന കോർപറേഷന്റെ സ്വയം തൊഴിൽ വായ്പാ പദ്ധതിയിൽ അപേക്ഷിക്കാം. 18 നും 55 നും ഇടയിൽ പ്രായമുള്ള തൊഴിൽ രഹിതരായ വനിതകൾക്ക് വായ്പ ലഭിക്കും. അപേക്ഷാഫോം സംസ്ഥാന വനിതാ വികസന കോർപറേഷന്റെ തിരുവനന്തപുരം വഴുതക്കാട് ഗണപതി ക്ഷേത്രത്തിന് സമീപമുള്ള റീജിയണൽ ഓഫീസിൽ ലഭിക്കും.

ഫോൺ: 0471 2328257, 9496015006

## മൺപാത്രമുണ്ടാക്കുന്നവർക്ക് ധനസഹായം

ഒ. ബി. സി വിഭാഗത്തിലെ കുടുംബ വാർഷികവരുമാനം ഒരു ലക്ഷം രൂപയിൽ താഴെയുള്ള പരമ്പരാഗത മൺപാത്ര നിർമാണ തൊഴിലാളികൾക്ക് തൊഴിൽ അഭിവൃദ്ധിപ്പെടുത്താൻ സംസ്ഥാന പിന്നോക്ക വിഭാഗ വികസന വകുപ്പ് ധനസഹായം നൽകും. അപേക്ഷ ജൂൺ 30 നകം ബന്ധപ്പെട്ട ഓഫീസിൽ ലഭ്യമാക്കണം.

കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, വയനാട്, മലപ്പുറം, പാലക്കാട് ജില്ലകളിലുൾപെട്ടവർ കോഴിക്കോട് മേഖലാ ഓഫീസ് ഡെപ്യൂട്ടി ഡയറക്ടർക്കും തൃശൂർ, എറണാകുളം, കോട്ടയം, ഇടുക്കി, ആലപ്പുഴ, പത്തനംതിട്ട, കൊല്ലം, തിരുവനന്തപുരം ജില്ലയിൽ ഉൾപെട്ടവർ എറണാകുളം മേഖലാ ഓഫീസ് ഡെപ്യൂട്ടി ഡയറക്ടർക്കും അപേക്ഷ നൽകണം. കഴിഞ്ഞ വർഷം അപേക്ഷിച്ചവരിൽ അർഹതയുള്ളവരെ ഈ വർഷം പരിഗണിക്കും. ഫോറത്തിന്റെ മാതൃകയും ഹാജരാക്കേണ്ട രേഖകൾ സംബന്ധിച്ച വിവരങ്ങളും വിലാസവും www.bcdd.kerala.gov.in ൽ ലഭ്യമാണ്. കൂടുതൽ വിവരം പിന്നോക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറേറ്റ്, എറണാകുളം, കോഴിക്കോട് മേഖലാ ഓഫീസുകളിൽ ലഭിക്കും. ഫോൺ: തിരുവനന്തപുരം 0471– 2727379, എറണാകുളം 0484– 2429130, കോഴിക്കോട് 0495– 2377786, ഇ– മെയിൽ obcdirectorate@gmail.com.

## പൊതുമേഖലാ സ്ഥാപനങ്ങളിലെ വേതനം: റിപ്പോർട്ട് ഉടൻ

പൊതുമേഖലാ സ്ഥാപനങ്ങളിലെ വേതന ഘടന സമഗ്രമായി പഠിക്കാൻ വിദഗ്ധ സമിതി രൂപീകരിച്ച് ഉത്തരവായി. പബ്ലിക് സെക്ടർ റീ സ്ട്രക്ചറിംഗ് ആന്റ് ഇന്റേണൽ ഓഡിറ്റ് ബോർഡ് (റിയാബ്) ചെയർമാൻ എം.പി. സുകുമാരൻ നായർ, സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്മെന്റ് ഡയറക്ടർ ജി. സുരേഷ്, എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ഡയറക്ടർ ജനറൽ വി. രാമചന്ദ്രൻ, സംസ്ഥാന ആസൂത്രണ ബോർഡ് വ്യവസായ വിഭാഗം മേധാവി, നികുതി ധനവകുപ്പ് അഡീഷണൽ സെക്രട്ടറിമാർ, തൊഴിൽ വകുപ്പിന്റെയും കോഴിക്കോട് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിന്റെയും പ്രതിനിധികൾ സമിതി അംഗങ്ങളാണ്. റിയാബ് ചെയർമാനാണ് സമിതി അധ്യക്ഷൻ. ഈ മാസം 30 ന് മുമ്പ് സമിതി റിപ്പോർട്ട് സമർപിക്കും.

## ഡോൺ ബോസ്കോ കോളേജിൽ ബോധവൽകരണം

കൊല്ലം ജില്ലാ വ്യവസായകേന്ദ്രവും താലൂക്ക് വ്യവസായ ആഫീസും ചേർന്ന് കൊട്ടിയം ഡോൺ ബോസ്കോ കോളേജിൽ നടത്തിയ സംരംഭകത്വ ബോധവൽകരണ പരിപാടി ജില്ലാ വ്യവസായകേന്ദ്രം മാനേജർ കെ. എസ്. ഷീജ ഉദ്ഘാടനം ചെയ്തു. കൊട്ടിയം ഡോൺ ബോസ്കോ കോളേജ് പ്രിൻസിപ്പൽ ഡോ. വൈ. ജോയി അദ്ധ്യക്ഷത വഹിച്ചു. കോളേജ് ഡയറക്ടർ ഫാ. കെ. സി. വൽസൺ മുഖ്യപ്രഭാഷണം നടത്തി. ഇത്തിക്കര ബ്ലോക്ക് വ്യവസായ വികസന ആഫീസർ എസ്. ബിജോയ്, കൊല്ലം കോർപറേഷനിലെ ജോഷോ ബെന്നറ്റ് ജോൺ, മുഖത്തല ബ്ലോക്ക് വ്യവസായ വികസന ആഫീസർ ജോൺ മാത്യു, കൊമേഴ്സ് വിഭാഗം എച്ച്. ഒ. ഡി. പ്രൊഫ. ആർ റാണി, കൊല്ലം താലൂക്ക് വ്യവസായ ഓഫീസർ യമുന രാഘവൻ പങ്കെടുത്തു. തുടർന്ന് നടന്ന സംരംഭകത്വ ബോധവത്കരണ ക്ലാസ്സുകൾക്ക് ഷഹാറുദ്ദീൻ നേതൃത്വം നൽകി.





സ്ത്രീസൗഹൃദ പഞ്ചായത്ത് പ്രഖ്യാപനവും സെമിനാർ ഉദ്ഘാടനവും മോൻസ് ജോസഫ് എം.എൽ.എ. നിർവഹിക്കുന്നു.

## സ്ത്രീകൾക്കായി സംരംഭകത്വ സെമിനാർ

സ്ത്രീകളുടെ ക്ഷേമത്തിനും ഉന്നമനത്തിനും വേണ്ടി പ്രവർത്തിക്കുന്ന സംഘടനയായ അർച്ചന വിമൻസ് സെന്റർ പ്രവർത്തനം ഗ്രാമങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി കോട്ടയം ജില്ലയിലെ 20 ഗ്രാമ പഞ്ചായത്തുകളുടെ സഹകരണത്തോടെ വിവിധ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. കമ്യൂണിറ്റി ആക്ഷൻ ഗ്രൂപ്പുകൾ രൂപവൽകരിച്ച് സമൂഹത്തിലേക്കിറങ്ങുന്നതിന്റെ ഭാഗമായി മാഞ്ഞൂർ ഗ്രാമപഞ്ചായത്ത് കമ്യൂണിറ്റി ഹാളിൽ സ്ത്രീ സൗഹാർദ്ദ പഞ്ചായത്ത് പ്രഖ്യാപനവും സംരംഭകത്വ സെമിനാറും നടത്തി.



കടുത്തുരുത്തി എം. എൽ. എ മോൻസ് ജോസഫ് സ്ത്രീ സൗഹാർദ്ദ പഞ്ചായത്ത് പ്രഖ്യാപനം നടത്തി. അർച്ചന ഡയറക്ടർ സിസ്റ്റർ ത്രേസ്യാമ്മ മാത്യു അധ്യക്ഷയായി. സ്ത്രീകളുടെ പുരോഗതി വഴി കുടുംബവും സമൂഹവും മെച്ചപ്പെടുന്നതിന് ചെറുകിട സംരംഭങ്ങൾ വഹിക്കുന്ന പങ്കിനെപ്പറ്റി മോൻസ് ജോസഫ് സംസാരിച്ചു. കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ ചെറുകിട സംരംഭ വികസനത്തിനായി വ്യവസായ വാണിജ്യ വകുപ്പ് വഴി നടപ്പിലാക്കുന്ന വിവിധ പദ്ധതികളെപ്പറ്റി ളാലം ബ്ലോക്ക് വ്യവസായ വികസന ഓഫീസർ ലോറൻസ് മാത്യു ക്ലാസ്സെടുത്തു. മാഞ്ഞൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജോൺ നീലം പറമ്പിൽ, മഞ്ചു അജിത്ത്, പോൾസൺ, ഗ്ലോറി മാത്യു, സുനു ജോർജ് സംബന്ധിച്ചു.

## റബ്ബർ: സർവകക്ഷി സംഘം പ്രധാനമന്ത്രിയെ കാണും

കേരളത്തിലെ റബ്ബർ മേഖല നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിന് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സർവകക്ഷി സംഘം പ്രധാനമന്ത്രിയെ കാണും. സർക്കാരിന്റെ ഒന്നാം വാർഷികാഘോഷ ഭാഗമായി സംഘടിപ്പിച്ച കാർഷിക സെമിനാർ കോട്ടയത്ത് ഉദ്ഘാടനം ചെയ്ത കൃഷിമന്ത്രി വി. എസ്. സുനിൽ കുമാറാണ് ഇക്കാര്യം അറിയിച്ചത്.

കർഷകർക്ക് മികച്ച വരുമാനം നേടി കൊടുത്തിരുന്ന റബ്ബർ കൃഷി ഇന്ന് നേരിടുന്ന പ്രതിസന്ധി പ്രധാനമന്ത്രിയെ ധരിപ്പിക്കും. വിലത്തകർച്ചയെത്തുടർന്ന് കർഷകർ ഈ മേഖലയിൽ തുടരാനാകാത്ത അവസ്ഥയിലാണ്. റബ്ബർ ഉല്പാദനവും വരുമാനവും ഗണ്യമായി കുറഞ്ഞ സാഹചര്യത്തിൽ ഈ മേഖലയുടെ സുസ്ഥിര പരിരക്ഷയ്ക്കുള്ള നടപടികൾ പ്രധാനമന്ത്രിയിൽ നിന്നും സംസ്ഥാന സർക്കാർ ഉറപ്പുവരുത്തും. റബ്ബർ മേഖലയുടെ സംരക്ഷണത്തിനുള്ള സംസ്ഥാന സർക്കാർ ശ്രമങ്ങളുടെ ഭാഗമായി കിഫ്ബിയുടെ സഹായത്തോടെ കോട്ടയത്ത് ഒരു റബ്ബർ അധിഷ്ഠിത അഗ്രോ പാർക്ക് സ്ഥാപിക്കുമെന്നും മന്ത്രി പറഞ്ഞു. ലോകോത്തര നിലവാരത്തിലുള്ള റബ്ബർ ഉല്പന്നങ്ങൾ നിർമിക്കുന്നതിനുള്ള സൗകര്യങ്ങൾ ഇവിടെ ഒരുക്കും. മറ്റ് വിളകളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള സംവിധാനങ്ങളും മെച്ചപ്പെടുത്തും. ഉല്പന്നങ്ങളുടെ ലഭ്യത, ഉല്പാദന ക്ഷമത എന്നിവ സംബന്ധിച്ച് പഠനം നടത്തി കൂടുതൽ ചിട്ടപ്പെടുത്തിയ മാർക്കറ്റിംഗ് സംവിധാനം ഏർപ്പെടുത്താനും നടപടി ഉണ്ടാകും. കാർഷികോത്പന്നങ്ങൾ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കുന്നതിനുള്ള പരിമിതികൾ മറി കടക്കാൻ പ്രത്യേക നയങ്ങളും സർക്കാർ രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി പഞ്ചായത്തുകളിൽ മൂല്യ വർദ്ധിത ഉല്പന്ന യൂണിറ്റ് തുടങ്ങുമെന്നും മന്ത്രി അറിയിച്ചു.

---

## കണ്ണൂർ വിമാനത്താവളം സെപ്തംബറിൽ

കണ്ണൂർവിമാനത്താവളം സെപ്തംബറിൽ ഉദ്ഘാടനം ചെയ്യും. മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ ചേർന്ന ഡയറക്ടർ ബോർഡ് യോഗത്തിലാണ് തീരുമാനം.

ഉദ്ഘാടനത്തിനു മുന്നോടിയായി ഓരോ മാസവും ചെയ്യേണ്ട കാര്യങ്ങളുടെ ആക്ഷൻപ്ലാൻ തയ്യാറാക്കി പ്രവർത്തനം ഊർജിതമാക്കാൻ മുഖ്യമന്ത്രി നിർദ്ദേശിച്ചു. വിമാനത്താവളത്തിൽ എം. ആർ. ഒ (മെയിന്റനൻസ് റിപ്പയർ ആന്റ് ഓവർഹൗൾ) ആരംഭിക്കും. വിമാനത്താവളത്തിന്റെ സി. എസ്. ആർ (കോർപറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി) പോളിസി യോഗം അംഗീകരിച്ചു. ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി ടിക്കാറാം മീണയെ ബോർഡിൽ ഉൾപ്പെടുത്താനും യോഗം തീരുമാനിച്ചു. മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി, എം. എ. യൂസഫലി, എയർപോർട്ട് മാനേജിംഗ് ഡയറക്ടർ വി. തുളസീദാസ് യോഗത്തിൽ പങ്കെടുത്തു.

**Pro: MANU VARGHESE**
**9847847838**

**M/s GOLDEN FOOD PRODUCTS**

**VAZHITHALA, THODUPUZHA**
*email: goldenfoodsvzt@gmail.com*
*MANUFACTURERS OF HALF COOKED CHAPATHY*



പുസ്തകം 50 ലക്കം 1 ജൂൺ 2017
Volume 50 Issue 1 June 2017

# വിഴിഞ്ഞം സമയബന്ധിതമായി പൂർത്തിയാക്കും: മുഖ്യമന്ത്രി

കേരളത്തിന്റെ സ്വപ്നമായ വിഴിഞ്ഞം പദ്ധതി സഫലമാക്കുന്നതിനാണ് സർക്കാർ മുൻഗണന നൽകുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ ബെർത്ത് നിർമാണോദ്ഘാടനം മുല്ലൂരിലെ പദ്ധതിപ്രദേശത്ത് നിർവഹിക്കുകയായിരുന്നു അദ്ദേഹം.

തുറമുഖം പൂർണ സജ്ജമാകുമ്പോൾ രാജ്യത്തെ കപ്പൽ വ്യവസായ മേഖലയിൽ വൻ കുതിച്ചു ചാട്ടമുണ്ടാകും. അതിനനുസരിച്ച് കേരളത്തിന്റെ വികസന വഴികളും വൻതോതിൽ തുറക്കപ്പെടും. അഴിമതിയുടെ പഴുതുകൾ അടച്ചു കൊണ്ടായിരിക്കും പദ്ധതി നടപ്പാക്കുക. ലോകത്ത് ഇന്ന് നിലവിലുള്ള ഏറ്റവും വലിയ കപ്പലിന് വരെ നങ്കൂരമിടാൻ കഴിയുന്ന വിധത്തിലാണ് ബെർത്ത് നിർമിക്കുന്നത്. നിർമാണം ഈ രീതിയിൽ പുരോഗമിച്ചാൽ കണ്ടെയ്നർ വഴിയുള്ള ആഗോളവിപണന സാധ്യതകളിലേയ്ക്ക് അധികം വൈകാതെ വിഴിഞ്ഞം വഴിതുറക്കും. 10,000 ടി. ഇ. യു വിന് മുകളിലുള്ള കപ്പലുകളിലേയ്ക്ക് ചരക്ക് ഗതാഗതം മാറുന്ന സ്ഥിതിയാണ് ലോകമാകെ. ചരക്ക് ഗതാഗതത്തിൽ രാജ്യത്തിന്റെ തന്നെ പരിമിതികൾ മറികടക്കാൻ വിഴിഞ്ഞത്തിനാകും. നാടിന്റെ അനന്തമായ സാധ്യതകൾ പൂർണമായും ഉപയോഗപ്പെടുത്തും. ദേശീയപാത, വിമാനത്താവളം, റെയിൽവേ സ്റ്റേഷൻ തുടങ്ങിയവയുമായുള്ള വിഴിഞ്ഞത്തിന്റെ സാമീപ്യം രാജ്യത്തെ പല തുറമുഖങ്ങൾക്കും അവകാശപ്പെടാനാകില്ല. വിഴിഞ്ഞത്തെ അന്താരാഷ്ട്ര ഹബ്ബാക്കാനുള്ള അനുകൂലഘടകം ഇതു മൂലമുണ്ട്. പദ്ധതിക്ക് മികച്ച അടിസ്ഥാന സൗകര്യങ്ങളൊരുക്കാനുള്ള നടപടികളും സർക്കാർ കാര്യക്ഷമമായി കൈക്കൊള്ളുന്നുണ്ട്. ദേശീയപാത 66 മായി തുറമുഖത്തെ ബന്ധിപ്പിക്കൽ, റെയിൽ പാതയുമായി ബന്ധമൊരുക്കാൻ 12 കിലോമീറ്റർ റെയിൽവേ ലൈൻ, വൈദ്യുതി എത്തിക്കൽ എന്നിവയ്ക്ക് സർക്കാർ നടപടികളെടുത്തിട്ടുണ്ട്. ജലപരിചരണ പ്ലാന്റ് പ്രദേശവാസികൾക്കു കൂടി പ്രയോജനപ്പെടും വിധത്തിൽ പ്രവർത്തനസജ്ജമാക്കിയതായും പദ്ധതിക്കുള്ള പിന്തുണ നാട്ടുകാരിൽ നിന്ന് നല്ല രീതിയിൽ ലഭിച്ചിട്ടുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു. മത്സ്യബന്ധന തുറമുഖം, സീഫുഡ് പാർക്ക്, നൈപുണ്യ വികസനം, ശുചീകരണ പദ്ധതികൾ, ഖരമാലിന്യ നിർമാർജനം, ആരോഗ്യ വിദ്യാഭ്യാസ പദ്ധതികൾ തുടങ്ങി സാമൂഹികക്ഷേമം മുൻനിർത്തിയുള്ള പദ്ധതികളും പ്രദേശത്ത് നടപ്പാക്കുമെന്ന് മുഖ്യമന്ത്രി അറിയിച്ചു.



**വിഴിഞ്ഞത്ത് ബർത്ത് നിർമാണം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു.**

തുറമുഖവകുപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി അധ്യക്ഷത വഹിച്ചു. അദാനി പോർട്ട്സ് സി. ഇ. ഒ കരൺ അദാനി മുഖ്യാതിഥിയായിരുന്നു. റവന്യൂമന്ത്രി ഇ. ചന്ദ്രശേഖരൻ, സഹകരണ- ടൂറിസം മന്ത്രി കടകംപള്ളി സുരേന്ദ്രൻ, എം. വിൻസെന്റ് എം. എൽ. എ, മേയർ വി. കെ. പ്രശാന്ത്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി. കെ. മധു സംബന്ധിച്ചു. വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് സി. ഇ. ഒ. ഡോ. ജയകുമാർ റിപ്പോർട്ട് അവതരിപ്പിച്ചു. തുറമുഖ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 800 മീറ്റർ നീളമുള്ള ബെർത്താണ് നിർമിക്കുന്നത്. ഇതിലൂടെ വലിയ കണ്ടെയ്നർ വാഹിനിക്കപ്പലുകൾക്ക് അടുക്കുവാനും കാര്യക്ഷമമായി ചരക്ക് കൈകാര്യം ചെയ്യാനും കഴിയും. ബെർത്തിനായി 1.2 മീറ്റർ മുതൽ 1.5 മീറ്റർ വരെ വ്യാസമുള്ള 600 ഓളം പൈലുകളാണ് കടൽത്തട്ടിൽ താഴ്ത്തുന്നത്. 2019 ഡിസംബറോടെ തുറമുഖത്തിന്റെ ഒന്നാംഘട്ട നിർമാണം പൂർത്തീകരിക്കും.

# ആദ്യമൊബൈൽ ആപ്ലിക്കേഷൻ ഇൻകുബേഷൻ സെന്റർ കോഴിക്കോട്

രാജ്യത്തെ ആദ്യ മൊബൈൽ ആപ്ലിക്കേഷൻ ഇൻകുബേഷൻ സെന്റർ കോഴിക്കോട് ഗവ. സൈബർ പാർക്കിൽ സ്ഥാപിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അറിയിച്ചു. മലബാർ മേഖലയിലെ ആദ്യത്തെ ഇൻഫർമേഷൻ ടെക്നോളജി പാർക്കായ കോഴിക്കോട് ഗവ. സൈബർ പാർക്കിന്റെ പ്രഥമ ഐ. ടി കെട്ടിടം സഹ്യ ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

ഇന്റർനെറ്റ് രംഗത്തെ വ്യവസായികളുടെ കൂട്ടായ്മയായ ഇന്റർനെറ്റ് ആന്റ് മൊബൈൽ അസോസിയേഷൻ ഓഫ് ഇന്ത്യയാണ് കോഴിക്കോട് സൈബർ പാർക്കിൽ മൊബൈൽ ആപ്ലിക്കേഷൻ ഇൻകുബേഷൻ സെന്റർ സ്ഥാപിക്കുന്നത്. സൈബർ പാർക്കിൽ അതിനുവേണ്ടി പതിനായിരം ചതുരശ്ര അടി സ്ഥലം അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ലോക നിലവാരത്തിലുള്ള മൊബൈൽ ആപ്ലിക്കേഷൻ ഉണ്ടാക്കുന്നതിന് സ്റ്റാർട്ടപ്പ് സംരംഭകർക്ക് മാർഗനിർദേശവും പരിശീലനവും നൽകുന്നതിന് ഇൻകുബേഷൻ സെന്റർ സഹായിക്കും. പുതിയ ആപ്ലിക്കേഷനുകൾ പരീക്ഷിക്കുന്നതിനും വിജയിക്കുന്ന ആപ്ലിക്കേഷനുകൾ ആഗോളതലത്തിൽ വിപണിയിലെത്തിക്കുന്നതിനും ഐ. എ. എം. എ ഐയുടെ ഇൻക്യുബേറ്റർ സഹായിക്കും.

സംസ്ഥാനത്തെ ഗവ. ഐ. ടി. പാർക്കുകളിൽ പൊതു വൈഫൈ സൗകര്യം ആദ്യമായി കോഴിക്കോട് നടപ്പാക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. ഐ. ടി. ഉപയോഗിച്ച് സർക്കാർ സാധാരക്കാരുടെ ജീവിത നിലവാരം ഉയർത്തുകയും തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യും. പുതിയ ആശയങ്ങളുമായി മിടുക്കരും വിദഗ്ദ്ധരുമായ ധാരാളം ചെറുപ്പക്കാർ ഐ. ടി. സംരംഭങ്ങൾക്ക് മുന്നോട്ടു വരുന്നുണ്ട്. അവർക്ക് സാങ്കേതികവിദ്യ അടിസ്ഥാനമാക്കി നവീന ഉല്പന്നങ്ങൾ രൂപകൽപന ചെയ്യാനും ഐ. ടി യിലൂടെ പുതിയ സേവന വഴികൾ കണ്ടെത്താനും കേരള സ്റ്റാർട്ടപ് മിഷൻ എല്ലാവിധ പ്രോത്സാഹനവും നൽകും. കോളേജുകളിൽ നിന്ന് സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ പുതിയ ആശയങ്ങൾ ഉയർന്നു വരുന്നതിന് കേരള സ്റ്റാർട്ടപ് മിഷൻ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി വരികയാണ്. ഇതിനകം 200 ഓളം കോളേജുകളിൽ സ്റ്റാർട്ടപ് മിഷൻ സംരംഭകത്വ വികസന സെല്ലുകൾ രൂപീകരിച്ചിട്ടുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു.



ഐ. ടി. രംഗത്ത് മലബാറിന്റെയാകെ വളർച്ചയ്ക്ക് സർക്കാർ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കണ്ണൂർ, കാസർഗോഡ് എന്നിവിടങ്ങളിലും ഐ. ടി. പാർക്കുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചു വരികയാണ്. കോഴിക്കോടിനെ പ്രധാന ഐ. ടി. കേന്ദ്രമാക്കി മാറ്റുന്നതിന് ഈ മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളെയും ഐ. ടി പാർക്കുകളെയും കേരള സ്റ്റാർട്ടപ് മിഷന്റെ നേതൃത്വത്തിലുള്ള സ്റ്റാർട്ടപ്പുകളെയും സർക്കാർ ഫലപ്രദമായി ഏകോപിപ്പിക്കും. കോഴിക്കോട്ടെ യു. എൽ സൈബർ പാർക്കിൽ അഞ്ച് ലക്ഷം ചതുരശ്ര അടി സ്ഥലമാണ് ഐ. ടി. കമ്പനികൾക്ക് വേണ്ടി ഒരുക്കിയിട്ടുള്ളത്. 24 കമ്പനികൾ ഇപ്പോൾ അവിടെ പ്രവർത്തിക്കുന്നുണ്ട്. ഗവ. സൈബർ പാർക്കിൽ ഏകദേശം മൂന്ന് ലക്ഷം ചതുരശ്ര അടി വിസ്തീർണമുള്ള കെട്ടിടത്തിൽ 2500 പേർക്ക് നേരിട്ട് തൊഴിൽ ലഭിക്കുമെന്നാണ് സർക്കാർ കണക്കാക്കുന്നത്. അതിന്റെ മൂന്നിരട്ടി പേർക്ക് പരോക്ഷമായും തൊഴിൽ ലഭിക്കും. അടിസ്ഥാന സൗകര്യങ്ങൾ പങ്കുവെക്കുന്നതിൽ യു. എൽ. സൈബർ പാർക്കും സർക്കാർ സൈബർ പാർക്കും സഹകരിച്ച് പ്രവർത്തിക്കുമെന്നും മുഖ്യമന്ത്രി അറിയിച്ചു. രാമനാട്ടുകര- തൊണ്ടയാട് ബൈപാസിനോട് ചേർന്ന് 43.5 ഏക്കറിലെ ഗവ. സൈബർ പാർക്കിലാണ് സഹ്യയുടെ നിർമാണം പൂർത്തീകരിച്ചത്. ഐ ടി. വ്യവസായ വികസനത്തിന് ഉതകുന്ന എല്ലാവിധ അടിസ്ഥാന സൗകര്യങ്ങളുമുള്ള ബിസിനസ് സെന്ററുകളാണ് സഹ്യ നൽകുന്നത്.

# കൊച്ചിയിൽ  ബി. പി. സി. എല്ലിന്റെ സ്റ്റാർട്ടപ് ഇൻകുബേറ്റർ



ഭാരത് പെട്രോളിയം കോർപറേഷൻ (ബി.പി. സി. എൽ)കേരള സ്റ്റാർട്ടപ് മിഷനുമായി സഹകരിച്ച് കൊച്ചിയിൽ സ്റ്റാർട്ടപ് ഇൻകുബേറ്റർ സംവിധാനമൊരുക്കും. ഇതു സംബന്ധിച്ച ധാരണാപത്രത്തിൽ ഇരു സ്ഥാപനങ്ങളും ഒപ്പിട്ടു. കേരളത്തിലെ സ്റ്റാർട്ടപ് സംരംഭകരുടെ നവീന ആശയങ്ങൾ വികസിപ്പിക്കാൻ ബി. പി. സി. എൽ സാമ്പത്തിക- സാങ്കേതിക സഹായം നൽകും. ഊർജത്തിലും അനുബന്ധ മേഖലകളിലുമായിരിക്കും പ്രധാനമായും ബി. പി. സി. എല്ലിന്റെ സഹായം. സ്റ്റാർട്ടപ്പുകളിൽ നിന്ന് വികസിക്കുന്ന സാങ്കേതിക വിദ്യയും ഉത്പന്നങ്ങളും ബി.പി. സി. എൽ പ്രയോജനപ്പെടുത്തും. സ്റ്റാർട്ടപ് പ്രോത്സാഹിപ്പിക്കുന്നതിനും വളർത്തുന്നതിനും മിഷന്റെ സഹായത്തോടെ ബി. പി. സി. എല്ലിൽ ശില്പശാലകൾ നടത്തും. മിഷന്റെ മേൽനോട്ടത്തിൽ കോളേജുകളിൽ പ്രവർത്തിക്കുന്ന ഐ. ഇ. ഡി. സി. വഴി യുവ സംരംഭകർക്ക് സഹായം തേടാം. സ്റ്റാർട്ടപ് മിഷൻ കൺവീനർ ഡോ. സജി ഗോപിനാഥും ബി. പി. സി. എൽ ജനറൽ മാനേജർ അരവിന്ദ് കൃഷ്ണസ്വാമിയുമാണ് ധാരണാപത്രത്തിൽ ഒപ്പുവച്ചത്.

വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി പോൾ ആന്റണി, ഐ. ടി. സെക്രട്ടറി എം. ശിവശങ്കർ, ബി. പി. സി. എൽ (ന്യൂ ബിസിനസ് ഡവലപ്മെന്റ്) പ്രമോദ് ശർമ സംബന്ധിച്ചു.



## സ്റ്റാർട്ടപ് ആനുകൂല്യം ഏഴ് വർഷമാക്കി

പ്രവർത്തനം തുടങ്ങി ഏഴ് വർഷം വരെ പ്രായമായ കമ്പനികൾക്കു കൂടി സ്റ്റാർട്ടപ് ഇന്ത്യ ആക്ഷൻ പ്ലാൻ അനുസരിച്ചുള്ള ആനുകൂല്യങ്ങൾ ഇനി ലഭിക്കും. നേരത്തെ അഞ്ച് വർഷമായിരുന്നു കേന്ദ്രസർക്കാർ നിശ്ചയിച്ചിരുന്ന കാലയളവ്. 25 കോടി വരെ വിറ്റുവരവുള്ള കമ്പനികൾക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കും.



## ചെറുകിടക്കാർക്ക് സാമൂഹിക സുരക്ഷാ പദ്ധതി

സർക്കാർ സഹായത്തോടെ സംസ്ഥാന ചെറുകിട വ്യവസായ അസോസിയേഷൻ ചെറുകിട വ്യവസായികളുടെ ക്ഷേമം ലക്ഷ്യമാക്കി സാമൂഹിക സുരക്ഷാ പദ്ധതി ആവിഷ്കരിച്ചു. പദ്ധതിയിൽ ചേരുന്നയാൾക്ക് 70 വയസ്സിനകം ജീവഹാനി സംഭവിച്ചാൽ കുടുംബത്തിന് 10 ലക്ഷം രൂപ ധനസഹായം ഈ പദ്ധതി ഉറപ്പു നൽകുന്നു. മാരകമായ അസുഖ ബാധിതർക്ക് ചികിത്സാ ധനസഹായമായി രണ്ടു ലക്ഷം രൂപയും അനുവദിക്കും. പദ്ധതിഭാഗമായി 29 കുടുംബങ്ങൾ ഇതിനകം മരണാനന്തര സഹായമായി 2.69 കോടി രൂപയും ചികിത്സാ സഹായമായി 60 പേർക്ക് 69 ലക്ഷം രൂപയും അനുവദിച്ചതായി കെ. എസ്. എസ്. ഐ. എ. അറിയിച്ചു.

# മൂന്നാർ

## മികച്ച പ്രണയ വിനോദകേന്ദ്രം

രാജ്യത്തെ മികച്ച പ്രണയ വിനോദ സഞ്ചാര കേന്ദ്രമായി ലോൺലി പ്ലാനറ്റ് മാഗസിൻ ഈ വർഷം തിരഞ്ഞെടുത്തത് മൂന്നാറിനെ. ടൂറിസം ഡയറക്ടർ പി.ബാലകിരൺ നടി ഡയാന പെന്റിയിൽ നിന്ന് പുരസ്കാരം സ്വീകരിച്ചു. ലോൺലി പ്ലാനറ്റ് മാഗസിന്റെ ഇന്ത്യ ട്രാവൽ അവാർഡിലാണ് മൂന്നാർ ഒന്നാം സ്ഥാനത്തെത്തിയത്. യാത്രാനുഭവത്തെ അടിസ്ഥാനമാക്കി സഞ്ചാരികളുടെ അഭിപ്രായം രേഖപ്പെടുത്തിയശേഷം വിദഗ്ദ്ധ സമിതി പ്രത്യേക മാനദണ്ഡങ്ങളനുസരിച്ച് ഓൺലൈൻ വോട്ടെടുപ്പിലൂടെയാണ് പുരസ്കാരം നിർണയിച്ചത്.



# CK'S PRODUCTS

## നൂതനാശയത്തിന്റെ കരുത്തിൽ ഒരു സംരംഭം







Product Certification

11315007000293

## വൈവിധ്യമേറിയതും നൂതനവുമായ ഉൽപ്പന്നങ്ങൾ







### CK'S LIFE 1917

ചപ്പാത്തി, ബ്രെഡ്, പത്തിരി, പൊറോട്ട തുടങ്ങിയവയെല്ലാം പുതുമയും രുചിയും നഷ്ടപ്പെടാതെ 5 ദിവസം മുതൽ 7 ദിവസം വരെ സൂക്ഷിക്കുന്നു




**ഓർഗാനിക്, ആർട്ടിഫിഷ്യൽ പ്രിസർവേറ്റീവുകൾ:**

ദോശ, ഇഡ്ഡലി, നീര തുടങ്ങിയ ഭക്ഷ്യ വസ്തുക്കൾ കേടു കൂടാതെ ഇരിക്കുന്നതിന് 45 ഓളം ഓർഗാനിക്, ആർട്ടിഫിഷ്യൽ പ്രിസർവേറ്റീവുകൾ കമ്പനി ലഭ്യമാക്കുന്നു.



**ഫുഡ് ഫ്ളേവറുകൾ/ ഓയിൽ പ്രിസർവേറ്റീവുകൾ:**

വാനില, പൈനാപ്പിൾ, ഓറഞ്ച്, സ്ട്രോബെറി തുടങ്ങിയ ഭക്ഷ്യ വസ്തുക്കൾക്ക് സ്വാദും നിറവും നൽകുന്ന വിവിധ ഫുഡ് ഫ്ളേവറുകളും എണ്ണയുടെ രുചിയും മണവും നഷ്ടപ്പെടാതെ സൂക്ഷിക്കുന്ന ആന്റി ഓക്സിഡന്റുകളും വിപണിയിലെത്തിക്കുന്നു.




സംസ്ഥാനത്തെ ഭക്ഷ്യ വിപണിയിലെ ചെറുകിട ഉൽപാദകർക്കും ഐസ്ക്രീം കമ്പനികൾക്കും, ചപ്പാത്തി, ദോശ, ഇഡ്ഡലി, നീര യൂണിറ്റുകൾക്കുമൊക്കെ പ്രിസർവേറ്റീവുകൾ ആരോഗ്യകരമായി ഉപയോഗിക്കുന്നതിനുള്ള നിർദേശങ്ങൾ സ്ഥാപനം ലഭ്യമാക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് സമീപിക്കുക. **0484 - 2781771, 9400304935.**

Mfd & Mktd by:

**CK'S PRODUCTS**
KRA-3, Karuna Nagar
Choice Road, Tripunithura, Kochi-682 301
Phone: 0484 - 2781971, +91 9895791971
Email:ckspermium@gmail.com
www.cksproducts.in

Regn.No.KL/TV(N)/183/2016-2018
Volume 50 Issue 1
June 2017

# Vyavasaya Keralam
MONTHLY

₹ 30
R.N.I 29441/77
Date of publication-2nd June 2017




Printed and Published by the Kerala Bureau of Industrial Promotion (K-Bip)
on behalf of the Director of Industries & Commerce, Govt. of Kerala, Vikasbhavan, Thiruvananthapuram.
Printed at Sterling Print House (P) Ltd., Door No.49/1849, Ponekkara- cheranelloor Road, AIMS Ponekkara (PO), Cochin-682041

Editor: V.P. Aswathy